സമസ്താലയം
ചേളാരി / തേഞ്ഞിപ്പലം
മലപ്പുറം - 673 636 / കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

# സുന്നി അഫ്കാർ

1432 മുഹർറം 23 / 2010 ഡിസംബർ 29 / പുസ്തകം 01 ലക്കം 16

08 **നേർവഴി**
പ്രബോധകൻ

21 **ഇസ്‌ലാമിക പാരമ്പര്യത്തിലെ ഏകാത്മകതയും വൈരുധ്യവും**
സയ്യിദ് ഹുസൈൻ നസ്ർ

25 **മദ്ഹബുകൾക്കിടയിലെ സൗഹൃദചിന്ത**
ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി

28 **ടോയ്‌ലെറ്റ് ലിറ്ററേച്ചർ**
ബഷീർ കാട്ടുമുണ്ട

30 **തിരുമൊഴി**
ജലീൽ ഫൈസി പുല്ലങ്കോട്

**വായനക്കാരുടെ എഴുത്തുകൾ**
**എഡിറ്റോറിയൽ**
**വാർത്തകൾ**
**വിചാരപഥം**



പരസ്യം കൊടുത്ത് വലിയ കൊട്ടിഘോഷങ്ങളില്ലാത്ത ചികിത്സാകേന്ദ്രമാണ് കൊടപ്പനക്കൽ വീട്. കേരള മുസ്‌ലിംകളുടെ ഹൃദയനോവുകളെ പതിറ്റാണ്ടുകളായി പാണക്കാട്ടെ മരുന്നും മന്ത്രവും കഴുകിക്കളയുന്നു. അത്യപൂർവ്വമായ ദർശ സൗഭാഗ്യം പ്രതീക്ഷിച്ചെത്തുന്നവർക്ക് ഇവിടത്തെചായ തന്നെ ഔഷധമായിമാറുന്നു.

***കെപി കുഞ്ഞിമ്മൂസ***

## പാണക്കാട്ടെ ഉറുക്കും മന്ത്രവും 09



ആദ്, സമൂദ് വിഭാഗം ഉയർത്തിയ മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിലൂടെ ഹൂദ് നബിയും, സ്വാലിഹ് നബിയും വിശ്വവിമോചകരായിത്തീരുന്നു. മാനവിക സംസ്കൃതിയെ വെല്ലുവിളിച്ച സ്വവർഗ രതിക്കാരിൽ നിന്ന് സാംസ്കാരിക ഭൂമികയെ രക്ഷിച്ച ലൂത്വ് നബി(അ)മിനെ ചരിത്രം പറഞ്ഞുതന്നിട്ടുണ്ട്.

***പിണങ്ങോട് അബൂബക്ർ***

## പുതിയ ആഹ്വാനങ്ങൾ ഏറ്റെടുക്കുക 13



രാജ്യത്തിന്റെ സുരക്ഷക്കും സ്വത്വവും സംസ്കാരവും പൈതൃകവും സംരക്ഷിക്കാൻ മുസ്‌ലിം കുടിയേറ്റം കർശനമായി നിർത്തിവെപ്പിക്കണമെന്ന ആവശ്യവുമായി നവംബറിലെ തെരഞ്ഞെടുപ്പിനായി കാത്തിരിക്കുകയാണ് ഒക്‌ലഹോമയിലെ അമേരിക്കൻ ഫാമിലി അസോസിയേഷൻ.

***ഇജാസ് ഹസൻ കിണാശ്ശേരി***

## 9/11-നു ശേഷം മുസ്‌ലിം അമേരിക്ക 17

**managing director** panakkad sayyed haidarali shihab thangal

**chief editor**
prof. k alikutti musliyar
**general manager**
abdussamad pookkotur
**executive director**
haji k mammad faizy
**publisher**
mpm hassan shareef kurikkal
**executive editor**
pp muhammed faizy
**editor**
vengoor salahudin rahmani
**circulation**
cp iqbal
**cover**
shamseer
**layout / typesetting**
hameed melmuri



കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com

## വായനക്കാരുടെ എഴുത്തുകൾ

# അയലത്തെ വിശേഷങ്ങൾ അവഗണിച്ചുകൂടാ

**മൊയ്തു റഹ്മാനി തിരുവള്ളൂർ**
വടകര, കോഴിക്കോട്

നമ്മുടെ നിത്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് അയൽക്കർ. നാം ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തേണ്ടിവരുന്നത് അയൽവാസികളോടാണ്. നമുക്ക് വന്നുചേരാവുന്ന വിഷമഘട്ടങ്ങളിൽ സഹായാഭ്യർത്ഥനയുമായി ആദ്യം സമീപിക്കുന്നതും അയൽവാസികളെയാണ്.

ഏതൊരു കാര്യത്തിലും അയൽവാസിയെ പരിഗണിക്കണമെന്നാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. ഒരുനിലക്കും നാമവരെ നിന്ദ്യരായി കാണുകയോ അവഹേളിക്കുകയോ ചെയ്യരുത്. ചിലപ്പോൾ കുടുംബക്കാരേക്കാൾ നമുക്ക് ഉപകരിക്കുന്നതും അയൽവാസികളായിരിക്കും. ദേഷ്യത്തോടെയുള്ള പെരുമാറ്റം പോലും അയൽപക്ക ബന്ധത്തിന് മങ്ങലേൽപ്പിക്കും. അവർ ശകാരിച്ചാൽ ക്ഷമിച്ചും സഹിച്ചും അവരുമായി ഇടപഴകണമെന്നാണ് ഇസ്‌ലാമികാധ്യാപനം.

നബി(സ) പറഞ്ഞു: "അയൽവാസികൾ മൂന്നു തരമുണ്ട്. ബന്ധുവായ മുസ്‌ലിം, ബന്ധുവല്ലാത്ത മുസ്‌ലിം, വിശ്വാസത്തിലും സാഹോദര്യത്തിലും സഹകരിക്കുന്ന മുസ്‌ലിം.

നമ്മുടെ അയൽവാസി അമുസ്‌ലിമാണെങ്കിൽ നാമവരെ നിസ്സാരമായി കാണാൻ പാടുള്ളതല്ല. അവരോട് സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും സൗഹാർദത്തിലുമാണ് കഴിഞ്ഞുകൂടേണ്ടത്. ബന്ധങ്ങൾക്കിടയിൽ മതിൽകെട്ടുകൾ തീർത്താൽ ഭാവിയിൽ വലിയ ഭവിഷ്യത്തും കുഴപ്പങ്ങളുമായിരിക്കും അഭിമുഖീകരിക്കേണ്ടിവരിക.

അയൽപക്കബന്ധ ശിഥിലീകരണം പടർന്ന് പിടിച്ചുകൊണ്ടിരിക്കുകയാണ്. കിട്ടുന്നിടത്തെല്ലാം അയൽവാസിയെ തെറിയഭിഷേകം ചെയ്ത് പോരടിക്കുന്ന ആധുനികർ തങ്ങൾ മറ്റുള്ളവരോട് നിറവേറ്റേണ്ട ബാധ്യതകളെക്കുറിച്ചും കടപ്പാടുകളെക്കുറിച്ചും അശ്രദ്ധരായിരിക്കുകയാണ്.

മിഖ്ദാദുബ്നു അസ്‌വദ്(റ) പറയുന്നു: തിരുനബി അനുചരരോട് ചോദിച്ചു: "വ്യഭിചാരത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?" അവർ പറഞ്ഞു: "അല്ലാഹുവും തിരുദൂതരും നിരോധിച്ച കാര്യമാണ്. അന്ത്യനാൾ വരെ അത് നിഷിദ്ധം തന്നെ!" ഇതു കേട്ട നബി(സ) പറഞ്ഞു: "ഒരാൾ തന്റെ അയൽക്കാരിയെ വ്യഭിചരിക്കുന്നത് പത്ത് സ്ത്രീയെ വ്യഭിചരിക്കുന്നതിനേക്കാൾ കുറ്റകരമാണ്." തുടർന്ന് നബി(സ) ചോദിച്ചു: "മോഷണത്തെപ്പറ്റി നിങ്ങളെന്താണ് മനസ്സിലാക്കിയത്?" അവർ പറഞ്ഞു:"അല്ലാഹുവും റസൂലും നിരോധിച്ച കാര്യമാണത്." റസൂൽ(സ) പറഞ്ഞു: "എന്നാൽ പത്ത് വീടുകളിൽ കളവ് നടത്തുന്നതിനേക്കാൾ ഗൗരവമാണ് ഒരയൽവാസിയുടെ വീട്ടിൽ നിന്നും മോഷ്ടിക്കുന്നത്" (അഹ്മദ്, ത്വബ്റാനി)

അയൽവാസികളെ ദ്രോഹിക്കുന്ന ആളുകൾ നമുക്കിടയിൽ ധാരാളമുണ്ട്. മാത്രമല്ല, അന്യരുടെ വീട്ടിലേക്ക് എത്തിനോക്കി രഹസ്യങ്ങൾ ചോർത്തി അത് പരസ്യമാക്കുക, കുട്ടികളുടെയോ വളർത്തുമൃഗങ്ങളുടെയോ കാര്യത്തിൽ കലഹിക്കുക തുടങ്ങി അയൽബന്ധങ്ങളെ ശിഥിലമാക്കുന്ന കാര്യങ്ങളേറെയാണ്. ഇവിടെ വിട്ടുവീഴ്ചയും ക്ഷമയും കൈക്കൊണ്ടാൽ മാത്രമേ യഥാർത്ഥ ബന്ധങ്ങൾ സ്ഥാപിക്കാൻ സാധിക്കൂ.

അയൽപക്ക ബന്ധം ശിഥിലമാവുന്നതിന്റെ മുഖ്യകാരണം പരസ്പരം വൈരവും പകയും പരത്തുന്ന ജ്യോത്സ്യൻമാർ, കണക്കുകാർ, പണിക്കന്മാർ, കള്ളബീവികൾ, വ്യാജസിദ്ധന്മാർ തുടങ്ങിയവരാണ്. അവർ പ്രവചനങ്ങൾ നടത്തി പരസ്പരമാരോപിക്കുകവഴി അനേകം അയൽപക്കബന്ധങ്ങളാണ് തകർന്നടിയുന്നത്.

അബൂദർറ്(റ) പറയുന്നു: നബി(സ) എന്നോട് ഉപദേശിച്ചു: "നീ ഭക്ഷണത്തിനു കറിയുണ്ടാക്കുകയാണെങ്കിൽ അൽപം വെള്ളം കൂടുതലായി ചേർക്കുക. അയൽവാസി കറി പാകം ചെയ്തിട്ടില്ലെങ്കിൽ അവർക്കത് നൽകുക."

അയൽവാസിയുടെ അവകാശങ്ങൾ എന്തൊക്കെയാണെന്ന ചോദ്യത്തിന് മറുപടിയായി നബി(സ) പറഞ്ഞു: "കടമോ പാർപ്പിടമോ ചോദിച്ചാൽ അത് നൽകുക. ക്ഷണിച്ചാൽ സ്വീകരിക്കുക. അയൽവാസി രോഗം ബാധിച്ചതറിഞ്ഞാൽ സന്ദർശിക്കുക. സഹായം ആവശ്യപ്പെട്ടാൽ അത് ചെയ്തുകൊടുക്കുക. അപകടം സംഭവിച്ചാൽ സാന്ത്വന വാക്കുകൾ പറഞ്ഞ് സമാശ്വസിപ്പിക്കുക. നല്ല കാര്യങ്ങൾ അവർക്കുണ്ടായാൽ അതിൽ നീയും സന്തോഷിക്കുക, അയൽവാസിയുടെ അസാന്നിധ്യത്തിൽ മക്കളെയും വീടിനെയും സൂക്ഷിക്കുക. അയൽവാസിക്ക് പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളെ സൂക്ഷിക്കുക.

അയൽപക്കബന്ധം ദൃഢമാക്കാൻ മനുഷ്യർ തയ്യാറായിട്ടുണ്ടെങ്കിൽ ലോകത്ത് ശാന്തിയും സമാധാനവും കളിയാടുമായിരുന്നു. അയൽവാസി തന്റെ ഉപദ്രവത്തിൽ നിന്ന് മുക്തമാവാത്ത പക്ഷം, ഒരാളും യഥാർത്ഥ മുഅ്മിനാവില്ലെന്ന പ്രവാചക നിർദേശം നാം കാര്യമായും പരിഗണിക്കേണ്ടതുണ്ട്.

മഹാനായ സഹ്‌ലിന്റെ അയൽവാസി മജൂസിയായ ഒരാളായിരുന്നു. മജൂസിയുടെ വിസർജന സ്ഥലത്ത് നിന്നും ഒഴുകിവന്ന മാലിന്യങ്ങൾ വന്നെത്തിയിരുന്നത് സഹ്‌ലി(റ)ന്റെ സ്ഥലത്തായിരുന്നു. സഹ്ൽ(റ) രാത്രിസമയങ്ങളിൽ ആറുമറിയാതെ ചെന്ന് അവ വൃത്തിയാക്കും. കാലം നിങ്ങിയപ്പോൾ സഹ്‌ല്(റ) രോഗം ബാധിച്ചു കിടപ്പിലായി. ഈ ഘട്ടത്തിൽ തന്റെ മജൂസിയായ അയൽവാസിയെ വിളിക്കാൻ ആവശ്യപ്പെട്ടു. സഹ്‌ല്(റ) മജൂസിയോട് പറഞ്ഞു: "നമ്മൾ രണ്ടു പേരും അയൽവാസികളായി ജീവിക്കാൻ തുടങ്ങിയിട്ട് കാലം കുറേയായില്ലേ? ഇപ്പോൾ ഞാൻ തീർത്തും അവശനായി കിടപ്പിലാണ്. ഇനി എന്റെ സന്താനങ്ങളാണ് നിങ്ങളുടെ അയൽവാസികൾ. ഇത്രയും കാലം നിങ്ങളുടെ വിസർജനസ്ഥലത്ത് നിന്നും അഴുക്കുവെള്ളം സ്വന്തം കൈകൊണ്ട് ഞാൻ ദിവസവും വൃത്തിയാക്കിയിരുന്നു. ഈ പ്രവൃത്തി മക്കൾ ഇഷ്ടപ്പെട്ടെന്നുവരില്ല. അതുകൊണ്ട് ശ്രദ്ധിക്കുക."

ഇതു കേട്ടപ്പോൾ മജൂസി അത്ഭുതപ്പെട്ടുപോയി. വളരെ കാലമായി ഞങ്ങൾ രണ്ടുപേരും അയൽവാസികളായി ജീവിക്കുന്നു. ഇന്നേവരെ അദ്ദേഹം അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. മജൂസിക്ക് ഹൃദയത്തിൽ പരിവർത്തനം വന്നു. മജൂസി സഹ്‌ലി(റ)നോട് പറഞ്ഞു: "സഹ്‌ലേ! നിങ്ങളുടെ കൈ ഒന്ന് നീട്ടിത്തരൂ. ഞാനൊന്ന് ചുംബിക്കട്ടെ." സഹ്‌ലി(റ)ന്റെ കൈപിടിച്ചു ചുംബിച്ചു മജൂസി ശഹാദത്ത് ചൊല്ലി മുസ്‌ലിമായി.

# പുതുവത്സരാഘോഷങ്ങൾ പരിധി വിടുന്നു

**യാസീൻ ഷറഫ് എ.കെ**
കുഴിമണ്ണ, മലപ്പുറം

നവവത്സരപ്പുലരിയെ ഉത്സാഹഭരായയോടെ എതിരേൽക്കുന്നതാണ് മാനവികതയുടെ നൂറ്റാണ്ടുകളായുള്ള ഭൗതികമുഖം. പുരാതന ചരിത്രത്തിൽ ഇതിന്റെ താവഴിവേരുകൾ കണ്ടെത്താനാകും. ആശംസയറിയിച്ചും സ്നേഹസന്ദേശങ്ങൾ കൈമാറിയും കാലങ്ങളായി ആളുകൾ ഇത് നിലനിർത്തിപ്പോരുന്നു.

ബി.സി. ആറാം നൂറ്റാണ്ടിൽ ആദ്യമായി ഈജിപ്തുകാർ ആശംസാകാർഡും സമ്മാനങ്ങളും നൽകിയെന്നും ബി.സി. രണ്ടാം നൂറ്റാണ്ടിലെ റോമൻ ചക്രവർത്തിക്ക് പ്രജകൾ രാഷ്ട്രത്തോടുള്ള ബഹുമാനാർത്ഥം പുതുവത്സരാശംസകൾ അറിയിച്ചുവെന്നും ചരിത്രഗ്രന്ഥങ്ങളിൽ കാണാം.

എന്നാൽ ഇപ്പോൾ ഏതു തരം ആഘോഷവും ആടിത്തിമർത്ത് കൊണ്ടാടുന്നതാണ് പുതിയ ലോകം. ആഘോഷമെന്നു കേട്ടാൽ മാലോകർക്ക് ഇളക്കമാണ്. ജീവിതം പരമാവധി അടിച്ചുപൊളിക്കാൻ പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും മതിവരുവോളം സന്തോഷിക്കുകയുമാണ് ആധുനിക തലമുറയുടെ ശൈലി. സദാചാര ബോധം കൈവിട്ട് പടിഞ്ഞാറിന്റെ നാറിയ സംസ്കാരം ഇവിടെ നാം പിന്തുടരുന്നു. ആടിയും പാടിയും രസിച്ചും രമിച്ചും പുലരുവോളം മതിമറന്നാടിയാണ് പാശ്ചാത്യർ പുതുവത്സരത്തെ വരവേൽക്കുന്നത്.

നഗരങ്ങളിൽ മാത്രമായി കണ്ടിരുന്ന പുതുവത്സര ദിന പേക്കൂത്തുകൾ ഏതാനും വർഷങ്ങളായി നമ്മുടെ നാടുകളിലെ ഓണംക്കേറാമൂലകളിൽ പോലും അരങ്ങുതകർക്കുകയാണ്. ആട്ടും പാട്ടും കരിമരുന്ന് പ്രയോഗങ്ങളും ലഹരി പതക്കുന്ന ആഘോഷങ്ങളുമായി 'ഹാപ്പി ന്യൂ ഇയറി'ന്റെ ആവേശങ്ങളുയർത്താൻ മുസ്‌ലിം ചെറുപ്പക്കാർ വരെ മുൻ പന്തിയിലാണിപ്പോൾ.

കാലവും സമയവും ഏറെ അമൂല്യമാണെന്നതാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. സൂര്യ-ചന്ദ്ര ഗോളങ്ങളുടെ സഞ്ചാരത്തിലൂടെ മാറിവരുന്ന കാലം മനുഷ്യനന്മയ്ക്കും നേട്ടങ്ങൾക്കുമായി 12 മാസങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ എണ്ണം പ്രത്യേകം മാനിക്കപ്പെടണമെന്ന് അല്ലാഹു ഖുർആനിൽ സാക്ഷ്യപ്പെടുത്തുന്നു. ഈ 12 മാസങ്ങളുടെ അറുതിയാണ് ഇസ്‌ലാമിക വീക്ഷണത്തിൽ ഒരു വർഷ സങ്കൽപ്പം.

വർഷങ്ങളോരോന്ന് കഴിയുന്നതും കലണ്ടറുകൾ മാറുന്നതും മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ചിന്താർഹമാണ്. കടന്നുവരുന്ന ഓരോ പുതുവർഷവും വിശ്വാസികൾക്ക് മരണമണിയാണ് സമ്മാനിക്കുന്നതെന്ന വസ്തുത മറന്നുകൂടാ.

# വാർത്താ സ്ഥിരീകരണം പ്രധാനമാണ്

**അശ്റഫ് അമ്പലക്കണ്ടി**
ashrafaky@gmail.com

**മാ**ധ്യമങ്ങൾ രാജ്യത്തിന്റെ ദർപ്പണങ്ങളാണ്. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന ചലനങ്ങൾ അതിൽ പ്രതിഫലിച്ചുകൊണ്ടേയിരിക്കും. രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നതിൽ മാധ്യമങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. രാജ്യത്തെ ഉന്നതിയുടെയും പുരോഗതിയുടെയും ഉത്തുംഗതയിലെത്തിക്കുവാനും അതേസമയം പരാജയത്തിന്റെ അഗാധതയിലേക്ക് വീഴ്ത്താനും മാധ്യമങ്ങൾക്ക് സാധിക്കും. ഇന്ന് മാധ്യമരംഗം വെറുമൊരു വ്യവസായമായും അതിലെ വാർത്തകൾ ഉത്പന്നമായും വായനക്കാരും പ്രേക്ഷകരും ഉപഭോക്താക്കളുമായും പരിണമിച്ചിരിക്കുന്നു. മാധ്യമരംഗം വലിയ മൂല്ല്യച്യുതിക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണോ എന്ന് ന്യായമായും ഇപ്പോൾചോദിച്ചു പോകുന്നു.

ഏതൊരു ജനാധിപത്യ രാജ്യത്തും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും അവ പ്രചരിപ്പിക്കുന്നതിലും മാധ്യമങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. സത്യത്തിൽ ജനാധിപത്യ വ്യവസ്ഥിതിയുടെ മൗലികമായ ഒരു സ്ഥാപനമാണ് മാധ്യമങ്ങൾ. അതുകൊണ്ടാണ് മാധ്യമങ്ങളെ ജനാധിപത്യത്തിന്റെ നെടുന്തൂണായി വിശേഷിപ്പിക്കുന്നത്. ജനാധിപത്യം കാത്തുസൂക്ഷിക്കുമെന്ന ഭാരിച്ച ഉത്തരവാദിത്വം മാധ്യമ പ്രവർത്തകർക്ക് ബാധകമാണ്. ഇതിനാൽ ജനങ്ങളുടെ പ്രശ്നങ്ങളിൽ അനുലോമപരമായ നിലപാടെടുത്ത് സക്രിയവും സജീവവുമായ കാർമ്മികത്വം വഹിക്കാൻ മാധ്യമങ്ങൾക്ക് കഴിയണം. ഇന്ത്യയെപ്പോലൊരു വികസ്വര രാജ്യത്ത് മാധ്യമ പ്രവർത്തകന്റെ കടമ ഭരിക്കുന്ന സർക്കാരിന്റെ കൂട്ടാളിയോ പ്രതിയോഗിയോ ആകുക എന്നതല്ല, ജനാധിപത്യത്തിന്റെ കാവൽനായ്ക്കളാകുക എന്നതാണ്. അതോടൊപ്പം തന്നെ തിന്മകൾക്ക് ഏകപക്ഷീയമായ വിധിയെഴുതുതാതെ സമൂഹത്തിലെ തിന്മകളെ നിർഭയം വെളിച്ചത്ത് കൊണ്ടുവരികയും വേണം. സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്ന ചാലകശക്തി കൂടിയാണ് മാധ്യമങ്ങൾ.

മാധ്യമങ്ങൾക്ക് സമൂഹത്തോട് ധാരാളം കടമകളുണ്ട്. വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോഴും വിലയിരുത്തുമ്പോഴും ചില മര്യാദകളും മാനദണ്ഡങ്ങളും പാലിക്കേണ്ടതുണ്ട്. അവ്യക്തതക്ക് വകനൽകാത്ത വിധമായിരിക്കണം വാർത്തകൾ നൽകേണ്ടത്. വാർത്തകൾ ഇന്ന് കുറേ ദുരൂഹതകൾ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്ന രീതിയിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നത്. ഏതൊരു വാർത്ത പോതുജനത്തിന് എത്തിക്കുമ്പോഴും അന്വേഷണവും വസ്തുതകളുടെ സൂക്ഷ്മപരിശോധനയും വിശകലനവും ആവശ്യമാണ്. സംശയങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇട നൽകാത്തവിധം വാർത്തകൾ അതിന്റെ പൂർണരൂപത്തിൽ വായനക്കാരന്റെ മുമ്പിലെത്തിക്കാൻ ഇത്തരം അന്വേഷണങ്ങൾ ആവശ്യമാണ്. സത്യം കണ്ടെത്തുകയും തെളിവ് ശേഖരിക്കുകയുമാണ് അന്വേഷണത്തിലെ പ്രധാന ഘടകമെന്നും മനസ്സിലാക്കേണ്ടതുണ്ട്.

ഇന്ത്യൻ മാധ്യമരംഗത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരം പ്രകടമാണ്. ഇത് മുതലെടുത്ത് 'രാഷ്ട്രീയം' കളിക്കുന്നത് അപക്വവും അനീതിയുമാണ്. അതിനു പകരം ഇന്ത്യൻ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ മാധ്യമങ്ങൾ രംഗത്ത് വരേണ്ടതുണ്ട്. മാധ്യമങ്ങൾ അടിയന്തരമായി ആത്മപരിശോധന നടത്തേണ്ട സമയമാണിത്. രാജ്യത്ത് നടക്കുന്ന യാഥാർത്ഥ്യങ്ങൾ മാധ്യമങ്ങൾ വേണ്ട വിധത്തിൽ പ്രതിഫലിപ്പിക്കുന്നില്ല. മറിച്ച്, വരേണ്യവിഭാഗത്തിന്റെ താൽപര്യങ്ങൾക്ക് വേണ്ടി ആടിത്തിമിർക്കുകയാണ് ബഹുഭൂരിപക്ഷം മുഖ്യധാരാമാധ്യമങ്ങളും ചെയ്യുന്നത്. യഥാർത്ഥ മാധ്യമ ധർമ്മം വാർത്താ നിവേദനമാണെങ്കിൽ മാധ്യമങ്ങൾ ഒരു പ്രത്യേക താൽപര്യത്തിന്റെ നിവേദന കേന്ദ്രങ്ങളാവാൻ പാടില്ല. രാജ്യത്തെ ഉന്നത കോടതികളിൽ നടക്കുന്ന വിചാരണകളിൽ പോലും കോടതിവിധിപറയും മുമ്പ് വിധി പ്രസ്താവിക്കുകയും അത് വിളമ്പുകയും ചെയ്യുന്ന 'മാധ്യമ നിലപാട്' അവസാനിപ്പിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. ഇത്തരം മാധ്യമ നിലപാടുകൾ പൊതുജനത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. ഇത് മാധ്യമങ്ങളോടുള്ള വിശ്വാസ്യത നഷ്ടപ്പെടാൻ നിമിത്തമായേക്കും.

മൂല്യങ്ങൾ തിരിച്ചുപിടിക്കാനുള്ള ശ്രമം ജീർണത പടർന്നുകൊണ്ടിരിക്കുന്ന എല്ലാ മേഖലകളിലും ഉണ്ടാവേണ്ടതുണ്ട്. കുറ്റം ചെയ്തവർ രക്ഷപ്പെടരുത്, കുറ്റം ചെയ്യാത്തവർ ശിക്ഷിക്കപ്പെടുകയുമരുത്. പലപ്പോഴും മാധ്യമങ്ങളുടെ അബദ്ധജഡിലമായ എടുത്തുചാട്ടങ്ങളാണ് പല വ്യക്തികളെയും കുറ്റത്തിൽ അകപ്പെടുത്തുന്നത്. വാർത്തകൾ വ്യക്തമായ സ്ഥിരീകരണത്തിന് വിധേയമാക്കപ്പെടും മുമ്പ് പ്രസിദ്ധീകരിക്കുന്ന 'മാധ്യമനിലപാട്' ജുഗുപ്സാവഹമാണ്.

# സാമ്പത്തിക ശുദ്ധി

**എല്ലാതരം** തട്ടിപ്പും വെട്ടിപ്പും നടത്തി ഏതുവിധേനയും സമ്പാദിക്കാമെന്നുവന്ന കാലത്ത് സാമ്പത്തിക വിശുദ്ധി ശ്രമകരമായ ഒരു ദൗത്യമാണ്. സാമ്പത്തിക വിശുദ്ധിയും ലൈംഗിക വിശുദ്ധിയും ജീവിതത്തിലുണ്ടാവേണ്ട രണ്ടു മഹനീയതകളാണെന്ന് പറയാറുണ്ട്. ഏതു ഘട്ടങ്ങളിലും സാമ്പത്തിക ശുദ്ധിയുടെ ഉത്കൃഷ്ടത പ്രകടിപ്പിക്കുന്നവരാണ് വിശ്വാസികൾ. ആരാന്റെ ധനം അന്യായമായി ഒരു രീതിയിലും അനുഭവിക്കരുതെന്ന നിർബന്ധബുദ്ധിയാണ് സാമ്പത്തിക ശുദ്ധിയുടെ കാതൽ.

അയലത്തെ തൊടിയിൽനിന്നു വീണ ഈത്തപ്പഴം വായിലിട്ട പൊന്നോമനയെ ബലാൽക്കാരമായി പുറത്തേക്ക് തുപ്പിക്കളയിച്ച ഒരു സ്വഹാബി. അവിശുദ്ധമായ ഭക്ഷണമാണ് അകത്താക്കിയതെന്ന് ബോധ്യമായ ഉടനെ കൈവായയിലിട്ട് ഛർദ്ദിച്ചു മറ്റൊരാൾ. ഹറാമായ ധനം ജീവിതത്തിൽ കലരുന്നത് സൂക്ഷ്മമായി ശ്രദ്ധിച്ചുപോരുന്നു വിശ്വാസികൾ.

അനർഹമായതൊന്നും ഒരു രീതിയിലും അനുഭവിച്ചുകൂടാ നാം. ഹറാമ് ഭക്ഷിക്കുക എന്നതാണ് ഏറ്റവും ഗൗരവമുള്ളത്. അർഹമല്ലാത്തത് അകത്താക്കുന്നതോടെ നമ്മുടെ രക്തവും മജ്ജയും മാംസവുമൊക്കെ അതിൽ പങ്കാളികളാകുന്നു. ശരീരത്തിൽ അലിഞ്ഞു ചേർന്നഹറാമ് ഒഴുക്കിക്കളയാൻ വലിയ പാടാണ്.

എങ്ങനെയും പണം വരുകയും പോകുകയും ചെയ്യാവുന്ന സാമ്പത്തിക സംവിധാനമാണിപ്പോൾ. ഞൊടിയിട കൊണ്ട് സമ്പന്നനാകാൻ കുറുക്കുവഴികൾ ഇന്നു ധാരാളമാണ്.

സാമ്പത്തിക ഇടപാടുകൾക്ക് കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുണ്ട്. എല്ലാം തലഭാഗത്ത് എഴുതിവച്ചാണ് ഓരോ വിശ്വാസിയും ഉറങ്ങാൻ കിടക്കേണ്ടതെന്നാണ് മതത്തിന്റെ താൽപര്യം. കിട്ടാനുള്ളത് എഴുതിവക്കാൻ ജാഗ്രതപ്പെടുന്ന പോലെ കൊടുക്കാനുള്ളത് ഓർത്തുവക്കാനും ശ്രദ്ധവേണം. കൊടുത്തതിനും വാങ്ങിയതിനും കൃത്യമായ കണക്കില്ലെങ്കിൽ എത്ര അടുത്തയാളായാലും ഒടുവിൽ കൈപൊള്ളുമെന്നാണ് അനുഭവം.

വാങ്ങിയത് തിരിച്ചുകൊടുക്കാൻ എപ്പോഴും വലിയ ബദ്ധപ്പാട് വേണം. ധൃതി പൈശാചിക ഗുണമാണെങ്കിലും അഞ്ചു കാര്യങ്ങളിൽ അതുണ്ടാവണമെന്ന് വന്നിട്ടുണ്ട്; മയ്യിത്തിനെ മറമാടുന്നതിൽ, പെൺകുട്ടികളെ കെട്ടിച്ചയക്കുന്നതിൽ, കടങ്ങൾ തിരിച്ചു നൽകുന്നതിൽ, പാപത്തിനു ശേഷം പാപമോചനം തേടുന്നതിൽ, യാത്രക്കാരന് ഭക്ഷണം നൽകുന്നതിൽ.

**-എഡിറ്റർ**

നേർവഴി

പ്രബോധകൻ

# അഭിവാദനം

"وإذا حيّيتم بتحيّة فحيّوا بأحسن منها أوردّوها إنّ الله كان على كل شيء حسيبا" النساء – 86

നിങ്ങൾക്ക് അഭിവാദ്യമർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി (അങ്ങോട്ട്) അഭിവാദ്യമർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചു നൽകുക. തീർച്ചയായും അല്ലാഹു ഏതൊരു കാര്യത്തിന്റെയും കണക്ക് നോക്കുന്നവനാകുന്നു.

"يا أيّها الذين آمنوا لا تدخلوا بيوتا غير بيوتكم حتى تستأنسوا وتسلّموا على أهلها ذلكم خير لكم لعلكم تذكّرون"

ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത്).

"فإذا دخلتم بيوتا فسلّموا على أنفسكم تحية من عند الله مباركة طيبة كذلك يبين الله لكم الآيات لعلكم تعقلون"

എന്നാൽ നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുകയാണങ്കിൽ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗൃഹീതവും പാവനവുമായ ഒരു ഉപചാരമെന്ന നിലയിൽ നിങ്ങൾ അന്യോന്യം സലാം പറയണം. നിങ്ങൾ ചിന്തിച്ചുഗ്രഹിക്കുന്നതിന്ന് വേണ്ടി അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചു തരുന്നു.

عن عبد الله بن عمرو بن العاص رضي الله عنهما أن رجلا سأل رسول الله صلى الله عليه وسلم : أيّ الإسلام خير؟ قال: تطعم الطعام وتقرأ السلام على من عرفت ومن لم تعرف. متفق عليه

ഒരിക്കൽ ഒരാൾ നബി(സ)യോട് ചോദിച്ചു: ഇസ്‌ലാമിൽ ഏറ്റവും പുണ്യകരമായതെന്താണ്? അവിടുന്ന് പറഞ്ഞു: ആഹാരം നൽകലും, പരിചിതർക്കും, അപരിചിതർക്കും സലാം പറയലുമാകുന്നു അത്.

وعن ابي هريرة (ر) قال: قال رسول الله صلى الله عليه وسلم: "لا تدخلوا الجنة حتى تأمنوا ولا تامنوا حتى تحابوا أولا ادلكم على شيئ إذا فعلتموه تحاببتم ؟ أفشوا السلام بينكم". مسلم

നബി(സ) പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാവാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പര സ്നേഹമില്ലാതെ സത്യവിശ്വാസികളാവുകയില്ല. പരസ്പരസ്നേഹമുണ്ടാകുന്ന കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? നിങ്ങൾക്കിടയിൽ സലാം പരത്തലാണത്.

قال رسول الله صلى الله عليه وسلم "حق المسلم على المسلم خمس : ردّ السلام، وعيادة المريض، واتباع الجنائز، وإجابة الدعوة، وتشميت العاطس" متفق عليه

റസൂൽ(സ) പറഞ്ഞു: മുസ്‌ലിമിന് മുസ്‌ലിമിനോടുള്ള ബാധ്യതകൾ അഞ്ചാകുന്നു. 1)സലാം മടക്കുക. 2) രോഗിയെ സന്ദർശിക്കുക. 3) മയ്യിത്തിനെ പിന്തുടരുക. 4) ക്ഷണം സ്വീകരിക്കുക. 5) തുമ്മിയവന് വേണ്ടി പ്രാർത്ഥിക്കുക.

***കുറിപ്പ്:*** *ഗുഡ് മോർണിംഗ് സുഖം തോന്നുന്നവർ, അഭിമാനം കൊള്ളുന്നവർ സബാഹൽ ഖൈറിൽ വഷയംതീർക്കുന്നവർ അറിയാതെ പോയ കാര്യം അതൊരു അഭിവാദന രീതിയല്ല. കറുത്ത രാവിലെയും, കഠിന രാവിലെയും കഷ്ടത നിറഞ്ഞ പ്രഭാതവും മനുഷ്യരുടെ ജീവിതത്തിലുണ്ടാവാം. അപ്പോഴൊക്കെ തീർത്തും നിരർത്ഥകമാണ് നല്ല പ്രഭാതം. അല്ലാഹുവിന്റെ രക്ഷ നിന്റെ മേലിൽ ഉണ്ടാവട്ടെ എന്ന അഭിവാദനം കാല-ദേശ-ഭാഷ വ്യത്യാസമില്ലാതെ എന്നും ഹരിത ഭംഗിയോടെ പ്രയോഗ വൽക്കരിക്കാം. സലാം ചൊല്ലൽ സുന്നത്താണ്. മടക്കൽ നിർബന്ധം. ചെറുകൂട്ടം വലിയ കൂട്ടത്തിന്.........*

കെപി കുഞ്ഞിമ്മൂസ



# പാണക്കാട്ടെ ഉറുക്കും മന്ത്രവും

ആധ്യാത്മികവും ഭൗതികവുമായ മണ്ഡലങ്ങളിൽ ഒരുപോലെ നേതൃത്വം നൽകാനുള്ള അപൂർവ്വ സിദ്ധിയാണ് പാണക്കാട് കൊടപ്പന ക്കൽ കുടുംബാംഗങ്ങൾക്കുള്ളതെന്ന് കക്ഷിഭേദമന്യെ പതിറ്റാണ്ടുകൾക്ക് മുമ്പേ സർവ്വരും അംഗീകരിച്ചതാണ്. പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ കളങ്കമില്ലാത്ത കൈകൾ ചുംബിക്കുവാനും അത്ഭു തകരമായ നേതൃവൈഭവം ആസ്വദി ക്കുവാനും സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കൊടപ്പന ക്കൽ വീട്ടിലെത്താത്തവർ വിരളമാ ണ്.

സമുദായത്തോടും സംഘടന യോടും അഭേദ്യമായ ബന്ധമുള്ള ആ കുടുംബാംഗങ്ങൾ സമുദായ നന്മയും നാടിന്റെ ക്ഷേമവുമാണ് ലക്ഷ്യമിട്ടി രുന്നത്.

പുതിയമാളിയക്കൽ സയ്യിദ് അഹ മ്മദ് പൂക്കോയ തങ്ങൾ ദീനദയാ ലുവും വിശാലമനസ്കനുമായിരു ന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേ ഹത്തിന് ഇത്രമാത്രം ജനസ്വാധീനമു ണ്ടാക്കാൻ കഴിഞ്ഞതെന്ന് അറുപതു കളിൽ ബോധ്യപ്പെട്ട സംഗതിയാണ്.

അറുപതുകളുടെ അവസാനത്തി ലാണ് പാണക്കാട്ടെ സുപ്രസിദ്ധമായ ദർബാർ ഹാൾ ഞാൻ കാണുന്നത്. ആശ്വാസം തേടി നാനാഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തിയ ജന ങ്ങൾക്കിടയിൽനിന്ന് എങ്ങനെയാണ് ആ മനുഷ്യന് ഞങ്ങളുടെ കൂടെ, ദൂരെ പഴയങ്ങാടി മാട്ടൂലിലേക്ക് വരാൻ കഴിയുക എന്നോർത്ത് ഞാന ത്ഭുതപ്പെട്ടു നിന്നു.

മീൻ കിട്ടാതെ കടലോരം വറുതി യിലാണ്ട പ്രദേശത്തു നിന്ന് കരീം എന്ന സംഘടനാ പ്രവർത്തകൻ തലേന്നു വന്ന് കോഴിക്കോട് ചന്ദ്രിക യിൽ ക്യാമ്പ് ചെയ്തിരുന്നു.

**പരസ്യം കൊടുത്ത് ആളെ ആകർഷിക്കാത്ത ഒരു ചികിത്സാ കേന്ദ്രമാണ് കൊടപ്പനക്കൽ തറവാട്. മറ്റുള്ളവരുടെ വികാര വിചാരങ്ങളും മാനസികവും ശാരീരികവുമായ വിഷമതകളും മനസ്സിലാക്കി അവരുടെ ആശ്വാസത്തിന്നായി കൈകളാണ് അവർ വിട്ടുകൊടുക്കുന്നത്. ആ കൈകൾ സ്പർശിച്ചാൽ, അതിൽ മുത്തമിട്ടാൽ വിശ്വാസികൾക്ക് അതോടെ നിധി കിട്ടിയ സന്തോഷം. വിസ്തൃതമായ വട്ടമേശക്ക് ചുറ്റും വന്നു നിന്നവരെത്ര. കോടതികൾക്ക് പരിഹരിക്കാൻ കഴിയാത്ത എത്രയെത്ര തർക്കങ്ങളാണിവിടെ പരിഹരിക്കപ്പെട്ടത്?**

എന്നെയും കൂട്ടി പാണക്കാട്ട് പോയി പൂക്കോയ തങ്ങളെ ക്ഷണിച്ചു കാറിൽക്കയറ്റി പഴയങ്ങാടി-മാട്ടൂലിൽ കൊണ്ടുപോയി പഴം മന്ത്രിച്ച് കടലിലെറിയിക്കണം -അതായിരുന്നു പദ്ധതി.

പുകയുന്ന പ്രശ്നങ്ങളുടെ തീക്കുരിശും ചുമന്ന് വന്നവരെ ശാന്തരാക്കി മായാത്ത മന്ദഹാസത്തിന്റെ മാസ്മരിക ശക്തികൊണ്ട് സർവ്വരെയും വശത്താക്കി തങ്ങൾ ഇറങ്ങുകയാണ്. ജനങ്ങളാണെങ്കിൽ അവർക്ക് മനഃശാന്തിയും പ്രശ്നപരിഹാരവും ലഭിക്കുന്ന സങ്കേതത്തിൽനിന്ന് ഇറങ്ങുന്നുമില്ല. തങ്ങളുപ്പാപ്പ എത്ര വൈകിവന്നാലും ഞങ്ങളിവിടെ കാത്തിരിക്കുമെന്ന വാശിയാണ് പലർക്കും. അങ്ങ് ദൂരെ, കണ്ണൂരും കഴിഞ്ഞ് പോകേണ്ട സ്ഥലത്ത് എത്താൻ തന്നെ നേരമേറെ വൈകുമെന്നും പിറ്റേന്ന് മാത്രമെ തിരിച്ചെത്താൻ സാധിക്കുകയുള്ളൂവെന്നും അറിഞ്ഞവർ പോലും ആ തിരിച്ചുവരവിനെയും പ്രതീക്ഷിച്ച് പാണക്കാട്ട് തന്നെ തങ്ങുന്നു. അസാധാരണമായ ആ ശക്തിവിശേഷം അപഗ്രഥനാതീതമായ ഒരു പരിവേഷം പോലെ അവരുടെ മനസ്സിൽ തളംകെട്ടി നിൽക്കുന്നു.

പഴം മന്ത്രിച്ചെറിയാൻ പഴയങ്ങാടിയിലെത്തിയ തങ്ങളെ കടലോര നിവാസികൾ കാണേണ്ട താമസം, നിലംതൊടാതെ കടപ്പുറത്തെത്തിക്കുന്നു.

സമസൃഷ്ടികൾക്കു വേണ്ടിയുള്ള സേവനം സ്രഷ്ടാവിനോടുള്ള കർത്തവ്യനിർവഹണമാണെന്ന് മനസ്സിലാക്കി പ്രതിഫലേച്ഛയില്ലാത്ത നിഷ്കാമ കർമ്മം. ജനഹൃദയങ്ങളിൽ അദ്ദേഹത്തിന് എത്രമാത്രം സ്നേഹസമ്പുഷ്ടമായ സ്ഥാനമാണുള്ളതെന്ന് തെളിയിച്ചുകൊണ്ട് അന്ന് രാവ് ഹയാത്താക്കി. ഉറക്കൊഴിച്ചും കൈക്കോട്ടെടുത്തും അഴിമുഖം മുറിച്ചും സ്വീകരണം ഏറ്റുവാങ്ങിയും ക്ഷീണിച്ച നേതാവിന്റെ മുഖത്ത് വേദന നിഴലിച്ചുകണ്ടില്ല, പകരം അമർന്ന ചിരി മാത്രം.

മധുരോദാരമായ മായാത്ത മന്ദസ്മിതത്തോടെ മൈക്കിനു മുമ്പിൽ നിന്ന് മാട്ടൂൽ മദ്റസയിൽ തടിച്ചുകൂടിയവരോട് സൗമ്യമായ സംസാരവും കൂടിയായപ്പോൾ മായിക മന്ത്രമായി സദസ്സ് അതേറ്റുവാങ്ങി.

പൂക്കോയ തങ്ങൾ പഴം മന്ത്രിച്ചെറിഞ്ഞ കടൽ കനിഞ്ഞു. പിറ്റേന്ന് ചാകര! മഹാസ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും കിരണങ്ങൾ പ്രസരിപ്പിക്കാൻ പഴയങ്ങാടി കടപ്പുറത്ത് മാത്രമല്ല പരപ്പനങ്ങാടി മുതൽ ഇങ്ങോട്ടും പാണക്കാട്ടെ തങ്ങൻമാർ തന്നെ ശരണം. അതുകൊണ്ട് തന്നെ ഓരോ പ്രദേശക്കാരും അവർക്ക്, അവരുടെ ദേശത്ത്, അവരുടെ സ്ഥാപനങ്ങളിൽ അനർഘനിമിഷങ്ങളുടെ ചെപ്പുകൾ തുറക്കാൻ തങ്ങൻമാരെ തേടി കൊടപ്പനക്കലെത്തുന്നു ഇന്നും. പ്രാർത്ഥനയിലൂടെ പ്രകാശത്തിന്റെ വഴികൾ തുറക്കുകയാണ് പാണക്കാട്ടെ തങ്ങന്മാർ. അജ്ഞത മൂടിയ എണ്ണമറ്റ മനസ്സുകളിൽ കാറ്റും വെളിച്ചവും കിട്ടാൻ ജനങ്ങൾ അവിടെ ഒഴുകിയെത്തുന്നു.

പരസ്യം കൊടുത്ത് ആളെ ആകർഷിക്കാത്ത ഒരു ചികിത്സാ കേന്ദ്രമാണ് കൊടപ്പനക്കൽ തറവാട്. മറ്റുള്ളവരുടെ വികാര വിചാരങ്ങളും മാനസികവും ശാരീരികവുമായ വിഷമതകളും മനസ്സിലാക്കി അവരുടെ ആശ്വാസത്തിന്നായി കൈകളാണ്



അവർ വിട്ടുകൊടുക്കുന്നത്. ആ കൈകൾ സ്പർശിച്ചാൽ, അതിൽ മുത്തമിട്ടാൽ വിശ്വാസികൾക്ക് നിധി കിട്ടിയ സന്തോഷം. വിസ്തൃതമായ വട്ടമേശക്ക് ചുറ്റും വന്നു നിന്ന വരെത്ര. കോടതികൾക്ക് പരിഹരിക്കാൻ കഴിയാത്ത എത്രയെത്ര തർക്കങ്ങളാണിവിടെ പരിഹരിക്കപ്പെട്ടത്? ആശുപത്രികൾക്ക് ഭേദമാക്കാനാവാത്ത എത്രയെത്ര മാരകരോഗങ്ങളാണിവിടെ വച്ച് സുഖമായത്. ആലോപ്പതിയുടെയും ആയുർവ്വേദത്തിന്റെയും യൂനാനിയുടെയും ഹോമിയോപ്പതിയുടെയും ഗണത്തിൽ തളച്ചിടാൻ ഈ ചികിത്സാ സമ്പ്രദായങ്ങളെ പറ്റില്ല. തിരുവനന്തപുരത്ത് വസൂരി പിടിപെട്ട് കിടന്ന പട്ടർക്കും കാസർക്കോട് കച്ചവടം പൊട്ടി ഹൃദയം പൊട്ടാനിരുന്ന ഇച്ചാക്കും അത്യപൂർവ മരുന്നുകൾ ഇവിടെ രൂപാന്തരപ്പെടുന്നു. ബോംബെയിലെ വൻകിട ജോലിയുപേക്ഷിച്ച് ചന്ദ്രികയിൽ ജോലി ചെയ്യാനെത്തിയ യു.എ. ബീരാന് മുതൽ കുഗ്രാമത്തിലെ മദ്റസാ അധ്യാപകന് കുട്ടിയുടെ സുന്നത്ത് നിർവഹിക്കേണ്ട തിയ്യതിയടക്കം പാണക്കാട്ടെ കലണ്ടർ നിശ്ചയിക്കുന്നു. നല്ല ദിവസം കിട്ടാൻ എത്രയെത്ര പേരാണ് ഇവിടെ കാതോർത്ത് നിൽക്കുന്നത്. മനുഷ്യരുടെ കണ്ണീരും പുഞ്ചിരിയും നെഞ്ചോടമർത്തി വിഭ്രമങ്ങൾ മായ്ക്കുന്ന സാന്ത്വനത്തിന്റെ കടലാസുതുണ്ടുകൾ നൽകുമ്പോൾ എല്ലാം ശുഭം!

അത്യപൂർവമായ ദർശന സൗഭാഗ്യം പ്രതീക്ഷിച്ചെത്തുന്നവർക്ക് പാണക്കാട്ടെ ചായ തന്നെ ഔഷധമായി മാറുന്നു. കടുത്ത പനിയിൽ ശീതിച്ചു വിറക്കുമ്പോഴാണ് പുത്തൂർ വടകരയിലെ എം.സി. പോക്കർ എന്നെ കാറിൽക്കയറ്റി പാണക്കാട്ടേക്ക് കൊണ്ടുപോകുന്നത്. അവശനായി മുറിയിലിരിക്കുന്ന എനിക്ക് ആദ്യം കിട്ടിയത് ചായ. കുടിച്ചു കഴിഞ്ഞപ്പോൾ പോക്കർക്ക ചോദിച്ചു: പനിയൊക്കെ മാറിയില്ലേ മൂസക്കാ?

സലാലയിൽ പോയി പോക്കർക്ക പുന്നോളി വാസുവിനോട് സംഗതി പറഞ്ഞു. 'പനിച്ചപ്പോൾ പോക്കർക്ക നിങ്ങളെ വൈദികമഠത്തിലേക്കാണോ



കൊണ്ടുപോയത്' എന്നു വർഷങ്ങൾക്ക് ശേഷം വാസു ചോദിച്ചത് ഓർമ്മയിലുണ്ട്.

പൂങ്കുടിമനയിലെ നീലകണ്ഠൻ നമ്പൂതിരിയും ഞാനും ബ്രണ്ണൻ കോളേജിൽ സഹപാഠികളായിരുന്നു. ദേവഗിരി കോളേജിൽ നിന്ന് പി.ജി കഴിഞ്ഞ് നമ്പൂതിരി മനയിൽ ചികിത്സ തുടങ്ങി. ഒരിക്കൽ മന സന്ദർശിച്ചപ്പോൾ നീലകണ്ഠൻ വാചാലനായി: ഈ മനയിൽ ഞാനും അന്തർജനവും ഒന്നിച്ചു താമസിക്കുന്നു. ജ്യേഷ്ഠനും ഭാര്യയും മറ്റൊരു ക്വാർട്ടേഴ്സിൽ. പക്ഷേ, ഞങ്ങൾ ഒന്നിച്ചു തന്നെ ഉണ്ണും. പാണക്കാട്ട് തങ്ങൾ അച്ഛന് നൽകിയ ഉപദേശം ഞങ്ങൾ ശിരസ്സാവഹിക്കുന്നു-ഊട്ടുപുര ഒന്നായിരിക്കണം.

ഇങ്ങനെ കാലഘട്ടവും പശ്ചാത്തലവും വിലയിരുത്തി ഒരുപാട് ഉപദേശ നിർദേശങ്ങൾ നൽകിയ കഥ നീലകണ്ഠൻ അയവിറക്കി. ഉപദേശങ്ങൾ സ്വീകരിച്ചവരുടെ വിജയം വ്യത്യസ്ത മാനങ്ങളിൽ വിപുലമായ വിധത്തിൽ വിലയിരുത്തപ്പെട്ടിട്ടുമുണ്ട്.

മമ്പാട് കോളേജ് പ്രിൻസിപ്പലായിരുന്ന തളിപ്പറമ്പുകാരൻ പ്രൊഫ. ടി. പി. മുഹമ്മദ് കുഞ്ഞി എന്റെ ആത്മസുഹൃത്തായിരുന്നു. കോളേജിലെ ഒരു വിദ്യാർത്ഥി കാണിച്ച വികൃതിക്ക് വിദ്യാർത്ഥിയുടെ രക്ഷിതാവ്

ആലോപ്പതിയുടെയും ആയുർവ്വേദത്തിന്റെയും യൂനാനിയുടെയും ഹോമിയോപ്പതിയുടെയും ഗണത്തിൽ തളച്ചിടാൻ ഈ ചികിത്സാ സമ്പ്രദായങ്ങളെ പറ്റില്ല. തിരുവനന്തപുരത്ത് വസൂരി പിടിപെട്ട് കിടന്ന പട്ടർക്കും കാസർക്കോട് കച്ചവടം പൊട്ടി ഹൃദയം പൊട്ടാനിരുന്ന ഇച്ചാക്കും അത്യപൂർവ മരുന്നുകൾ ഇവിടെ രൂപാന്തരപ്പെടുന്നു. ബോംബെയിലെ വൻകിട ജോലിയുപേക്ഷിച്ച് ചന്ദ്രികയിൽ ജോലി ചെയ്യാനെത്തിയ യു.എ.ബീരാന് മുതൽ കുഗ്രാമത്തിലെ മദ്റസാ അധ്യാപകന് കുട്ടിയുടെ സുന്നത്ത് നിർവഹിക്കേണ്ട തിയ്യതിയടക്കം പാണക്കാട്ടെ കലണ്ടർ നിശ്ചയിക്കുന്നു.

വെള്ള പൂശിയതോടെ പ്രശ്നം രൂക്ഷമായി.

'പാണക്കാട്ട് പോകാം, തങ്ങളുപ്പാപ്പ തീരുമാനിക്കട്ടെ'യെന്ന് കേൾക്കേണ്ട താമസം പ്രശ്നം പാണക്കാട് പൂക്കോയ തങ്ങളുടെ മുമ്പിലെത്തി. ഒറ്റ വാക്കേ തങ്ങൾ പറഞ്ഞുള്ളൂ: "സ്ഥാപനമാണ് വലുത്."

നിമിഷനേരം കൊണ്ട് വിഷമവൃത്തം നീങ്ങി. വിദ്യാർത്ഥിക്കും രക്ഷിതാവിനും പ്രിൻസിപ്പൽ കൊടുത്ത മരുന്ന് ഫലിച്ചില്ല, തങ്ങളുടെ മരുന്ന് ഫലിക്കുകയും ചെയ്തു.

ഒരു ടൺ വാക്കുകളെക്കാൾ പ്രയോജനം ഒരൗൺസ് പ്രവർത്തനമാണെന്ന് പലപ്പോഴും തെളിയിച്ച ശാന്തിനികേതനമാണ് കൊടപ്പനക്കൽ. തർക്കങ്ങൾ തീർക്കാനും രോഗം മാറ്റാനും തങ്ങന്മാർ സ്വീകരിച്ച മാർഗങ്ങൾ വളരെ ലളിതവും നിസ്സാരവുമായിരുന്നു. തികഞ്ഞ ആത്മാർത്ഥതയും അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവുമായിരുന്നു വിജയത്തിന് നിദാനം.

പൂക്കോയ തങ്ങളുടെ രോഗത്തിന്റെ ഗുരുതരാവസ്ഥ കണ്ടുപിടിച്ച ഡോ.എ.പി. അഹമ്മദ് എന്റെ നാട്ടുകാരനും അയൽവാസിയുമായിരുന്നു. ശയ്യാവലംബിയായ ഒരു രോഗി മറ്റുള്ളവരുടെ ക്ഷേമമന്വേഷിക്കുന്നതും ഡോക്ടറുടെ സുഖവിവരമന്വേഷിക്കുന്നതും ആദ്യാനുഭവമായിരുന്നുവെന്ന് ഡോക്ടർ പലപ്പോഴും പറയാറുണ്ട്. മറ്റുള്ളവർക്ക് തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിൽ തൽപരനായ തങ്ങൾ തനിക്കുവേണ്ടി എന്തെങ്കിലും കാര്യത്തിന് മറ്റുള്ളവരെ വിഷമിപ്പിച്ചിരുന്നില്ല. ഈ പ്രത്യേകത ഒരു ദിവ്യത്വമായി കരുതുന്നുവെന്ന് ഡോക്ടർ പറയുന്നു.

കർമ്മമാർഗത്തിലെ തപോധനനായ ഭീഷ്മാചാര്യനെ പോലെ എല്ലാം ധീരമായി അഭിമുഖീകരിച്ച പൂക്കോയ തങ്ങളെ നൂറ്റാണ്ടുകളിലെ പ്രകാശമായിട്ടാണ് ചരിത്രകാരൻ പി.എ. സൈത് മുഹമ്മദ് വിശേഷിപ്പിച്ചത്.

അശരണരെ ആശ്വസിപ്പിച്ച് വെളിച്ചത്തിലേക്ക് നയിച്ച വെളിച്ചം എന്നുവരെ അദ്ദേഹത്തിന് വിശേഷിപ്പിക്കേണ്ടിവന്നു. മരുന്നും മന്ത്രവും മുറപോലെ നടക്കുന്ന കൊടപ്പനക്കലിൽ സ്വർണ്ണത്തിന് ശോഭയും സുഗന്ധവും പോലെ തങ്ങന്മാരുടെ വ്യക്തിപ്രഭാവം എല്ലാവർക്കും അനുഭവപ്പെടുന്നു.

മന്ത്രിച്ചൂതിയ വെള്ളം കൊടുത്ത് ഭ്രാന്ത് മാറ്റിയതും ചായ മന്ത്രിച്ചു കൊടുത്ത് ഭ്രാന്തനെ ഉറക്കിയതും വെള്ളക്കടലാസ്സിലെഴുതിയ കറുത്ത ഏതാനും അറബി അക്ഷരങ്ങളിലൂടെ ദുഃഖവും രോഗവും അസ്വസ്ഥതയും അകറ്റിയതും കുളിർമ്മയുള്ള ഓർമ്മകളായി പലരും സൂക്ഷിക്കുന്നു. സൂഫിവര്യൻമാരുടെ ഗുണങ്ങളാണ് ഇതൊക്കെ ദ്യോതിപ്പിച്ചുതരുന്നത്. ആശുപത്രിയായും അഗതിമന്ദിരമായും കോടതിയായും പാർട്ടി ആസ്ഥാനമായും ഒരു ഭവനം കെട്ടിപ്പടുക്കാനാവുമെന്ന് തെളിയിച്ചത് പാണക്കാട്ടാണ്.

പാണക്കാട് തങ്ങൻമാർ വാരി ച്ചൊരിഞ്ഞ പ്രകാശത്തിന്റെ പൊൻകിരണങ്ങൾ അത്രവേഗമൊന്നും മാഞ്ഞുപോവില്ല.




ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, പൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്

Ph :0494-2421563, 9947005000

പ്രധാന സ്റ്റോറി

പിണങ്ങോട് അബൂബക്ർ



# പുതിയ ആഹ്വാനങ്ങൾ ഏറ്റെടുക്കുക

## എസ് വൈ എസ് മെമ്പർഷിപ്പ് ഡേ 2011 ജനുവരി 23-നു ആചരിക്കുന്നു

"**നി**ശ്ചയമായും ഭൂമിയിൽ ഒരു ഖലീഫയെ ഞാൻ നിയോഗിക്കുന്നതാണ് എന്ന് താങ്കളുടെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക."(വി.ഖു. 2:30)

"നിങ്ങളിൽ ആരാണ് നല്ല പ്രവൃത്തി ചെയ്യുന്നവരെന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണത്തെയും ജീവിതത്തെയും സൃഷ്ടിച്ചവനാണ് (അവൻ), അവൻ പ്രതാപശാലിയും വളരെ പൊറുക്കുന്നവനുമാകുന്നു."(വി.ഖു. 67:2)

"ഞങ്ങൾ വിശ്വാസികളായി എന്ന് പറഞ്ഞതു കൊണ്ട് മാത്രം പരീക്ഷിക്കപ്പെടാതെ വിട്ടുകളയുമെന്ന് മനുഷ്യർ ധരിച്ചിരിക്കുന്നുവോ?"(വി.ഖു. 29:2)

മനുഷ്യരുടെ ഇടം ഭൂമിയിൽ ചെറുതല്ല. അവർ വ്യക്തിപരമായും സാമൂഹികമായും ധാരാളം കർമങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. വിശുദ്ധ ഇസ്‌ലാം സ്വയം സ്വീകരിച്ച് മറ്റുള്ളവരിലേക്ക് പ്രസരിപ്പിക്കുന്നതാണ് യഥാർത്ഥ ദഅ്‌വത്ത്. ഇതൊരു സ്വകാര്യ ഏർപ്പാടല്ലല്ലോ. നമുക്ക് സ്വന്തമായി ലഭിച്ച വെളിച്ചം മറ്റുള്ളവർക്കും ലഭിക്കേണ്ടതുണ്ട്. ഇരുട്ടിൽ അവരങ്ങനെ കഴിഞ്ഞുകൊള്ളട്ടെ എന്ന് ഒരു വിശ്വാസി എങ്ങനെ വിചാരിക്കും?

"താങ്കളുടെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് യുക്തിപൂർവ്വമായും സദുപദേശം മുഖേനയും ജനങ്ങളെ ക്ഷണിക്കുകയും ഏറ്റവും നല്ല മാർഗത്തിൽ അവരുമായി വാദപ്രതിവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗം വിട്ടു തെറ്റിയവരെ സംബന്ധിച്ച് താങ്കളുടെ നാഥൻ അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരെ കുറിച്ചും അറിയുന്നവനാണ് അവൻ" (വി.ഖു. 16:129)

ലോകം നാൾക്കുനാൾ മലീമസ

മാകുന്നു. സദാചാരങ്ങൾ കേവലം സങ്കൽപ്പങ്ങളാവുന്നു. ധാർമികതകൾ അസ്വീകാര്യങ്ങളാകുന്നവിധം ലോക ക്രമങ്ങൾ നാട്ടുനടപ്പായിത്തീരുകയാണ്. ഇതൊക്കെ അങ്ങനെ നടന്നു കൊള്ളട്ടെ എന്നാണോ വിശ്വാസികൾ തീരുമാനിക്കേണ്ടത്?

പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ നടമാടിയിരുന്ന തിന്മകൾക്കെതിരിൽ അവർ തീർത്ത പ്രതിരോധങ്ങളാണ് മാനവികത ബാക്കിയാവാൻ ഹേതുവായത്. അധികാരത്തിന്റെ സകല അധർമ്മങ്ങളും നടപ്പിലാക്കിയ നംറൂദും ഫിർഔനും വിജയിക്കാതെ പോയത് കർമങ്ങൾ തിരിച്ചറിഞ്ഞു പ്രതികരിച്ച ഇബ്രാഹീം, മൂസ(അ)മിന്റെ ഇടപെടൽ കൊണ്ടായിരുന്നുവല്ലോ.

ആദ്, സമൂദ് വിഭാഗം ഉയർത്തിയ മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിലൂടെ ഹൂദ് നബിയും, സ്വാലിഹ് നബിയും വിശ്വവിമോചകരായിത്തീരുന്നു. മാനവിക സംസ്കൃതിയെ വെല്ലുവിളിച്ച സ്വവർഗ രതിക്കാരിൽ നിന്ന് സാംസ്കാരിക ഭൂമികയെ രക്ഷിച്ച ലൂത് നബി(അ)മിനെ ചരിത്രം പറഞ്ഞുതന്നിട്ടുണ്ട്. നേരിന്റെ ശബ്ദങ്ങൾ എത്രയാവർത്തിച്ചിട്ടും നൂറ്റാണ്ടുകൾ ശ്രമിച്ചിട്ടും കാട്ടു നീതിയിലും വിശ്വാസത്തിലും മാറ്റമില്ലാതെ തുടർന്ന നൂഹ് നബിയുടെ കാലക്കാരിൽനിന്ന് മഹാനായ ആ പ്രവാചകൻ അനുഭവിക്കേണ്ടിവന്ന നിസ്സഹകരണം ചരിത്രത്തിന്റെ ഭാഗം.

ആദ്, സമൂദ് വിഭാഗം ഉയർത്തിയ മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിലൂടെ ഹൂദ് നബിയും, സ്വാലിഹ് നബിയും വിശ്വവിമോചകരായിത്തീരുന്നു. മാനവിക സംസ്കൃതിയെ വെല്ലുവിളിച്ച സ്വവർഗ രതിക്കാരിൽ നിന്ന് സാംസ്കാരിക ഭൂമികയെ രക്ഷിച്ച ലൂത് നബി(അ)മിനെ ചരിത്രം പറഞ്ഞുതന്നിട്ടുണ്ട്. നേരിന്റെ ശബ്ദങ്ങൾ എത്രയാവർത്തിച്ചിട്ടും നൂറ്റാണ്ടുകൾ ശ്രമിച്ചിട്ടും കാട്ടു നീതിയിലും വിശ്വാസത്തിലും മാറ്റമില്ലാതെ തുടർന്ന നൂഹ് നബിയുടെ കാലക്കാരിൽനിന്ന് മഹാനായ ആ പ്രവാചകൻ അനുഭവിക്കേണ്ടിവന്ന നിസ്സഹകരണം ചരിത്രത്തിന്റെ ഭാഗം.

ജന്മം പോലും തടയാൻ ധാർഷ്ട്യം കാണിച്ച അറേബ്യൻ ജനതയെ നേര് പഠിപ്പിച്ച് നേതാക്കളാക്കിയ മുഹമ്മദ് നബി(സ) ജീവിക്കാനുള്ള അവകാശം മനുഷ്യർക്ക് നേടിത്തന്ന വിശ്വപൗരനായി. മാതാവും സഹോദരിയും ഭാര്യയുമായിത്തീരേണ്ടുന്നവരെയാണ് അറബികൾ കൊന്നു കുഴിച്ചുമൂടിയിരുന്നത്. വംശവർധനവിന് അടിമകളെ ഉപയോഗിച്ചതുപോലെ വ്യഭിചാരത്തിന് സ്ത്രീകളെ ഉണ്ടാക്കുക മാത്രമായിരുന്നു അവരുടെ അധമ സംസ്കാരം. പൗരാണിക കാലത്ത് പ്രധാന വാണിജ്യ കേന്ദ്രമായിരുന്ന മക്കയുടെ അധാർമിക മുഖം മാറ്റിമറിച്ച വിപ്ലവം ലോകവിസ്മയമായി.

തിന്മകളോട് രാജിയാവാൻ വിശ്വാസികൾക്കാവില്ല. നന്മകൾ നട്ടുമുളപ്പിച്ചെടുക്കാൻ കഠിനാധ്വാനങ്ങളും ത്യാഗങ്ങളും അനുഷ്ഠിക്കേണ്ടിവരും.

"പറയുക, ഇതാണ് എന്റെ മാർഗം. അല്ലാഹുവിങ്കലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും തികഞ്ഞ ലക്ഷ്യത്തോടു കൂടിയാണ് നിലകൊള്ളുന്നത്. അല്ലാഹു പരിശുദ്ധനാണ്. ഞാൻ ബഹുദൈവവിശ്വാസികളിൽ പെട്ടവനല്ല."(വി.ഖു. 12:108)

സമൂഹം ഒരുപാട് ദുഷിച്ചിരിക്കുന്നു. തിന്മകൾ വാരിപ്പുണരുകയാണ് അധിക ജനങ്ങളും. സത്യവും നീതിയും മരണമടഞ്ഞുകൂടാ. ധനവും വിദ്യാഭ്യാസവും ഉണ്ടായിരുന്നിട്ടും രോഗിണിയായ മാതാവിന് ചികിത്സ പോലും നിഷേധിച്ചു പുഴുവരിച്ച വാർത്ത സാക്ഷരകേരളത്തിന് വായിക്കേണ്ടിവന്നു. പ്രത്യേക ദിനങ്ങൾ കൊണ്ടാടുന്നത് മദ്യപാനത്തിന്റെ അളവ് വർധിപ്പിച്ചാണെന്ന് നാം തിരിച്ചറിയുന്നു. കലാലയങ്ങൾ പോലും കള്ളു കച്ചവട കേന്ദ്രങ്ങളാവുന്നു. കേരളം കുടിയൻമാരുടെ നാടെന്ന് സംസ്ഥാന മുഖ്യമന്ത്രി തന്നെ പ്രഖ്യാപിക്കുന്നു.

തൊഴിൽ തട്ടിപ്പ് മുതൽ വാഹന തട്ടിപ്പു വരെ, നോട്ടിരട്ടിപ്പിക്കൽ മുതൽ ക്വട്ടേഷൻ കൂലിത്തല്ലും കൊലപാതകവും വരെ.. അങ്ങനെ മനുഷ്യന്റെ അധ്വാനമിച്ചം അധർമ്മങ്ങളുടേതായിത്തീരുന്നു.

സാംസ്കാരിക അധിനിവേശ





ത്തിൽ കുടുംബബന്ധം താറുമാറാവുന്നു. പൈതൃക ബന്ധങ്ങൾ അറ്റുപോവുന്നു. പഴയകാലത്ത് ഒരു നാടൻ കർഷകൻ ഇങ്ങനെ പ്രതികരിച്ചിരുന്നുവത്രെ: "നമ്മുടെ വിത്തും രീതികളും ആര് കൊണ്ടുപോയാലും തിരുവാതിര ഞാറ്റു വേല ആരും കൊണ്ടുപോവില്ലപ്പോ" എന്ന്!!

എന്നാൽ, ഇന്നതും മനുഷ്യൻ മാറ്റിമറിക്കുകയാണ്. പ്രകൃതിയോട് കരുണയും നീതിയും കാണിക്കാത്ത മനുഷ്യൻ, അവന്റെ അടങ്ങാത്ത സുഖഭോഗ താൽപര്യങ്ങളും ധനമോഹവും കാരണം സ്വാഭാവിക പ്രകൃതിയെപ്പോലും നശിപ്പിക്കുന്നു.

ഇതുകാരണം അന്തരീക്ഷതാപനില ഉയർന്നു. പ്രകൃതി വ്യതിയാനം സംഭവിക്കുന്നു. കാലം തെറ്റി മഴയും ദുരന്തങ്ങളും വന്നുചേരുന്നു.

മാരക വിഷദ്രാവകങ്ങൾ പ്രകൃതിയെ നശിപ്പിക്കുന്നു. ജൈവ സാന്നിധ്യം ഇല്ലാതാക്കുന്നു. പൊതുവെ രോഗാതുരമായ കേരളീയർ മിക്ക രോഗങ്ങളുടെയും അടിമകളായിത്തീരുന്നു. കേരളം ഹൃദ്രോഗം, പ്രമേഹം, ക്യാൻസർ പോലുള്ള മാരക വിപത്തിന്റെ തലസ്ഥാനമായി മാറുകയാണ്. വിരോധിക്കപ്പെട്ട കാര്യം ദൃഷ്ടിയിൽപെട്ടാൽ കരം കൊണ്ടത് തടയാനും അതിന് സാധിക്കാത്ത സാഹചര്യം വന്നാൽ നാവ് കൊണ്ട് തടയാനും അതിനും സാധിക്കാത്ത കാലം വന്നാൽ മനസു കൊണ്ടത് വെറുക്കാനും നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

മാരക വിഷദ്രാവകങ്ങൾ പ്രകൃതിയെ നശിപ്പിക്കുന്നു. ജൈവ സാന്നിധ്യം ഇല്ലാതാക്കുന്നു. പൊതുവെ രോഗാതുരമായ കേരളീയർ മിക്ക രോഗങ്ങളുടെയും അടിമകളായിത്തീരുന്നു. കേരളം ഹൃദ്രോഗം, പ്രമേഹം, ക്യാൻസർ പോലുള്ള മാരക വിപത്തിന്റെ തലസ്ഥാനമായി മാറുകയാണ്. വിരോധിക്കപ്പെട്ട കാര്യം ദൃഷ്ടിയിൽപെട്ടാൽ കരം കൊണ്ടത് തടയാനും അതിന് സാധിക്കാത്ത സാഹചര്യം വന്നാൽ നാവ് കൊണ്ട് തടയാനും അതിനും സാധിക്കാത്ത കാലം വന്നാൽ മനസു കൊണ്ടത് വെറുക്കാനും നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

സദുപദേശവും തിന്മ വിരോധിക്കലും ഏതൊരു വിശ്വാസിയുടെയും ഐച്ഛിക ബാധ്യതയാകുന്നു. കണ്ണടച്ചു കടന്നുപോകുന്നവനാകരുത് വിശ്വാസി. സദാ ജാഗ്രതയോടെ സമൂഹസമുദ്ധാരണ പ്രവർത്തനങ്ങളിൽ മുഴുകണം.

സമൂഹസമ്പത്ത് കാത്തുപോരുന്നവരാകണം സത്യവിശ്വാസികൾ. നിങ്ങൾ ഉത്തമ സമുദായമാണെന്ന വിശുദ്ധ ഖുർആൻ വചനം നമ്മെ ചുമതലാബോധമുള്ളവരും പ്രതിബദ്ധതയുള്ളവരുമായ കർമധീര പ്രവർത്തകരാക്കി പരിവർത്തിപ്പിക്കണം.

സദ്‌വിചാരങ്ങളും സൽകർമങ്ങളും വംശനാശം വരരുത്. നന്മകൾക്ക് വേണ്ടി ശക്തിയായി നിലകൊള്ളണം. "അല്ലാഹുവിലേക്ക് വിളിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും നിശ്ചയമായും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പറയുകയും ചെയ്യുന്നവനേക്കാൾ നല്ല വാക്ക് പറയുന്നവൻ ആരാണ് (ആരുമില്ല) ."(വി.ഖു. 41:33)

മുസ്‌ലിംകൾ ലോകത്തിന് വെളിച്ചമാവണം. നാൽകവലകളിലെ ചൂണ്ടുപലകകളെപ്പോലെ വഴിപറഞ്ഞു കൊടുക്കുന്നവരാവണം. സമൂഹം ഇരുളടഞ്ഞ ജീവിതത്തിലേക്ക് നീങ്ങുമ്പോൾ കൈയ്യും കെട്ടി കാഴ്ച്ചക്കാരെ പോലെ സത്യവിശ്വാസികൾക്ക് വിശ്രമിക്കാനാവില്ല. കർമരംഗത്തിറങ്ങി ചരിത്രനിയോഗം നിർവഹിക്കണം.

"നന്മയും തിന്മയും സമമാകുയില്ല. നല്ലതുകൊണ്ട് നീ തിന്മയെ തടഞ്ഞുകൊള്ളുക. എന്നാൽ നിന്റെയും ഏതൊരുത്തന്റെയും ഇടയിൽ ശത്രുത ഉണ്ടോ അവൻ നിന്റെ ഉറ്റ ബന്ധുവെന്നപോലെ ആയിരിക്കുന്നതാണ്" (വി.ഖു.41:33)

ഓരോ മനുഷ്യനും ഞാൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന തിരിച്ചറിവുണ്ടാവണം. അല്ലാഹുവിനെയും അവന്റെ വിധിവിലക്കുകളെയും പഠിച്ചറിയാൻ പരിശ്രമിക്കണം. മുൻകാല പ്രവാചകന്മാർ, സ്വഹാബാക്കൾ, സ്വാലിഹീങ്ങൾ അവരുടെ നിസ്വാർത്ഥവും ത്യാഗപൂർണവുമായ ചരിത്രങ്ങളിൽനിന്ന് പാഠങ്ങൾ ഉൾകൊള്ളണം. അവരെ

മാതൃകയാക്കണം.

ഈ പ്രധാന മൂന്നു അടിസ്ഥാന യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുമ്പോൾ ഏതൊരു സത്യവിശ്വാസിയും കർമ നിരതനാവും. എന്താണ് നമ്മുടെ ദൗത്യം എന്നതിന്റെ ഉത്തരം അപ്പോൾ വ്യക്തമാവും. ആ ദൗത്യ നിർവഹണത്തിനു വേണ്ടി മാനസികമായി സജ്ജമാവുന്നത് അങ്ങനെയാണ്. സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റിയുടെ അംഗത്വ വിതരണം 2011 ജനുവരി 23ന് പകൽ എട്ടു മണി മുതൽ രാത്രി എട്ടു മണി വരെ നടക്കുകയാണ്. "ധർമ നിർവഹണത്തിന് കർമരംഗത്തിറങ്ങുക" എന്നതാണ് ഈ കുടുംബ പ്രവേശന പ്രക്രിയയുടെയും തുടർപ്രവർത്തനങ്ങളുടെയും ആഹ്വാനം.

പരിശുദ്ധ ഇസ്‌ലാമിന്റെ പവിത്രമായ ദാർശനിക മാനം വികലമാക്കാൻ പരിശ്രമിക്കുകയും ഇസ്‌ലാമിക സമൂഹത്തിന്റെ പൈതൃകബന്ധം മുറിച്ചുകളയാൻ ബോധപൂർവ ശ്രമങ്ങൾ നടത്തുകയും ചെയ്ത ഘട്ടത്തിൽ പൂർവ്വ സൂരികൾ നിർവഹിച്ച ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തുന്നതിന് 1925-ൽ രൂപപ്പെട്ട പണ്ഡിത കൂട്ടായ്മയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ.

**മഹാന്മാരായ ഉലമാക്കൾ, സാദാത്തുക്കൾ, ഉമറാക്കൾ അങ്ങനെ ചരിത്ര കേരളം സംഭാവന ചെയ്ത മഹാരഥന്മാരുടെ കരസ്പർശനമേറ്റു പടർന്നു പന്തലിച്ച പ്രിയപ്പെട്ട സംഘകുടുംബം. ആ കുടുംബത്തിൽ കർമനിരതരാവാനുള്ള ഭാഗ്യശാലികളെ 2011 ജനുവരി 23ന് നാം സ്വീകരിക്കുകയാണ്. നിറഞ്ഞ പ്രതീക്ഷയോടെ, തുറന്ന ഹൃദയത്തോടെ ഈ സംഘകുടുംബത്തിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. അനുവദിച്ചുകിട്ടിയ ആയുസ് അർത്ഥപൂർണമായി ഉപയോഗപ്പെടുത്താനുള്ളതാണ്. വിശ്രമിക്കാനുള്ളതല്ല വിശ്വാസിയുടെ ജീവിതം.**

കഴിഞ്ഞ എട്ടരപ്പതിറ്റാണ്ട് അതിന്റെ ജൈത്ര യാത്രയിൽ വലിയ തോതിൽ വിജയം കൊയ്തെടുത്തു. 1954-ൽ സമസ്തയുടെ രണ്ടാമത് കീഴ്ഘടകമായി രൂപംകൊണ്ട സുന്നി യുവജനസംഘം മഹത്തായ നിരവധി കർമപദ്ധതികൾ ഏറ്റെടുത്തു പ്രവർത്തിച്ചുവരുന്നു. 1992-ലെ ശാന്തിയാത്ര, 2007-ലെ തീവ്രവാദവിരുദ്ധ സന്ദേശയാത്ര, ചരിത്ര ജനസാനിധ്യം രേഖപ്പെടുത്തിയ 2005-ലെ സുവർണജൂബിലി സമ്മേളനം, ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾ, പ്രഭാഷണങ്ങൾ, നിരവധി സ്ഥാപനങ്ങൾ, ആയിരക്കണക്കായ കർമധീര പ്രവർത്തകർ, ഉന്നത മൂല്യവും നേതൃഗുണവുമുള്ള നേതാക്കൾ. ബഹുസ്വര സമൂഹത്തിന്റെ പരിസര സാധ്യതകളിൽനിന്ന് ഒരു ജനപഥത്തെ അച്ചടക്കത്തോടെ ആത്മീയ വിഹായസ്സിലേക്ക് കൈപ്പിടിച്ചുയർത്തിക്കൊണ്ടുവന്ന പ്രിയപ്പെട്ട പ്രസ്ഥാനം. മഹാന്മാരായ ഉലമാക്കൾ, സാദാത്തുക്കൾ, ഉമറാക്കൾ അങ്ങനെ ചരിത്രകേരളം സംഭാവന ചെയ്ത മഹാരഥന്മാരുടെ കരസ്പർശനമേറ്റു പടർന്നു പന്തലിച്ച പ്രിയപ്പെട്ട സംഘകുടുംബം. ആ കുടുംബത്തിൽ കർമനിരതരാവാനുള്ള ഭാഗ്യശാലികളെ 2011 ജനുവരി 23ന് നാം സ്വീകരിക്കുകയാണ്. നിറഞ്ഞ പ്രതീക്ഷയോടെ, തുറന്ന ഹൃദയത്തോടെ ഈ സംഘകുടുംബത്തിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. അനുവദിച്ചുകിട്ടിയ ആയുസ് അർത്ഥപൂർണമായി ഉപയോഗപ്പെടുത്താനുള്ളതാണ്; വിശ്രമിക്കാനുള്ളതല്ല വിശ്വാസിയുടെ ജീവിതം.

അല്ലാഹുവിന്റെ ദീനിനു വേണ്ടി തോളോടു തോൾ ചേർന്ന് കർമ്മഭൂമിയിൽ നമുക്കണിചേരാം.


ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ

**ദേശീയ ആയുർവ്വേദ ഫാർമസി**

**പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, പെരിന്തൽമണ്ണ**

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി.ടി.എം ഹാജി ഷറഫുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റീസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

**ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്തമ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.**

*കൂടാതെ വിദഗ്ധ ഡോക്ടർ*

**കെ.സി. മുരളീധരൻ D.A.M**ന്റെ സേവനവും ലഭ്യമാണ്.

<u>പരിശോധനാ സമയം:</u>

10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ



സുന്നി **അഫ്കാർ** വാരിക

**വരിസംഖ്യ**

ഒരു വർഷം 250/-

ആറു മാസം 125/-

ഇജാസ് ഹസൻ കിണാശ്ശേരി



# 9/11-നു ശേഷം മുസ്‌ലിം അമേരിക്ക

**ഓ**ൺലൈൻ മാഗസിനായ അമേരിക്കൻ മുസ്‌ലിം പ്രോസ്‌പെക്ടീവിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായ അബ്ദുൽസത്താർ ഗസ്സാലി സെപ്തംബർ പതിനൊന്നിനു ശേഷം ഒമ്പത് വർഷം അമേരിക്കയിലെ മുസ്‌ലിംകൾ നേരിട്ട പ്രതിസന്ധികളിലേക്കും പ്രതിബന്ധങ്ങളിലേക്കും ആഗോളശ്രദ്ധ ക്ഷണിക്കുന്നു.

അസഹിഷ്ണുക്കളായ മതതീവ്രവാദികളും തീവ്ര വലതുപക്ഷ രാഷ്ട്രീയക്കാരും സംവാദവേദികളിലും റേഡിയോ ടോക് ഷോകളിലും പത്രമാധ്യമങ്ങളിലുമായി ഇസ്‌ലാമിനെതിരെ നടത്തിവരുന്ന അപവാദ പ്രചാരണങ്ങളും അപകീർത്തിപ്പെടുത്തലുകളും രാജ്യത്തുടനീളം മുസ്‌ലിംവിരുദ്ധ മനോഭാവം രൂപപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

കൂടാതെ, നിരന്തരമായി നടന്നു വരുന്ന വംശീയ പ്രഭാഷണങ്ങളും കുപ്രചാരണങ്ങളും മുസ്‌ലിംകൾക്കും അവരുടെ ആരാധനാലയങ്ങൾക്കുമെതിരെയുള്ള ആക്രമണങ്ങൾക്ക് ഹേതുവാകുന്നുണ്ട്. എത്രത്തോളമെന്നാൽ, പ്രതിദിനം മൂന്നു മുസ്‌ലിം വിരുദ്ധസംഭവങ്ങളെങ്കിലും രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ന്യൂയോർക്ക് സിറ്റിയിലെ ടാക്സി ഡ്രൈവറായ അഹ്മദ് എച്ച് ശരീഫിനെ ഒരു യാത്രക്കാരൻ, താങ്കൾ മുസ്‌ലിമാണോ എന്ന് ചോദിക്കുകയും അതെയെന്ന ഉത്തരം കേൾക്കേണ്ടതാമസം കഴുത്തിലും മുഖത്തും കൈകളിലും കഠാര കൊണ്ട് കുത്തി മാരകമായി മുറിവേൽപ്പിക്കുകയും ചെയ്തു. അതേ ദിവസം തന്നെ രാത്രി ഒരു മദ്യപാനി ലക്കും ലഗാനുമില്ലാതെ



**ന്യൂയോർക്ക് സിറ്റിയിലെ ടാക്സി ഡ്രൈവറായ അഹ്മദ് എച്ച് ശരീഫിനെ ഒരു യാത്രക്കാരൻ, താങ്കൾ മുസ്‌ലിമാണോ എന്ന് ചോദിക്കുകയും അതെയെന്ന ഉത്തരം കേൾക്കേണ്ടതാമസം കഴുത്തിലും മുഖത്തും കൈകളിലും കഠാര കൊണ്ട് കുത്തി മാരകമായി മുറിവേൽപ്പിക്കുകയും ചെയ്തു. അതേ ദിവസം തന്നെ രാത്രി ഒരു മദ്യപാനി ലക്കും ലഗാനുമില്ലാതെ ന്യൂയോർക്കിലെ ക്യൂൻസ് മോസ്കിൽ തറാവീഹ് നിസ്കാര സമയത്ത് അതിക്രമിച്ച് കയറുകയും മുസ്‌ലിംവിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചുകൂവുകയും ചെയ്തു.**

ന്യൂയോർക്കിലെ ക്യൂൻസ് മോസ്കിൽ തറാവീഹ് നിസ്കാര സമയത്ത് അതിക്രമിച്ച് കയറുകയും മുസ്‌ലിംവിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചുകൂവുകയും ചെയ്തുവെന്നു മാത്രമല്ല, മുസ്വല്ലയിൽ മൂത്രമൊഴിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ന്യൂയോർക്കിൽ മാത്രമൊതുങ്ങി നിൽക്കുന്നില്ല, ന്യൂയോർക്കിൽ നിന്ന് ആയിരക്കണക്കിന് മൈൽ അകലെ കാലിഫോർണിയയിലെ മഡേരയിലെ മസ്ജിദ് സാമൂഹ്യ വിരുദ്ധർ വൃത്തികേടാക്കി ഇങ്ങനെയെഴുതി വെച്ചിരിക്കുന്നു: ഉണരൂ അമേരിക്കാ...ഇവിടെയുണ്ട് ശത്രു.

കഴിഞ്ഞ മാസം ആദ്യവാരത്തിൽ കാലിഫോർണിയ ഇസ്‌ലാമിക് സെന്ററിന് മുമ്പിൽ സാമൂഹ്യവിരുദ്ധർ കൊണ്ടുവന്നുപേക്ഷിച്ച പന്നിയുടെ പുറത്ത് ഇങ്ങനെ എഴുതിയിരുന്നു: "എൻ വൈ സിയിൽ ഒരു പള്ളിയും അനുവദിക്കില്ല." മാത്രമല്ല, മറ്റു രണ്ടു ബാനറുകൾ കൂടിയുണ്ടായിരുന്നു. ഒന്ന് മുഹമ്മദ് നബിയെ അസഭ്യം വിളിക്കുന്നതും മറ്റൊന്ന് 9/11 മറക്കരുതെന്നും.

ഗ്രൗണ്ട് സീറോ മസ്ജിദുമായി ബന്ധപ്പെട്ടുണ്ടായ വിവാദം കത്തിയാളിയതോടെ മുസ്‌ലിംവിരുദ്ധത കൂടുതൽ ശക്തിയാർജ്ജിച്ചിരിക്കയാണ്. ന്യൂയോർക്ക് സ്റ്റേറ്റിലെ ചെറിയ പട്ടണമായ കാൾട്ടണിലെ ടൗൺ മസ്ജിദിൽ പ്രാർത്ഥനക്കെത്തിയവരെ അഞ്ച് കൗമാരക്കാർ ശല്യം ചെയ്തതാണ് അതിലൊന്ന്. പ്രാർത്ഥനക്കെത്തിയവരെ വെടിവെയ്പ്പ് നടത്തിയും ഹോണടിച്ചും അസഭ്യം വിളിച്ചും ശല്യപ്പെടുത്തിയതിന്റെ പേരിൽ അവർക്കെതിരെ മുമ്പ് പോലീസ് കേസെടുത്തിരുന്നു.

മുർഫ്രീസ് ബോറോയുടെ പ്രാന്ത പ്രദേശമായ നാഷ്‌വെല്ലയിലെ നിർദിഷ്ട ഇസ്‌ലാമിക് സെന്ററിന്റെ സൈറ്റ് സന്ദർശിക്കാനെത്തിയ സെന്റർ അംഗങ്ങളെ ഭീതിപ്പെടുത്താൻ വേണ്ടി വെടിവെയ്പ്പ് നടത്തിയ മറ്റൊരു സംഭവവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം തന്നെ നിർമിത വിവാദങ്ങളുടെയും, വംശീയ പ്രചാരണങ്ങളുടെയും, സൃഷ്ടിച്ചെടുത്ത ആന്റി മുസ്‌ലിം ഹിസ്റ്റീരിയയുടെയും ബാക്കിപത്രമാണ്. ഇത് മുഖേന മുസ്‌ലിംവിരുദ്ധ ജനാഭിപ്രായം രൂപപ്പെടുന്നുവെന്നത് ഒരു സത്യമാണ്.

760 കെ.എഫ് എം ബി എ എം റേഡിയോ സ്റ്റേഷനിൽ തീവ്രപക്ഷക്കാരനായ സാന്റിയാഹഗോ നടത്തിയ പോളിംഗിൽ പങ്കെടുത്ത 70 ശതമാനം ആളുകളും മുസ്‌ലിംകളെ അമേരിക്കൻ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതിനോട് അനുകൂലമായാണ് പ്രതികരിച്ചത്. അതേ ദിവസം തന്നെ എം എൻ ബി സി ഷോയിലെ പോളിംഗിൽ വ്യക്തമായ തിതാണ്: അമ്പത് ശതമാനം റിപ്പബ്ലിക്കന്മാരും മുസ്‌ലിംവിരുദ്ധ മനോഭാവമുള്ളവരാണ്. എന്നാൽ 27 ശതമാനം ഡമോക്രാറ്റുകളേ ഈ വംശവെറി കൊണ്ടുനടക്കുന്നുള്ളൂ. എ പ്യൂ ഇൻസ്റ്റിറ്റ്യൂട്ട് ആഗസ്റ്റ് 24-ന് പുറത്തുവിട്ട പോളിംഗ് ഫലം ക്രിസ് മാത്യൂസിന്റെ പോളിംഗ് ഫലത്തെ സ്ഥിരീകരിക്കുന്നുണ്ട്. അതിൽ 21 മുതൽ 54 ശതമാനം വരെയുള്ള റിപ്പബ്ലിക്കന്മാർ മുസ്‌ലിം വിരോധികളും ഗ്രൗണ്ട് സീറോ മസ്ജിദ് നിർമ്മാണത്തെ എതിർക്കുന്നവരുമാണ്. എന്നാൽ 39 മുതൽ 47 ശതമാനം ഡമോക്രാറ്റുകൾ മസ്ജിദ് അനുകൂലികളും മുസ്‌ലിംകളോട് സന്മനസ്സുള്ളവരുമാണ്.

സംവാദങ്ങൾ ചൂടുപിടിക്കാൻ കാരണം നിർദിഷ്ട ഗ്രൗണ്ട് സീറോ മസ്ജിദ് മാത്രമാണോ? അല്ലെന്നാണ് സ്റ്റീഫൻ സാലിസ്ബറി (ടോം ഡിസ്പാച്ച്) അഭിപ്രായപ്പെടുന്നത്. മറിച്ച് കേവലം മസ്ജിദ് നിർമാണത്തിനപ്പുറം അമേരിക്കയിൽ മുസ്‌ലിംകളുടെ വളർച്ചയെ ചുറ്റിപ്പറ്റി വളർന്ന ഭയവും ഉൽകണ്ഠയും കൂടിയാണ് ഈ വിവാദത്തിനു പിന്നി

ലെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഗ്രൗണ്ട് സീറോ വിവാദത്തിനും എത്രയോ മുമ്പേ മുസ്‌ലിം വിരുദ്ധവികാരവും വംശീയ സങ്കുചിതത്വവും രാജ്യത്തു വേരൂന്നിത്തുടങ്ങിയിട്ടുണ്ട്. ന്യൂയോർക്കിലെ ഇസ്‌ലാമിക് സെന്റർ നിർമാണത്തിനെതിരെയുള്ള പ്രതിഷേധം ഒരു ദശകമായി മുസ്‌ലിംകൾക്കെതിരെ നിലനിൽക്കുന്ന ഭരണകൂട നിർമിത എക്സനോഫോബിയ (വിദേശികളോടും അപരിചിതരോടുമുള്ള അയുക്തിക വിദ്വേഷം)യുടെ ഭാഗമാണെന്ന് സാലിസ്ബറി പ്രാധാന്യപൂർവ്വം എടുത്തുപറയുന്നുണ്ട്.

9/11 മുതൽ ഇസ്‌ലാമോഫോബിയ ചൂടുപിടിച്ചിട്ടുണ്ടെങ്കിലും ഈയടുത്ത മാസങ്ങളിലായി മുസ്‌ലിംവിരുദ്ധതയും വംശീയ സങ്കുചിതത്വവും പൂർവ്വോപരി ശക്തിയാർജ്ജിച്ചിട്ടുണ്ട്. ഇസ്‌ലാം കേവലം മതമല്ലെന്നും അത് ഒരു കൾട്ട് കൂടിയാണെന്നും അതിനാൽ ഒരു മുസ്‌ലിമിന് നല്ല അമേരിക്കക്കാരനാകാൻ കഴിയില്ലെന്നും മസ്ജിദുകൾ ത്രീവ്രജിഹാദികളുടെ മുഖംമൂടിയാണെന്നും മുസ്‌ലിമേതര മതനേതാക്കളും രാഷ്ട്രീയക്കാരും തറപ്പിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. കേവലം വോട്ടും തങ്ങളുടെ രാഷ്ട്രീയ സ്ഥിരതയും മാത്രം ലക്ഷ്യംവെച്ച് ഇസ്‌ലാമോഫോബിയ തലങ്ങും വിലങ്ങും ഉപയോഗിക്കുന്ന രാഷ്ട്രീയക്കാരുടെ എണ്ണം വർദ്ധിച്ച് വരുന്നു.

യു.എസ് ഭരണഘടനയുടെ ഒന്നാം അമൻമെന്റിൽ ഉൾപ്പെടുത്തി മുസ്‌ലിംകളെ സംരക്ഷിക്കേണ്ടതില്ലെന്ന് മിനിസോട്ട റിപ്പബ്ലിക്കൻ കോൺഗ്രഷ്യൽ സ്ഥാനാർത്ഥിയായിരുന്ന ലിനെ ടോർഗെർസൺ വാദിക്കുന്നു.

ഇസ്‌ലാം കേവല മതമല്ലെന്നും അത് ഒരു കൾട്ട് കൂടിയായതിനാൽ അപകടകരമാണെന്നും ടെന്നീസ്സീ ലെഫ്. ഗവർണ്ണറായ റോൺ റാംസെയ് മുന്നറിയിപ്പ് നൽകുന്നു.

അമേരിക്കയിലെ ഉന്നതകുലജാതരും മദ്ധ്യവർഗവും താഴെക്കിടയിലുള്ളവരും ഉൾപ്പെടെയുള്ള സമൂഹത്തോട് ഫ്ളോറിഡയിലെ സ്ഥാനാർത്ഥിയായ റോൺ മെക്നെ

**രാജ്യത്തിന്റെ സുരക്ഷക്കും സ്വത്വവും സംസ്കാരവും പൈതൃകവും സംരക്ഷിക്കാൻ മുസ്‌ലിം കുടിയേറ്റം കർശനമായി നിർത്തിവെപ്പിക്കണമെന്ന ആവശ്യവുമായി നവംബറിലെ തെരഞ്ഞെടുപ്പിനായി കാത്തിരിക്കുകയാണ് ഒക്‌ലഹോമയിലെ അമേരിക്കൻ ഫാമിലി അസോസിയേഷൻ.**

യിൽ പറയുന്നു: അമേരിക്ക നിലകൊള്ളുന്ന സർവ്വതിനോടും ഇസ്‌ലാം വിരുദ്ധമാണ്.

മറ്റൊരു സ്ഥാനാർത്ഥിയായിരുന്ന ഡാൻ ഫെനല്ലി നടത്തുന്ന ചാനലിൽനിന്നൊരു ദൃശ്യം: ഒരു വെളുത്ത മനുഷ്യനെ ചൂണ്ടിക്കൊണ്ട് മറ്റൊരാൾ ചോദിക്കുന്നു, "ഇയാൾ ഒരു തീവ്രവാദിയെപ്പോലിരിക്കുന്നുണ്ടോ?" എന്നിട്ട് അറബ് വംശജനെ പോലെയുള്ള ഒരാളെ ചൂണ്ടി "ഇയാളോ?"

ടെക്സാസിലെ സ്ഥാനാർത്ഥിയായിരുന്ന കാന്യോൻ ക്ലൗസസ് അമേരിക്കയിലെ മുസ്‌ലിം കുടിയേറ്റം നിയന്ത്രിക്കണമെന്ന് തീവ്രമായി വാദിക്കുന്നയാളാണ്.

രാജ്യത്തിന്റെ സുരക്ഷക്കും സ്വത്വവും സംസ്കാരവും പൈതൃകവും സംരക്ഷിക്കാൻ മുസ്‌ലിം കുടിയേറ്റം കർശനമായി നിർത്തിവെപ്പിക്കണമെന്ന ആവശ്യവുമായി നവംബറിലെ തെരഞ്ഞെടുപ്പിനായി കാത്തിരിക്കുകയാണ് ഒക്‌ലഹോമയിലെ അമേരിക്കൻ ഫാമിലി അസോസിയേഷൻ.

ലോകതലത്തിലെ മതസ്വാതന്ത്ര്യ വിഷയങ്ങളിൽ അമേരിക്കൻ പ്രസിഡണ്ടിനെയും ഗവൺമെന്റ് ഉദ്യോഗസ്ഥരെയും ഉപദേശിക്കുന്ന അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമ്മീഷനെതിരെ തിരിഞ്ഞിരിക്കയാണ് മുസ്‌ലിംവിരുദ്ധർ. ഇത്തരം വംശീയ പ്രശ്നങ്ങൾക്ക് പിറകിൽ കമ്മീഷനാണെന്ന് മുൻകമ്മീഷ്ണർമാരെയും സ്റ്റാഫിനെയും ഉദ്ധരിച്ച് വാഷിംഗ്ടൺ




പോസ്റ്റ് റിപ്പോർട്ട് ചെയ്യുന്നു.

കുറച്ചു മുമ്പ് നടന്ന ഖുർആൻ കത്തിക്കൽ നാടകം മതഭ്രാന്തിന്റെ മറ്റൊരു മുഖമായിരുന്നു. ഫ്ളോറിഡയിലെ വേൾഡ് ഔട്ട് റിച്ച് മേധാവിയായ പാസ്റ്റർ ടെറി ജോൺസാണ് പരസ്യമായി ഖുർആൻ കത്തിച്ച് 9/11ന്റെ സ്മരണ പുതുക്കുമെന്ന് പ്രഖ്യാപിച്ചത്. എന്നാൽ, ഇത് മുസ്‌ലിം ലോകത്തെ പ്രകോപിപ്പിക്കുമെന്നും അതു മുഖേന വിവിധ മുസ്‌ലിം രാജ്യങ്ങളിൽ ജോലി ചെയ്യുന്ന അമേരിക്കൻ പൗരന്മാരുടെ ജീവൻ അപകടത്തിലാകുമെന്നും അമേരിക്കൻ പ്രതിരോധ സെക്രട്ടറി ഫോൺ

ചെയ്തുണർത്തിയതിനു ശേഷമാണ് അയാൾ അതിൽനിന്ന് പിന്മാറിയത്. പക്ഷേ, ജോൺസുയർത്തിയ വിരോധം അവിടെയൊതുങ്ങിയില്ല, മിക്കിഗാനിലെ ഈസ്റ്റ് ലെൻസിംഗിലെ ഇസ്‌ലാമിക് സെന്ററിന് മുമ്പിൽ ആരോ പിച്ചിചീന്തിയ നിലയിൽ കണ്ടെത്തിയ ഖുർആന്റെ താളുകളിൽ ചിലത് മുഖം തുടച്ച നിലയിലായിരുന്നു. ഇത്തരം വംശവെറി മൂലം കാലിഫോർണിയ, ടെന്നീസ്സീ, ന്യൂയോർക്ക്, ഇല്ലനെയ്സ്, വിസ്കോൺസിൻ, കെന്റക്കി, ടെക്സാസ്, ഫ്ളോറിഡ എന്നിവിടങ്ങളിലെ മുസ്‌ലിംകളും മസ്ജിദുകളും നിരവധി സംഘട്ടനങ്ങൾക്കും പ്രശ്നങ്ങൾക്കും ഇരയായി. ഒഹിയോ പട്ടണത്തിലെ കൊളംബസിൽ മുസ്‌ലിം ഉടമസ്ഥതയിലുള്ള ജാഫ്ഫ മാർക്കറ്റിന്റെ ജനാലകളിലും പൂമുഖത്തും 9/11 എഴുതിവെക്കുകയും പണവും ലാപ്ടോപ്പുകളും മോഷ്ടിക്കുകയും സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തതാണ് ഏറ്റവുമൊടുവിലത്തെ സംഭവം. ഇതിനു പിന്നാലെ തന്നെ മറ്റൊരു സംഭവവും റിപ്പോർട്ട് ചെയ്യപ്പെട്ടു, ന്യൂയോർക്കിലെ ഹാഡ്സൺ ഇസ്‌ലാമിക് സെന്ററിന്റെ ചുമരിൽ അശ്ലീലമെഴുതി വെക്കുകയും മറ്റൊരു മസ്ജിദ് തകർക്കുകയും ചെയ്തു. കൂടാതെ, മസ്ജിദിന്റെ തറയിലും ചുമരിലും പെയിന്റൊഴിച്ച് വൃത്തികേടാക്കുകയും ചെയ്തു. മുസ്‌ലിം വിരുദ്ധ മുദ്രാവാക്യങ്ങൾ എഴുതി വെക്കാൻ മറന്നതുമില്ല. ഇതേ മസ്ജിദ് തന്നെ മുമ്പും തകർക്കപ്പെട്ടിരുന്നു. അങ്ങനെ പഴയ മസ്ജിദുകളുടെ നിലനിൽപ്പും പുതിയവയുടെ നിർമാണവും രാജ്യത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി മാറിയിരിക്കുന്നു. ചർച്ച് കേവലം ചർച്ചും അമ്പലം അമ്പലവുമാണ്. പക്ഷേ 9/11 ന് ശേഷം മസ്ജിദുകൾ മറ്റു പലതിന്റെയും പ്രതീകമായിത്തീർന്നിരിക്കുന്നു.

9/11 ന്റെ ഒമ്പതാം വാർഷികത്തിന്റെ തൊട്ട് മുമ്പത്തെ ദിവസമാണ് ഏഴ് മില്ല്യൺ വരുന്ന അമേരിക്കൻ മുസ്‌ലിംകൾ കഴിഞ്ഞ ഈദുൽ ഫിത്വർ ആഘോഷിച്ചത്. ഇതു മുഖേന മുസ്‌ലിംവിരുദ്ധ വികാരം വീണ്ടും ശക്തിയാർജ്ജിക്കുമെന്ന് മുസ്‌ലിം നേതാക്കൾ ഭയപ്പെട്ടിരുന്നു. അതുകാരണം മുസ്‌ലിം സംഘടനകളുടെ കൗൺസിൽ വാഷിംഗ്ടണിൽ വിളിച്ചുകൂട്ടുകയും ഈദുൽ ഫിത്വർ ആഘോഷത്തിൽനിന്ന് മാറിനിൽക്കരുതെന്നും അത് 9/11 ന്റെ ഇരകളോടുള്ള അനാദരവായിരിക്കുമെന്നു യോഗം വിലയിരുത്തി. വാഷിംഗ്ടൺ ഡി സിയിലെ അൽ ഹിജ്റ ഇസ്‌ലാമിക് സെന്ററിലെ ഔട്ട്റിച്ച് ഡയറക്ടറായ ഇമാം ജോഹരി അബ്ദുൽ മാലിക് പറഞ്ഞു: "ചിലർ ഞങ്ങൾ 9/11 ആഘോഷിക്കുകയാണെന്ന് കരുതുന്നവരുണ്ട്, എന്നാലും ഞങ്ങളത് നിർത്തിവെക്കാൻ പോകുന്നില്ല."

9/11 ന്റെ വാർഷികവും ഗ്രൗണ്ട് സീറോ മസ്ജിദ് വിവാദവും ഒന്നിച്ചു വന്നതോടെ മുസ്‌ലിംകൾക്കിതൊരു വിഷമഉഷ്ണമായിത്തീർന്നിരുന്നു.

കഴിഞ്ഞ ഏതാനും വർഷമായി എല്ലാവരുടെയും സൗകര്യാർത്ഥം അവധി ദിനത്തിന് ശേഷമുള്ള ശനിയാഴ്ച ഒരു കാർണിവലായി പെരുന്നാൾ ആഘോഷിച്ചിരുന്ന കാലിഫോർണിയയിലെ ഫ്രാൻസോ ഇസ്‌ലാമിക് സെന്റർ 9/11 വാർഷികത്തോടനുബന്ധിച്ച ഏത് ആഘോഷവും ദുർവ്യാഖ്യാനിക്കപ്പെടുന്നതിനാൽ പെരുന്നാൾ ആഘോഷം നിർത്തിവെച്ചു. മതസ്വാതന്ത്ര്യം രാജ്യത്തിന്റെ സ്ഥാപിത തത്വങ്ങളിലൊന്നും പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യം മുതൽക്കേ അതിന്റെ സംസ്ഥാപനത്തിനായി യത്നിക്കുന്ന രാജ്യമെന്നുമാണെന്നിരിക്കേ പലപ്പോഴും ക്ഷമിച്ചും ചിലപ്പോൾമാത്രം കുറ്റപ്പെടുത്തിയും കഴിയുന്ന മുസ്‌ലിംകൾ അടുത്ത തിരഞ്ഞെടുപ്പോടെ എല്ലാ പ്രശ്നങ്ങളും അവസാനിക്കുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ്. 1790-ൽ ടൂറോ സിനഗോഗ് നിർമിച്ച റോലഡ ഐലന്റിലെ ജൂതർക്കെഴുതിയ കത്തിൽ രാജ്യത്തിന്റെ മതതത്വം ആദ്യ പ്രസിഡണ്ട് ജോർജ്ജ് വാഷിംഗ്ടൺ ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്, അദ്ദേഹം പറയുന്നു: അമേരിക്കൻ പൗരന്മാർക്ക് ഏത് അനുകരണത്തെയും മൂല്യവത്തായി കാണാവുന്നതും സ്വീകരിക്കാവുന്നതുമാണ്. തീർത്തും സ്വതന്ത്രമായ ഒരു നയവ്യവസ്ഥയിൽ അഭിമാനിക്കുകയും ചെയ്യാം. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യവും പൗരന്റെ സംരക്ഷണവും ഭരണകൂടം വകവെച്ചു കൊടുക്കുന്നതു അഭിമാനകരംതന്നെ. യു എസ് ഗവൺമെന്റ് അസഹിഷ്ണുതക്ക് ഒരു തരത്തിലുള്ള അംഗീകാരവും അക്രമത്തിന് സഹായവും നൽകുന്നില്ല. മറിച്ച്, രാജ്യത്തിന്റെ കീഴിൽ നല്ല പൗരന്മാരായി കഴിയുന്നവർക്ക് ക്രിയാത്മകമായ സകല പിന്തുണയും പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

220 വർഷം മുമ്പ് ചിറക് മുളച്ച് തുടങ്ങുന്ന രാഷ്ട്രത്തിലിരുന്ന് ഇതെഴുതുമ്പോൾ അമേരിക്ക എന്ന രാഷ്ട്രത്തിൽ ഇത് ഉണ്ടാക്കിയേക്കാവുന്ന സ്വാധീനം അദ്ദേഹം കണ്ടിരിക്കണം.




**സയ്യിദ് ഹുസൈൻ നസ്വ്ർ**/വിവ: സലാം എം കൂട്ടാലുങ്ങൽ, സികെ റാശിദ് കുട്ടശ്ശേരി



## ഇസ്‌ലാമും മുസ്‌ലിം ലോകവും/രണ്ട്

# ഇസ്‌ലാമിക പാരമ്പര്യത്തിലെ ഏകാത്മകതയും വൈവിധ്യവും

**ഇ**സ്‌ലാം മതം വൈവിധ്യപൂർണമായ ആശയധാരകളെയും വ്യാഖ്യാനങ്ങളെയും ഉൾകൊള്ളുന്നുണ്ട്. ഇത് ഇസ്‌ലാമിക വെളിപാടിന്റെ തത്വങ്ങളുമായി ആഴത്തിൽ സ്പർശിച്ചതും ഏകോപിതമായതുമാണ്.

പാരമ്പര്യമായി ഇസ്‌ലാം ഉൾകൊള്ളുന്ന വ്യത്യസ്ത ആശയ സാംസ്കാരിക ധാരകളെ സംയോജിപ്പിക്കുന്ന അതിപ്രധാനമായ രണ്ടു ഘടകങ്ങളുണ്ട്. മനഃശാസ്ത്രപരമോ കർമശാസ്ത്രപരമോ ആയ വീക്ഷണ കോണിലൂടെ മനസ്സിലാക്കുന്നതിനേക്കാൾ ആധ്യാത്മിക രീതിയിൽ ഇത് ഉൾകൊള്ളാനാണ് എളുപ്പം. അവ രണ്ട് ശഹാദത്തുകളാണ്. അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്ന ആദ്യസാക്ഷ്യപ്പെടുത്തലിലൂടെ തന്നെ എല്ലാ മുസ്‌ലിംകളും ദൈവികാശയങ്ങളുടെയും തത്വങ്ങളുടെയും ഏകത്വത്തെയും എല്ലാ വസ്തുക്കളുടെയും ദൈവത്തിലുള്ള ആശ്രയത്വത്തെയും ഉറപ്പിക്കുന്നു. ഒപ്പം, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്ന രണ്ടാമത്തെ സാക്ഷ്യം വഹിക്കലിലൂടെ പ്രവാചകത്വത്തെ അംഗീകരിക്കുകയും സമ്പൂർണ്ണ മുസ്‌ലിമായിത്തീരുകയും ചെയ്യുന്നു.

എല്ലാത്തിനുമപ്പുറം വിശുദ്ധ ഖുർആൻ ദൈവിക വെളിപാടാണെന്നു മുസ്‌ലിംകൾ അംഗീകരിക്കുകയും അതിന്റെ മൂലവാക്യത്തെയും ആശയത്തെയും ഉൾകൊള്ളുകയും ചെയ്യുന്നു. അതുപോലെ തന്നെ വ്യത്യസ്ത ചിന്താഗതിക്കാർക്കിടയിൽ വ്യത്യസ്ത ഖുർആനിക ഭാഷ്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും മൂലവാക്യത്തിന്റെ ഏകാത്മകതയിൽ എല്ലാവരും സന്ധിചേരുന്നു. മൂലവാക്യങ്ങൾ വ്യത്യസ്തമായി ഇതുവരെ

കണ്ടെത്തിയിട്ടില്ല. മരണാനന്തര ജീവിതത്തെ കുറിച്ചുള്ള യാഥാർത്ഥ്യത്തിലും മുസ്‌ലിംകൾ ഏകോപിതരാണ്. ഖിയാമത്ത് ദിനം സംഭവിക്കുന്ന സമയത്തെ കുറിച്ചുള്ള ഖുർആൻ, ഹദീസ് വ്യാഖ്യാനങ്ങളുമായി ബന്ധപ്പെട്ട് വൈവിധ്യങ്ങളായ വ്യാഖ്യാനങ്ങൾ നിലനിൽക്കുന്നുണ്ടെന്നതും സത്യമാണ്.

അപ്രകാരം പ്രധാന അനുഷ്ഠാന കർമ്മങ്ങളായ ദൈനംദിന അഞ്ചു നേര നിസ്കാരങ്ങൾ, നോമ്പ്, ഹജ്ജ് തുടങ്ങിയ വിഷയങ്ങളിലും മുസ്‌ലിംകൾ ഐക്യത്തോടെ ജീവിക്കുന്നു. എങ്കിലും ചില ഇസ്‌ലാമിക നിയമങ്ങളുമായി ബന്ധപ്പെട്ട് ചില വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

ആത്യന്തികമായി ദൈവിക വെളിപാടുകളിൽ നിന്നും പ്രവാചകന്റെ തിരുചര്യകളിൽ നിന്നും നിർഗളിക്കുന്ന ഒന്നാണ് ആത്മാവെന്ന ബോധം ഉയർന്നുവരേണ്ടതുണ്ട്. സ്വർഗത്തിലേക്കുള്ള വഴി ഏത് നിമിഷവും തുറന്നുകിടക്കുന്ന സർവജനീന മതമാണ് ഇസ്‌ലാം. അതൊരിക്കലും നിഷേധിക്കാനാവാത്ത ഈ ഘടകങ്ങൾ ഇസ്‌ലാമിനെയും മുസ്‌ലിം ലോകത്തെയും ഐക്യപ്പെടുത്തുന്ന ശക്തമായ സാന്നിധ്യങ്ങളാണ്. സൂഫിസം പോലെയുള്ള മറ്റു ചില രീതികളിലൂടെയുള്ള ചില ആവിഷ്കാരങ്ങളിലൂടെയും ഇത് സാധ്യമാകുന്നുണ്ട്. ഇസ്‌ലാമിന്റെ ദർശനപരമായ വ്യാപ്തി, സൂഫിസം വഴി ഇസ്‌ലാമിക ലോകത്തെയാകമാനം കവർ ചെയ്യുന്നതും ഇസ്‌ലാമിക ലോകത്തെ ഒന്നിപ്പിക്കുന്ന ഒരു അദൃശ്യശക്തിയായി സൂഫിസം മാറുകയും ചെയ്യുന്നു. ഈ ഘടകങ്ങളുടെ സാന്നിധ്യവും സ്വാധീനവും സർവ്വവ്യാപിയാണ്. ബാഹ്യതലത്തിൽ പോലും നിഷേധിക്കപ്പെടാനാവാത്ത സംഗതിയാണിത്. അറബി ഭാഷയിൽ ഖുർആൻ ഓതുന്നത് എല്ലായിടങ്ങളിലുമുള്ള മുസ്‌ലിം മനസ്സുകളെ ഏകോപിപ്പിക്കുന്നു. അവർ അറബികളോ ബംഗാളികളോ ആവട്ടെ! ഇസ്‌ലാമിക നഗരങ്ങളുടെ ശിൽപചാരുതയിലും ഗ്രാമീണ പ്ലാനിംഗിലും ഈ ഏകത്വം ദൃശ്യമാണ്. മൊറോക്കോയിലായാലും പേർഷ്യയിലായാലും ഇതു തന്നെയാണവസ്ഥ.

അറബി ഭാഷയിൽ ഖുർആൻ ഓതുന്നത് എല്ലായിടങ്ങളിലുമുള്ള മുസ്‌ലിം മനസ്സുകളെ ഏകോപിപ്പിക്കുന്നു. അവർ അറബികളോ ബംഗാളികളോ ആവട്ടെ! ഇസ്‌ലാമിക നഗരങ്ങളുടെ ശിൽപചാരുതയിലും ഗ്രാമീണ പ്ലാനിംഗിലും ഈ ഏകത്വം ദൃശ്യമാണ്. മൊറോക്കോയിലായാലും പേർഷ്യയിലായാലും ഇതു തന്നെയാണവസ്ഥ.



മറ്റൊരു മുസ്‌ലിമിന്റെ വീട്ടിലേക്ക് കടക്കുമ്പോൾ ചെരുപ്പഴിച്ച് വെക്കുന്നതടക്കമുള്ള പരമ്പരാഗത മുസ്‌ലിം വസ്ത്രധാരണ രീതിയിലും ഈ ഐക്യബോധം കാണാം. സെനഗലിലും മലേഷ്യയിലുമായാലും ഇത് പ്രകടമാണ്.

ഈ ഐക്യത്തിനുള്ളിൽ പുറമേ നിന്നുള്ളവർക്ക് പോലും വിവിധ രീതിയിലുള്ള വൈവിധ്യങ്ങൾ കാണാവുന്നതാണ്. അത് വ്യാഖ്യാനപരമോ, നിയമപരമോ, മനഃശാസ്ത്രപരമോ, തത്വശാസ്ത്രപരമോ, സാമൂഹിക ശാസ്ത്രപരമോ ആയ ഏത് രീതിയിലുമാവാം. ഈ യാഥാർത്ഥ്യത്തിലേക്ക് നബി(സ) വിരൽചൂണ്ടുന്നത് കാണുക: "എന്റെ ഉമ്മത്തിലെ പണ്ഡിതൻമാർക്കിടയിലെ അഭിപ്രായാന്തരങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമാണ്." ചരിത്രത്തിലുടനീളം ഖുർആൻ, ഹദീസ് എന്നിവയുമായി ബന്ധപ്പെട്ട വ്യത്യസ്ത വ്യാഖ്യാനങ്ങൾ നിലനിന്നിട്ടുണ്ട്. വിവിധ നിയമങ്ങളും മതശാസ്ത്രപരവും തത്വശാസ്ത്രപരവുമായ വ്യാഖ്യാനങ്ങളും മതത്തിന്റെ മൗലിക വചനങ്ങളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട രാഷ്ട്രീയവാദങ്ങളുമടക്കമുള്ള വൈവിധ്യങ്ങൾ മതസ്പർദ്ധകൾക്ക് വഴിവെച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇത് ചിലപ്പോഴൊക്കെ യുദ്ധങ്ങളിലേക്ക് വരെ നയിച്ചിട്ടുമുണ്ട്. പക്ഷേ, എന്തായാലും ഇത് ഇസ്‌ലാമിന് യോജിച്ചതായിരുന്നില്ലെന്നു മാത്രം.

വൈവിധ്യങ്ങൾ മതമെന്ന നിലയിലോ നാഗരികമെന്ന രീതിയിലോ ഒരിക്കലും ഇസ്‌ലാമിന്റെ ഐക്യത്തിന് വിലങ്ങു തടിയായി മാറിയിട്ടില്ല. ഈ മതവ്യാഖ്യാനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിരുദ്ധഭാവങ്ങൾ എന്റെ സമുദായം 73 വിഭാഗമായി ഭിന്നിക്കുമെന്ന നബി(സ)യുടെ മുന്നറിയിപ്പിനോട് ചേർത്തുവായിക്കേണ്ടതാണ്. ഇതിൽ ഒരു വിഭാഗം മാത്രമാണ് പരിപൂർണാർത്ഥത്തിൽ സത്യത്തോട് ചേർന്നു നിൽക്കുന്നത് എന്നാണ് നബി(സ) പഠിപ്പിച്ചത്. ഈ പ്രഖ്യാപനത്തിലൂടെ ഇത്തരം വിഭാഗീയതകൾ ഉടലെടുക്കുമെന്ന് മാത്രമല്ല യഥാർത്ഥ സത്യത്തിലേക്കുള്ള

ഊന്നൽ കൂടി നൽകുന്നുണ്ട്.

ഏകദേശം എല്ലാ മുസ്‌ലിംകളും സുന്നി, ശിയാ, ഖവാരിജി എന്നീ മൂന്നു വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവരാണ്. അലി(റ), മുആവിയ(റ) എന്നിവരുടെ ഖിലാഫത്തിനുള്ള അവകാശവാദങ്ങളെ എതിർക്കുന്ന വിഭാഗമാണ് ഖവാരിജുകൾ. ഇതു സംബന്ധിയായ വിശദീകരണം ശേഷം വരുന്നുണ്ട്. ഇക്കൂട്ടർ എക്കാലത്തും എണ്ണത്തിൽ വളരെ കുറവായിരുന്നു. ഇന്നവർ 'ഇബാദികൾ' എന്ന പേരിലറിയപ്പെടുന്നു. ഒമാൻ മുതൽ വടക്കേ അൾജീരിയ വരെയുള്ള പ്രദേശങ്ങളിലാണ് ഇവർ വസിക്കുന്നത്.

ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന രണ്ടു പ്രധാന വിഭാഗങ്ങളാണ് സുന്നികളും ശിയാക്കളും. സുന്നികളാണ് മൃഗീയഭൂരിപക്ഷവും, അഥവാ, 86-87 ശതമാനം ആളുകളും സുന്നികളാണ്. പ്രവാചകൻ(സ)യുടെയും അനുയായികളുടെയും തിരുചര്യകളെ ഉൾകൊള്ളുന്നവരും പിൻപറ്റുന്നവരുമായതു കൊണ്ട് അഹ്‌ലുസ്സുന്നത്തി വൽജമാഅ എന്ന പേരിലാണ് സുന്നികൾ അറിയപ്പെടുന്നത്. ഏകദേശം 13 മുതൽ 14 ശതമാനം വരെയാണ് ശിയാ മുസ്‌ലിംകൾ. അലിയ്യുബ്നിൻ അബൂത്വാലിബിന്റെ ആളുകൾ എന്നർത്ഥം വരുന്ന 'ശിഅത്തു അലി' യിൽ നിന്നുമാണ് ഈ നാമം ഉടലെടുത്തത്. ഇവർ ഇസ്മാഈലികൾ, സൈദികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് കീഴിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. 12 ഇമാം വാദത്തെ അംഗീകരിക്കുന്ന ശിയാക്കളാണ് ബഹുഭൂരിപക്ഷവുമുള്ളത്. 150 മില്യനോളം വരുന്ന ഇക്കൂട്ടർ ഇറാഖ്, ലബനാൻ, പേർഷ്യൻ കടലിടുക്ക് സ്റ്റേറ്റുകൾ, കിഴക്കേ സഊദി അറേബ്യ, അഫ്ഗാൻ, അസർ ബൈജാൻ, ബഹ്റൈൻ, പാകിസ്താൻ, ഇന്ത്യ തുടങ്ങിയ നാടുകളിലാണുള്ളത്. ഇറാൻ, ഇറാഖ്, അസർ ബൈജാൻ, ബഹ്റൈൻ എന്നീ രാഷ്ട്രങ്ങളിൽ ഈ വിഭാഗം ശിയാക്കളാണ് ജനസംഖ്യയിൽ ഭൂരിപക്ഷവും. ലബനാനിൽ ഏറ്റവും വലിയ മതസമൂഹമാണ് ശിയാക്കൾ.

ഇസ്മാഈലികൾ പ്രധാനമായും രണ്ടു വിഭാഗമായി വഴിപിരിഞ്ഞിട്ടുണ്ട്. ഒന്ന്, ഇന്ത്യ കേന്ദ്രീകരിച്ചും മറ്റൊന്ന് അവർ ആത്മീയ ഭൗതിക നേതാവായി കരുതുന്ന ആഗാഖാന്റെ നിയന്ത്രണത്തിനു കീഴിൽ വിവിധ സമുദായങ്ങളിലായും ചിന്നിച്ചിതറിക്കിടക്കുകയും ചെയ്യുന്നു. അവരെ കുറിച്ചുള്ള കൃത്യമായ കണക്ക് ലഭിക്കാൻ ഇത് പ്രയാസം സൃഷ്ടിക്കുന്നുണ്ടെങ്കിലും അവർ ഏകദേശം ഒരു മില്യനോളം ആളുകളുണ്ട്. ശിയാക്കളിലെ വിവിധ ചിന്താധാരകൾക്കിടയിൽ മതപരമായി സുന്നികളോട് അടുപ്പം പുലർത്തുന്ന സൈദികൾ (Zaydis) വാനും സമുദായഭരണം നടത്തുവാനും മുസ്‌ലിം ലോകത്തിന്റെ അതിരുകൾ കാക്കുവാനും കഴിയുന്ന വ്യക്തിയാവണം. എന്നാൽ, ശിയാക്കൾ വിശ്വസിച്ചത് അദ്ദേഹത്തിന് വിശുദ്ധ ഖുർആനും നിയമങ്ങളും വ്യാഖ്യാനിക്കാൻ അറിവും കഴിവും ഉണ്ടാവണമെന്നാണ്. കൂടാതെ, ദൈവത്താലും പ്രവാചകനാലും തെരഞ്ഞെടുക്കപ്പെട്ടയാളുമാവണം. സമുദായമല്ല ഇമാമിനെ തെരഞ്ഞെടുക്കേണ്ടതെന്ന് അവർ വിശ്വസിച്ചു. അത്തരം കഴിവുകൾ ഒത്തിണങ്ങിയ വ്യക്തികളെ ഇമാം എന്ന് വിളിക്കുന്നു. എന്നിരു

**ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന രണ്ടു പ്രധാന വിഭാഗങ്ങളാണ് സുന്നികളും ശിയാക്കളും. സുന്നികളാണ് മൃഗീയഭൂരിപക്ഷവും. അഥവാ, 86-87 ശതമാനം ആളുകളും സുന്നികളാണ്. പ്രവാചകൻ(സ)യുടെയും അനുയായികളുടെയും തിരുചര്യകളെ ഉൾകൊള്ളുന്നവരും പിൻപറ്റുന്നവരുമായതു കൊണ്ട് അഹ്‌ലുസ്സുന്നത്തി വൽജമാഅ എന്ന പേരിലാണ് സുന്നികൾ അറിയപ്പെടുന്നത്. ഏകദേശം 13 മുതൽ 14 ശതമാനം വരെയാണ് ശിയാ മുസ്‌ലിംകൾ.**

കൂടുതലും യമനിലാണ് വസിക്കുന്നത്.

സുന്നി വിഭാഗത്തിൽ നിന്നും ശിയാക്കൾ വിഘടിച്ചുപോവാനുള്ള പ്രധാന കാരണം ഉടലെടുത്തത് പ്രവാചകന്റെ(സ) വിയോഗാനന്തരം പിന്തുടർച്ചാവകാശവുമായി ബന്ധപ്പെട്ട ചോദ്യം ഉയർന്നതോടെയാണ്. ഭൂരിപക്ഷം ആളുകളും പ്രവാചകന്റെ സന്തത സഹചാരിയായ അബൂബക്ർ(റ)നെ ആദ്യ ഖലീഫയായി അഭിപ്രായപ്പെട്ടപ്പോൾ പ്രവാചകന്റെ മരുമകനായ അലി(റ) ഖലീഫയാവണമെന്ന് മറ്റൊരു ചെറുവിഭാഗം വാദിച്ചു. എങ്ങനെയായാലും പ്രശ്നം വ്യക്തിത്വങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. പ്രവാചകനെ അനന്തരമെടുക്കുന്ന വ്യക്തിയുടെ മതബോധവുമായും ഇത് ബന്ധപ്പെട്ടിരുന്നു.

സുന്നികളുടെ വിശ്വാസപ്രകാരം പ്രവാചകന്റെ അനന്തരഗാമി ദൈവിക നിയമങ്ങളെ സംരക്ഷിക്കുവാനും വിധികർത്താവായി പ്രവർത്തിക്കു ന്നാലും അവർക്ക് നുബുവ്വത്തുമായി യാതൊരുവിധ പങ്കാളിത്തവും ഉണ്ടാവുകയില്ല. പ്രവാചകനിൽ നിന്നും ആന്തരികമായ ആത്മീയ ശക്തി (വിലായത്ത്) കരസ്ഥമാക്കിയ വ്യക്തിയാവണം ഇമാം. ഈ കാര്യങ്ങളായിരുന്നു പ്രവാചകന്റെ അനന്തരാവകാശിയായി വരുന്ന വ്യക്തിക്ക് ആവശ്യമായി വരുന്ന ഘടകങ്ങളെന്ന് ശിയാക്കൾ കരുതിയത്. ഈ ഗുണങ്ങൾ മുഴുവൻ ഒത്തിണങ്ങിയ വ്യക്തിയായി ശിയാക്കൾ തെരഞ്ഞെടുത്തത് അലി(റ)യെ ആയിരുന്നു. പ്രവാചകൻ(സ) വഫാത്തിന് മുമ്പ് തന്നെ അലി(റ)യെ പിൻഗാമിയായി തെരഞ്ഞെടുത്തിരുന്നുവെന്ന് അവർ വിശ്വസിക്കുന്നു. ആത്യന്തികമായി ശിയാക്കൾ അഹ്‌ലുബൈത്തുമായി (പ്രവാചക കുടുംബം) അലി(റ), പ്രവാചക പുത്രിയായ ഫാത്വിമ(റ) എന്നിവരിലേക്ക് പാരമ്പര്യമായി ചെന്നെത്തുന്നുണ്ട്.

പന്ത്രണ്ട് ഇമാം ശിയാക്കൾ അൽപകാലം മാത്രം ഖലീഫയായി

രുന്ന അലി(റ)യുടെ കൊലപാതകം മുതൽ 1979-ലെ ഇറാനിയൻ വിപ്ലവം വരെ നിലനിന്ന ഒരു രാഷ്ട്രീയാധികാര കോണുകളെയും അംഗീകരിക്കുന്നില്ല. അവരുടെ വീക്ഷണപ്രകാരം 12-ാമത്തെ ഇമാമായ മഹ്ദി(റ) അദൃശ്യലോകത്ത് ഇന്നും ജീവിച്ചുകൊണ്ടിരിക്കുന്നു. നിയമപരമായ എല്ലാ രാഷ്ട്രീയാധികാരങ്ങളും അദ്ദേഹത്തിൽനിന്നുമാണ് കടന്നുവരുന്നത്. മനുഷ്യചരിത്രത്തിന്റെ അവസാനം കുറിക്കുന്ന അന്ത്യദിനവുമായി ബന്ധപ്പെട്ട് പ്രത്യക്ഷപ്പെടുന്ന അദ്ദേഹം ലോകത്ത് ശാന്തിയും സമാധാനവും കൊണ്ടുവരുന്നു.

ശിയാക്കൾ ഇറാനിലെ ഭരണം നേരിട്ട് കയ്യാളാൻ തുടങ്ങിയ 1979-ലെ ഇറാനിയൻ വിപ്ലവം മുതൽ മതവും ഭരണകൂടവും തമ്മിലെ ബന്ധങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ കൈവന്നു. എന്നിരുന്നാലും അദൃശ്യനായ ഇമാമിന്റെ പ്രാധാന്യവും പങ്കും അപ്പോഴും ചോദ്യം ചെയ്യപ്പെടാതെ തന്നെ അവശേഷിക്കുന്നു.

വിവിധ ഗ്രൂപ്പുകളായിരുന്ന ശിയാക്കൾ ഏകീകരിക്കപ്പെട്ടത് അവർ മൂന്നാമത്തെ ഇമാമായി കരുതുന്ന ഹുസൈൻ ബ്നു അലി ഏഴാം നൂറ്റാണ്ടിൽ(ഹി:1) ഉമവി ഖലീഫയായ യസീദുമായി ഇറാഖിലെ കർബലയിൽ വച്ച് നടന്ന യുദ്ധത്തിൽ കൊല്ലപ്പെട്ടതോടെയാണ്. ഈ യുദ്ധത്തിൽ അദ്ദേഹമടക്കമുള്ള പ്രവാചക കുടുംബത്തിലെ ഒട്ടനവധിയാളുകൾ വധിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ തലഭാഗമൊഴികെയുള്ള ശരീരം

**ഒരു രാഷ്ട്രീയ പ്രസ്ഥാനമായി ശീഇസം ഒരിക്കലും പരിഗണിക്കപ്പെട്ടിരുന്നില്ല. അവർ സ്വന്തമായി നിയമ ചിന്താഗതികൾ, മതമീമാംസ, തത്വശാസ്ത്രം, മറ്റു മതശാസ്ത്രങ്ങൾ എന്നിവ വികസിപ്പിക്കുകയുണ്ടായി**

അവിടെ തന്നെ മറവ് ചെയ്തു. തലഭാഗം കൈറോയിലേക്ക് കൊണ്ടുവരികയും അവിടെ മറവ് ചെയ്യുകയും ചെയ്തു. അവിടെ ഒരു പള്ളി പണിയുകയുണ്ടായി. ഇന്നും നഗരത്തിന്റെ ഹൃദയഭാഗത്ത് ആ പള്ളി നിലനിൽക്കുന്നുണ്ട്. പന്ത്രണ്ട് ഇമാം ശീഇസം വർധിച്ചുവരുന്ന രാഷ്ട്രീയ പ്രാധാന്യത്തിന് നേരെ പ്രതിരോധ പ്രസ്ഥാനമായി നിലനിന്നെങ്കിലും 1501-ൽ (ഹി: 907) സഫാവിദുകൾ (Safavids) പേർഷ്യ കീഴടക്കുന്നത് വരെ വിശാലമായ രീതിയിൽ ഇസ്ലാമിക ലോകത്തൊരു പ്രദേശത്തും പൂർണരാഷ്ട്രീയ ശക്തിയായി വളരാൻ അവർക്ക് സാധിച്ചില്ല. അവിടെ ഭരണം സ്ഥാപിച്ച ശേഷം രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി.

ഇസ്മാഈലികളെ സംബന്ധിച്ചിടത്തോളം ഇസ്ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ട കാലം ആരംഭിക്കുന്നത് ഫാതിമിയ്യാക്കളുടെ കടന്നുവരവോടെയാണ്. തുണീഷ്യ മുതൽ സിറിയ വരെയുള്ള വിശാലമായ ഭൂപ്രദേശങ്ങളിൽ ഈജിപ്ത് കേന്ദ്രമായി എ.ഡി. 909 മുതൽ 1171 വരെ (ഹി: 297-567) അവർ ഭരണം കയ്യാളുകയുണ്ടായി. സൈദിസത്തെ പിന്തുണക്കുന്നവർ യമൻ കേന്ദ്രമായി ഭരണം നടത്തുകയും ഇത് 1962-ൽ ഈജിപ്ത് അധിനിവേശം വരെ തുടരുകയും ചെയ്തു.

ഒരു രാഷ്ട്രീയ പ്രസ്ഥാനമായി ശീഇസം ഒരിക്കലും പരിഗണിക്കപ്പെട്ടിരുന്നില്ല. അവർ സ്വന്തമായി നിയമ ചിന്താഗതികൾ, മതമീമാംസ, തത്വശാസ്ത്രം, മറ്റു മതശാസ്ത്രങ്ങൾ എന്നിവ വികസിപ്പിക്കുകയുണ്ടായി. ഇതിൽ അവരുടേതായ ഖുർആൻ വ്യാഖ്യാന രീതിശാസ്ത്രങ്ങളും ഉൾപ്പെട്ടിരുന്നു.

സംവാദങ്ങൾക്കും ചിലപ്പോഴൊക്കെ സംഘട്ടനങ്ങൾക്കും ശിയാ, സുന്നി വിഭാഗങ്ങൾക്കിടയിൽ നിലനിന്ന മതപരമായ ഭിന്നതകൾ വഴിവെക്കുകയുണ്ടായി. ഇതൊരിക്കലും ഇരുലോകത്തുമുള്ള മതചിന്തകളുടെ വികാസത്തെ ക്രിയാത്മകമായി സ്വാധീനിച്ചിട്ടില്ല. എങ്കിലും കേവല ഭിന്നതകൾ തീർത്ത അകൽച്ചകൾ മാത്രമായിരുന്നില്ല അവർക്കിടയിൽ നിലനിന്നിരുന്നത്. സാഹചര്യങ്ങൾക്കനുസരിച്ച് ഐക്യപ്പെടാനും അവർ ഒരുക്കമായിരുന്നു. സുന്നി ശിയാക്കൾക്കിടയിലെ രാഷ്ട്രീയവും സൈനികവുമായ ഭിന്നതകളെ ചൂഷണം ചെയ്യാനും പിടിച്ചടക്കാനുമുള്ള പാശ്ചാത്യൻ ശക്തികളുടെ 17-ാം നൂറ്റാണ്ടോടെയുള്ള ശ്രമങ്ങളെ തിരിച്ചറിഞ്ഞു കൊണ്ട് സമാധാനത്തോടെയുള്ള ജീവിതമായിരുന്നു അവർക്കിടയിൽ ഉണ്ടായിരുന്നത്. പ്രത്യേകിച്ചും കഴിഞ്ഞ നൂറ്റാണ്ടിൽ അവരുടെ പണ്ഡിതൻമാർ ഇസ്ലാമിക പാരമ്പര്യത്തിന് കീഴിലാക്കി പരസ്പരം ഐക്യപ്പെടാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകി. പരസ്പര സഹകരണത്തോടെയും ക്രിയാത്മകവുമായാണ് അന്ന് അവർ പ്രതികരിച്ചത്.

ശിയാക്കളെയും സുന്നികളെയും പോലെ ഇസ്ലാമിക ലോകത്ത് വലിയ പ്രാധാന്യമില്ലെങ്കിലും മറ്റു ചില ഗ്രൂപ്പുകളും നിലനിൽക്കുന്നുണ്ട്.


പട്ടാമ്പി മണ്ഡലം എസ്.വൈ.എസ്. കമ്മിറ്റി സംഘടിപ്പിക്കുന്ന

**അജ്മീർ സിയാറത്ത് ടൂർ**

അജ്മീർ ● ഡൽഹി ● ആഗ്ര

**2011 ഏപ്രിൽ ആദ്യവാരം ട്രെൻ മാർഗം പുറപ്പെടുന്നു**

ടിക്കറ്റ് ചാർജ് ഒരാൾക്ക് 3500 രൂപ. 2000 രൂപ നൽകി ജനുവരി 31നകം ബുക്ക് ചെയ്യുക

ബുക്കിങിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക.

**ഫാമിലി സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

മൊബൈൽ: 9846 44 4883, 9745 65 5898, 9846 00 4912

മതശാസ്ത്രപരവും തത്വശാസ്ത്രപരവുമായി നിലനിൽക്കുന്ന ഈ ഭിന്നതകളെ പറ്റി 'അൽമിലൽ വന്നിഹലി'ലെ 'മത ഗ്രൂപ്പുകളും വിവിധ ചിന്താധാരകളും' എന്ന ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. ഇത്തരം ഗ്രൂപ്പുകളിൽ പലതിനെയും മധ്യകാല നൂറ്റാണ്ടുകളിൽ ക്രിസ്ത്യൻ മതത്തിൽ നിലനിന്ന ബോണ പെൻചുറിയൽ-തോമിസ്റ്റിക് മതവ്യാഖ്യാനങ്ങളെ പോലെ കാണാവുന്നതാണ്. പക്ഷേ, ചിലർ സുന്നിസത്തോടും ശീഇസത്തോടും താരതമ്യപ്പെടുത്താവുന്ന വിഭാഗമായി വളരുകയുണ്ടായി. ഇക്കൂട്ടർ ഇസ്‌ലാമിക പാരമ്പര്യത്തെ നിലനിറുത്താനും പൈതൃകവും പാരമ്പര്യവും ഏതെങ്കിലും ഗ്രൂപ്പുകളുടെ പേരിൽ നിർവചിക്കപ്പെടാതിരിക്കാനുമുള്ള ശ്രമങ്ങൾക്കാണ് നേതൃത്വം നൽകുന്നത്. തുർക്കിയിലെ അലാവികൾ, സിറിയയിലെ നുസയ്‌രികൾ എന്നിവരെ പോലെയുള്ള മറ്റുചില ചെറുവിഭാഗങ്ങളും നിലനിൽക്കുന്നുണ്ട്. ഇവർ ചില കാര്യങ്ങളിലൊക്കെ ഇസ്‌ലാമുമായി സാദൃശ്യം പുലർത്തുന്നവരാണ്. മറ്റുചിലർ ലബനാനിലും അയൽ നാടുകളിലും വസിക്കുന്ന ഡ്രൂസുകളും ബഹായികളുമാണ്. (ഇവർ പേർഷ്യക്കാരാണെങ്കിലും ഇന്ന് വിവിധ നാടുകളിലായി ചിതറിക്കിടക്കുന്നു. ഇവർ ഇസ്‌ലാമിൽ നിന്നും മാറി സ്വതന്ത്ര മതമായി അറിയപ്പെടുന്നുണ്ടെങ്കിലും ചരിത്രപരമായി ഇതിന്റെ ആവിർഭാവം ഇസ്‌ലാമുമായി ബന്ധപ്പെട്ടു കിടക്കുന്നു.)

എന്തുതന്നെയായാലും ഈ ചെറുവിഭാഗങ്ങൾ ഇസ്‌ലാമിക ലോകത്ത് ചില ഭാഗങ്ങളിൽ കേന്ദ്രീകരിക്കുകയും ഇസ്‌ലാമിക സമൂഹത്തിനുള്ളിൽ നിലനിൽക്കുന്ന വൈവിധ്യങ്ങൾക്ക് അവരുടേതായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. അത് പലതും പ്രതികൂലതലത്തിൽനിന്നു കൊണ്ടായിരുന്നെങ്കിൽ പോലും ഒപ്പം വ്യത്യസ്ത ചിന്താധാരകൾ വെച്ചു പുലർത്തുന്നവരുടെ അധ്യാപനങ്ങൾ ഇസ്‌ലാമിലെ ഭൂരിപക്ഷ സമൂഹത്തോട് പല വിഷയങ്ങളിലും എതിരു നിൽക്കുന്നവയാണ്.



### ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനിയുടെ
### കുറിപ്പുകൾ – പത്ത്



# മദ്ഹബുകൾക്കിടയിലെ സൗഹൃദ ചിന്ത

**പ**ല കാര്യങ്ങളിലും കർമശാസ്ത്ര പണ്ഡിതൻമാർ വലിയ അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചിട്ടുണ്ട്. ശ്രേഷ്ഠവും ശ്രേഷ്ഠമല്ലാത്തതുമായ കാര്യങ്ങളെ സംബന്ധിച്ചായിരിക്കും മിക്കവാറും ചൂടേറിയ ചർച്ച. റുകൂഇലേക്ക് പോകുമ്പോൾ കൈ ഉയർത്തണമോ വേണ്ടെയോ?, 'ആമീൻ' പതുക്കെയാണോ ഉറക്കെയാണോ പറയേണ്ടത്? വാങ്കു വാക്യങ്ങൾ ആവർത്തിക്കണോ വേണ്ടെയോ? ഇവയൊക്കെ വലിയ ചർച്ചകളായിട്ടുണ്ട്. പക്ഷേ, എങ്ങനെയായാലും നിസ്കാരം ആരുടെ കാഴ്ചപ്പാടിലും കറാഹത്തു വരാതെ നടക്കുന്നു.

മദ്ഹബുകൾക്കിടയിൽ ഇത്തരം ചൂടേറിയ ചർച്ചകളൊക്കെയായിട്ടും പരസ്പര സൗഹൃദത്തിന്റെ ഉദാഹരണങ്ങൾ കാണാനാവും. അത്തരമൊരു ഉദാഹരണം ഇന്നു വായിക്കാനിടയായി. അതിങ്ങനെയാണ്:

അല്ലാമ ത്വഹ്താവീ(റ) രേഖപ്പെടുത്തുന്നു: ഖാസി അബൂ ആസിം ആമിരീ(റ) ഹനഫീ പണ്ഡിതനായിരുന്നു. ഒരിക്കൽ അദ്ദേഹം പ്രസിദ്ധ ശാഫിഈ പണ്ഡിതനായ അല്ലാമ ഖഫ്ഫാലി(റ)ന്റെ പള്ളിയിൽ മഗ്‌രിബ് നിസ്കാരത്തിനു പോയി. ശാഫിഈ മദ്ഹബിൽ ഇഖാമത്ത് കൊടുക്കുമ്പോൾ "അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്, രണ്ട് ഹൈയ്അലകൾ' എന്നിവ ഓരോ തവണ മാത്രമാണ് പറയുക. എന്നാൽ ഇവ ഹനഫീ മദ്ഹബിൽ രണ്ടു പ്രാവശ്യവുമാണ്. ഖാസിയെ കണ്ട ഖഫ്ഫാൽ അദ്ദേഹത്തോട്

ആദരവ് പ്രകടിപ്പിച്ച് അന്ന് ഇമാമത്തിന്റെ വാക്യങ്ങൾ രണ്ടു പ്രാവശ്യം ചൊല്ലാൻ കൽപ്പിച്ചു. അതിനു ശേഷം ഖാസിയോട് നിസ്കരിക്കാൻ ഖഫ്ഫാൽ പറഞ്ഞു. ഖാസി(റ) ഫാതിഹ തുടങ്ങുന്നതിനു മുമ്പേ 'ബിസ്മി' ഉറക്കെ ഓതുകയും മറ്റു പല കർമ്മങ്ങളും ശാഫിഈ മദ്ഹബനുസരിച്ച് ചെയ്യുകയും ചെയ്തു.

(ഹാശിയത്തുദ്ദുർറിൽ മുഖ്താർ, ത്വഹ്ത്വാവീ 50/1 ഈജിപ്ത്)

## സഹൃദയനായ അയൽവാസി

അബൂഹംസ മുഹമ്മദ്ബ്നു മയ്മൂൻ സുക്കരീ (മരണം ഹി: 168) പ്രസിദ്ധ ഹദീസ് പണ്ഡിതനാണ്. 'സുക്കരി' എന്നതിന്റെ പദാർത്ഥം 'മധുരക്കാരൻ' എന്നാണ്. മധുരസാധനങ്ങൾ വിൽക്കുന്നയാൾക്കാണ് സുക്കരി എന്ന് പറയുന്നത്. പക്ഷേ, അബൂഹംസക്ക് ഈ പേരു വന്നത് തന്റെ സംസാരം വളരെ മധുരവും സ്വാധീനമുളവാക്കുന്നതും ആയത് കൊണ്ടാണ്. തന്റെ അയൽപക്കത്ത് ആരെങ്കിലും രോഗിയായാൽ അവരുടെ ചികിത്സാ ചെലവ് വഹിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. അല്ലാഹു തനിക്ക് അത്തരം രോഗങ്ങൾ തരാതെ തന്നോട് ഗുണം ചെയ്തു എന്നതിനാൽ അതിനു കൃതജ്ഞതയായി പ്രസ്തുത തുക ധർമ്മമായി നൽകുന്നുവെന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം.

തന്റെ അയൽവാസികൾ അബൂഹംസയുടെ കാര്യത്തിൽ എത്രത്തോളം സന്തുഷ്ടരായിരുന്നുവെന്നതിന് ഒരു സംഭവം പറയാം: അബൂഹംസ(റ)യുടെ ഒരയൽവാസി തന്റെ വീട് വിൽക്കാൻ തീരുമാനിച്ചു. വാങ്ങാൻ വന്നയാൾ വില ചോദിച്ചപ്പോൾ അയൽവാസി പറഞ്ഞു: "വീടിന്റെ വില രണ്ടായിരം, രണ്ടായിരം അബൂഹംസയുടെ അയൽപ്പക്കത്തിനും." അയൽവാസിയുടെ വിൽപനക്കാര്യം കേട്ടറിഞ്ഞ അബൂഹംസ നാലായിരം രൂപ അയാൾക്ക് കൊടുത്തയച്ച് പറഞ്ഞു: "ഇതവിടെ വച്ചോ, വീട് വിൽക്കരുത്."(താരീഖെ ബഗ്ദാദ്/ഖതീബ് 268/3 ദാറുൽ കിതാബ് അൽ അറബി ബൈറൂത്ത്)

## തീയിൽ ചാടി രക്ഷപ്പെട്ട പ്രവാചകാനുയായി

ഇബ്റാഹീം നബി(അ)യെ നംറൂദ് ചക്രവർത്തി അഗ്നികുണ്ഠാരത്തിലിടുകയും ഒന്നും സംഭവിക്കാതെ അല്ലാഹു രക്ഷപ്പെടുത്തിയതുമായ അമാനുഷിക സംഭവം പ്രസിദ്ധമാണ്. ഇത്തരമൊരു സംഭവം മുഹമ്മദ് നബി(സ)യുടെ സമുദായത്തിലെ ഒരാൾക്കും ഉണ്ടായിട്ടുണ്ട്. അബൂ മുസ്‌ലിം ഖൗലാനി(റ) യായിരുന്നു ആ മനുഷ്യൻ.

യമനിലെ കള്ളപ്രവാചകനായിരുന്ന അസ്‌വദുൽ അൻസീ ഖൗലാനി(റ)യെ വിളിപ്പിച്ച് തന്റെ 'പ്രവാചകത്വം' അംഗീകരിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, ഖൗലാനി(റ) മുഹമ്മദ്(സ)ക്ക് ശേഷം ഒരാളെയും നബിയായി അംഗീകരിച്ചിരുന്നില്ല. പ്രതികാരമായി വലിയ ചിതയുണ്ടാക്കി അൻസീ അദ്ദേഹത്തെ അതിലിട്ടു. പക്ഷേ, അല്ലാഹു തീയെ നിരുപദ്രവകാരിയാക്കി. ഖൗലാനി(റ) സുരക്ഷിതനായി തീയിൽ നിന്നും രക്ഷപ്പെട്ടു. ഖൗലാനി(റ)യെ കൂടുതൽ ദേഷ്യപ്പെടുത്തരുതെന്നും ഇവിടെ രാജ്യത്ത് അയാളെ നിലനിർത്തുന്ന പക്ഷം ജനങ്ങളെ അൻസിക്കെതിരെ തിരിച്ചുവിടുമെന്നും അതിനാൽ ഖൗലാനിയെ നാടുകടത്തണമെന്നും ജനങ്ങൾ അൻസിയോട് അഭിപ്രായപ്പെട്ടു. അതുപ്രകാരം അൻസി അദ്ദേഹത്തെ നാടുകടത്തി.

യമനിൽനിന്നു നാടുകടത്തപ്പെട്ട ഖൗലാനി മദീനയിൽ എത്തി. അപ്പോഴേക്കും നബി(സ) പരലോകം പൂകുകയും തന്റെ പ്രതിനിധിയായി അബൂബക്ർ(റ) ഖലീഫയായി അവരോധിക്കപ്പെടുകയും ചെയ്തിരുന്നു. പ്രവാചകന്റെ പള്ളിയിലെത്തി തന്റെ ഒട്ടകത്തെ കെട്ടിയിട്ട് തൂൺ മറയാക്കി ഖൗലാനി(റ) നിസ്കരിക്കാൻ തുടങ്ങി. ഇതു കണ്ട ഉമർ(റ) അദ്ദേഹത്തോട് ചോദിച്ചു: "എവിടെ നിന്നാണ് നിങ്ങൾ വരുന്നത്?" "യമനിൽ നിന്ന്"-ഖൗലാനി(റ) പറഞ്ഞു:

അസ്‌വദുൽ അൻസി ഒരു മുസ്‌ലിമിനെ തീയിലിട്ടെന്നും അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് അദ്ദേഹത്തെ രക്ഷപ്പെടുത്തിയെന്നുമുള്ള വാർത്ത മദീനയിലും പ്രചരിച്ചിരുന്നു. ഇതറിഞ്ഞ ഉമർ(റ) ചോദിച്ചു: "അല്ലാഹുവിന്റെ ശത്രു(അൻസീ) തീയിലിടുകയും അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്ത നമ്മുടെ ആ സുഹൃത്തിന്റെ കഥ എന്തായി?"

"ആ കാര്യം അബ്ദുല്ലാഹിബ്നു സൗബിനാണു ഉണ്ടായത്"-അബൂ മുസ്‌ലിം മറുപടി നൽകി. അബ്ദുല്ലാഹിബ്നു സൗബ് അബൂ മുസ്‌ലിമിന്റെ തന്നെ പേരായിരുന്നു.

ഉമർ: "സത്യം ചെയ്ത് പറയൂ, അദ്ദേഹം നിങ്ങളാണോ?"

അബൂ മുസ്‌ലിം: "അതെ, ഞാൻ തന്നെയാണ്, അദ്ദേഹം."

മറുപടി കേട്ട് ഉമർ(റ) അദ്ദേഹത്തിന്റെ നെറ്റിത്തടം ചുംബിച്ച് അബൂബക്ർ(റ)ന്റെ അടുക്കൽ കൊണ്ടുപോ


ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ", സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ്ഞാ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്തു വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബുധ വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** യൂനാനി സെന്റർ (Regd.), പഴയ ബസ്സ്സ്റ്റാന്റ് ബിൽഡിങ് റൂം 59, 2ാം നില, പെരിന്തൽമണ്ണ. Ph: 04933 227984, 9847103628

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.V.M** ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239639

യി പറഞ്ഞു: "ഇബ്‌റാഹീം നബി(അ)യെ പോലെ പരീക്ഷിക്കപ്പെട്ട നമ്മുടെ സമുദായത്തിലെ ഒരാളെ കണ്ട് മരിക്കാൻ എനിക്ക് ഭാഗ്യം തന്ന അല്ലാഹുവിന് നന്ദി."

മുആവിയ്യ(റ)യുടെ ഭരണകാലം വരെ ഖൗലാനി(റ) ജീവിച്ചിട്ടുണ്ട്. മുആവിയ്യ(റ) അദ്ദേഹത്തെ ബഹുമാനത്തോടെ കണ്ടിരുന്നു. ഖൗലാനി(റ) ഖലീഫയെ ഉപദേശിക്കുകയും ഖലീഫ അത് സ്വീകരിക്കുകയും പതിവായിരുന്നു. ഒരിക്കൽ മുആവിയ്യയുടെ കാലത്ത് സർക്കാർ ജീവനക്കാർക്ക് മൂന്നു മാസത്തോളം ശമ്പളം കിട്ടാതായി. ആ സാഹചര്യത്തിൽ ഒരു പ്രഭാഷണത്തിനു വേണ്ടി ഖലീഫ എഴുന്നേറ്റ് നിന്നപ്പോൾ അബൂമുസ്‌ലിം പറഞ്ഞു:

"മുആവിയ്യാ, ഈ പണം നിന്റേതോ നിന്റെ പിതാവിന്റെതോ നിന്റെ മാതാവിന്റേതോ അല്ല."

മുആവിയ്യ(റ) ജനങ്ങളോട് ശാന്തമാകാൻ പറഞ്ഞു. അകത്തു പോയി സ്നാനം ചെയ്തു കുറച്ചു കഴിഞ്ഞ് വന്നു പറഞ്ഞു: "ജനങ്ങളെ, ഈ പണം എന്റേതോ എന്റെ പിതാവിന്റേതോ എന്റെ ഉമ്മയുടേതോ അല്ലെന്ന് അബൂ മുസ്‌ലിം പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. കോപം പൈശാചികമാണ്. പിശാച് തീ കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടത്. വെള്ളം തീയെ കെടുത്തുകയും. അതിനാൽ ആർക്കെങ്കിലും കോപം വന്നാൽ അവൻ പോയി കുളിക്കട്ടെ. ഇനി നിങ്ങളോരോരുത്തരും തങ്ങളുടെ ശമ്പളം വന്നു പറ്റുക. അല്ലാഹു ഐശ്വര്യം നൽകട്ടെ."

(ഹിൽയതുൽ ഔലിയാഅ്, അബൂനഈം 120-130/2)

## ഇബ്നു ഖുതൈബ

ഖാസി ബകാറുബ്നു ഖുതൈബ(റ) ഈജിപ്തിലെ പ്രസിദ്ധ ഹദീസ് കർമ്മശാസ്ത്ര പണ്ഡിതനായിരുന്നു. ഇമാം ത്വഹാവിയുടെ ഗുരുവാണ് അദ്ദേഹം. ശറഹുമആനിൽ ആസാർ എന്ന ഗ്രന്ഥത്തിൽ തന്റെ പരമ്പര സഹിതം ധാരാളം ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തന്റെ കാലത്ത് അഹമ്മദ് ഇബ്നു തോലോനാണ് ഈജിപ്തിന്റെ ഭരണാധികാരി. അദ്ദേഹം ഖാസി ബകാറിന്റെ അടുക്കൽ ഹദീസ് പറിക്കാൻ സ്വയം എത്തുമായിരുന്നു. തന്റെ പരിചയക്കാരൻ ആദ്യം വന്ന് സദസ്യരോട് എഴുന്നേൽക്കാതെ അവിടെ തന്നെ ഇരിക്കാൻ പറയും. എന്നിട്ട് ഇബ്നു തോലോൻ പതുക്കെ വന്നു മറ്റു കുട്ടികളോടൊപ്പം ഇരുന്ന് ഹദീസ് പഠിക്കും. കുറെ കാലം ഖാസിയുടെയും ഇബ്നു തോലോന്റെയും തമ്മിലുള്ള ബന്ധം സുദൃഢമായി നിലനിന്നു. ആ സമയത്ത് ഇബ്നു തോലോൻ ഖാസിക്ക് ശമ്പളം കൂടാതെ തന്റെ സേവനത്തിന് വർഷം തോറും ആയിരം ദീനാർ സമ്മാനം നൽകിയിരുന്നു.

**തന്റെ അയൽപക്കത്ത് ആരെങ്കിലും രോഗിയായാൽ അവരുടെ ചികിത്സാ ചെലവ് വഹിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. അല്ലാഹു തനിക്ക് അത്തരം രോഗങ്ങൾ തരാതെ തന്നോട് ഗുണം ചെയ്തു എന്നതിനാൽ അതിനു കൃതജ്ഞതയായി പ്രസ്തുത തുക ധർമ്മമായി നൽകുന്നുവെന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം.**

ഒരു രാഷ്ട്രീയ കാര്യത്തിൽ യാദൃച്ഛികമായി അവർ പിണങ്ങി. താൻ നിയമിച്ച ഗവർണർമാരെ ഒഴിവാക്കി പകരം വേറെ ചിലരെ നിയമിക്കണമെന്നും അത് ഖാസി ശരിവെക്കണമെന്നുമായിരുന്നു ഇബ്നുതോലോന്റെ ആവശ്യം. പക്ഷേ, ഖാസിക്ക് ഇത് ഉചിതമായി തോന്നിയില്ല. അതു കൊണ്ട് അദ്ദേഹം ഈ ആവശ്യം തള്ളി. അവർ തമ്മിലുള്ള ബന്ധങ്ങൾ ഉലഞ്ഞു. ഖാസിയെ ഇബ്നുതോലോൻ ജയിലിലടച്ചു. സമ്മാനമായി മുമ്പ് നൽകിയ ദീനാറുകൾ തിരിച്ചു നൽകാൻ കൽപിച്ചു.

ഈ സമ്മാനം പതിനെട്ട് വർഷം വരെ നൽകിപ്പോന്നിരുന്നു. അതിനാൽ 1800 ദീനാർ ഉടനെ തിരിച്ചേൽപ്പിക്കണമെന്നായിരുന്നു ഇബ്നു തോലോൻ ആവശ്യപ്പെട്ടത്. ഖാസിക്ക് ഇത്ര തുക തിരിച്ചുതരാൻ കഴിയില്ലെന്നാണ് ഇബ്നു തോലോൻ ചിന്തിച്ചത്. വിവരമറിഞ്ഞ ഉടനെ ഖാസി യാതൊരു വൈമനസ്യവും കൂടാതെ വീട്ടിൽ പോയി പതിനെട്ട് സഞ്ചികൾ എടുത്തുവന്നു. ഓരോന്നിലും 1000 ദീനാർ വീതമായിരുന്നു. അദ്ദേഹം അത് ഇബ്നു തോലോന് കൊടുത്തയച്ചു. അദ്ദേഹം അത് കൈപ്പറ്റിയപ്പോൾ താൻ മുമ്പ് നൽകിയ അതേ സഞ്ചി സീൽ പൊട്ടിക്കാതെ തന്നെയാണ് കൊടുത്തയച്ചതെന്ന് മനസ്സിലായി. ഖാസി ഒന്നുപോലും ഉപയോഗിച്ചില്ലെന്നറിഞ്ഞപ്പോൾ ഇബ്നു തോലോൻ പരിഭ്രമിച്ചുപോയി. ഭരണാധികാരിയുടെ അപ്പോഴുള്ള സൗഹൃദം പിന്നീട് നിലനിന്നില്ലെങ്കിലോ എന്ന് ധരിച്ചായിരുന്നു ഖാസി അത് ഭദ്രമായി സൂക്ഷിച്ചിരുന്നത്. അങ്ങനെയെങ്കിൽ അദ്ദേഹം അവ തിരിച്ചു വാങ്ങാമെന്നും അദ്ദേഹം ശങ്കിച്ചു. ഖാസിയുടെ ഉന്നതമായ യുക്തിയും തന്ത്രവും സ്വയംപര്യാപ്തതയും ഓർത്ത് ഇബ്നു തോലോൻ ലജ്ജാപരവശനായി.(അന്നജൂമുസ്സാഹിറ, സുഹ്റവർദീ, 19/3)

## കള്ളനു വേണ്ടി പ്രാർത്ഥന

റബീഉബ്നു ഹുശൈം(റ) പ്രസിദ്ധ ഹദീസ് പണ്ഡിതനും വലിയ്യുമായിരുന്നു. ആരാധനയുടെയും പരിത്യാഗത്തിന്റെയും കാര്യത്തിൽ തനിക്കു തുല്യനായി ആരുമുണ്ടായിരുന്നില്ല. ഒരിക്കൽ തന്റെ കുതിരയെ കാണാതായി. കള്ളനു പ്രതികൂലമായി പ്രാർത്ഥിക്കാൻ അദ്ദേഹത്തോട് ജനങ്ങൾ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: "ഇല്ല! അവൻ സമ്പന്നനാണെങ്കിൽ അല്ലാഹു അയാളുടെ ഹൃദയം നന്നാക്കട്ടെ. അല്ലെങ്കിൽ അവനു ക്ഷേമം നൽകട്ടെ എന്നേ ഞാൻ പ്രാർത്ഥിക്കുന്നുള്ളൂ." (ഹിക്‌യത്തുൽ ഔലിയാഅ്, പേജ് 111/2)

## ഒരു തത്വചിന്ത

മുഥർറഫ്ബ്നു അബ്ദുല്ല ബ്നു ശഗീർ പറയുന്നു: രാത്രി മുഴുവൻ ആരാധനയിൽ കഴിഞ്ഞ് രാവിലെ അതിന്റെ പേരിൽ അത്ഭുതപ്പെട്ടിരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം രാത്രി മുഴുവൻ ആരാധനയിലല്ലാതെ ഉറങ്ങിക്കഴിയുന്നതാണ്."

"അന്ത്യനാളിൽ നീ എന്തിനാണ് ആ കാര്യം ചെയ്തതെന്ന് എന്റെ യജമാനൻ എന്നോട് ചോദിക്കുന്നതിനേക്കാൾ എനിക്ക് തൃപ്തികരമായത് എന്തു കൊണ്ട് നീയക്കാര്യം ചെയ്തില്ല എന്നു ചോദിക്കുന്നതാണ്."(അതേ ഗ്രന്ഥം: പേജ് 200 വാ: 2)



അകത്തെ വായനക്ക്

ബഷീർ കാട്ടുമുണ്ട

# ടോയ്‌ലെറ്റ് ലിറ്ററേച്ചർ

**പ**ത്താം ക്ലാസിൽ ഞങ്ങളുടെ മലയാളം മാഷ് ഇടക്കിടെ പറയുമായിരുന്നു നമ്മുടെ സംസ്കാരം മനസ്സിലാവണമെങ്കിൽ ബസ് വെയ്റ്റിംഗ് ഷെഡും പബ്ലിക് ടോയ്‌ലെറ്റുകളും നോക്കിയാൽ മതി എന്ന്. അത് സത്യവുമല്ലേ?... ഒരു നാടിന്റെ സാംസ്കാരിക പരിഛേദം തന്നെയാണവ.

ഇന്നു നമ്മുടെ പബ്ലിക് ടോയ്‌ലെറ്റുകളുടെ അവസ്ഥയെന്താണ്?

സാഹിത്യ രചനകളുടെ നിരയാണ് ചുവരുകളിൽ. മുറുക്കിത്തുപ്പിയത്, സിഗരറ്റ്-ബീഡി കുറ്റികൾ, പാൻ കവറുകൾ, ഗർഭനിരോധന ഉറകൾ എന്നുവേണ്ട എല്ലാതരം ഹീനമായ അവശിഷ്ടങ്ങളും കൊണ്ട് അവിടം അലങ്കരിച്ചിട്ടുണ്ടാവും.

ബയോളജി പരീക്ഷക്ക് സ്ഥിരം വരുന്ന ഒരു ചോദ്യമുണ്ട്. “മനുഷ്യന്റെ വൃക്കയുടെ ഛേദം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുക” എന്ന്. അതുപോലെ മിക്ക പബ്ലിക് ടോയ്‌ലെറ്റുകളിലും മനുഷ്യശരീരത്തിന്റെ സ്വകാര്യ പ്രദേശങ്ങൾ മനോഹരമായി വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തിവച്ചിട്ടുണ്ടാവും.

ട്രെയ്നുകളിലെ ടോയ്‌ലെറ്റുകളാണെങ്കിൽ ഇത് ഒന്നുകൂടി ആകർഷകമായി അവതരിപ്പിച്ചിട്ടുണ്ടാവും. ഭാഗങ്ങൾ അടയാളപ്പെടുത്തി അതിന്റെ ധർമ്മങ്ങൾ കൂടി എഴുതിവെച്ചിട്ടുണ്ടാവും. ചില ഭാഗങ്ങൾക്ക് നാം കേൾക്കാത്ത പേരുകൾ നൽകി പരിചയപ്പെടുത്തും. വായനക്കാരുടെ പദസമ്പത്ത് വർധിപ്പിക്കാൻ ഇത്തരം രചനകൾ പ്രയോജനപ്പെടും. മിക്കവാറും രചനകളുടെ കൂടെ ഫോൺ നമ്പറും ഉണ്ടാവും. വിളിച്ചാൽ സംശയം ദൂരീകരിക്കാമെന്നു മാത്രമല്ല, പ്രായോഗിക പരിജ്ഞാനത്തിനും അവസരം ലഭി

ക്കും. ചിലർ അവർക്ക് വരയ്ക്കാന റിയുന്ന ചിത്രങ്ങളും പുതിയ സാഹിത്യ രചനകളും മേൽചുവരുകൾക്ക് സംഭാവന ചെയ്യും. അണ്ണാൻ കുഞ്ഞിന് തന്നാലായത്...! അതു വേണം താനും. സാഹിത്യകേരളം വളരട്ടെ! ചിലയിടത്ത് രണ്ടോ, മൂന്നോ ഭാഷകളിലായി കോറിയിട്ടുണ്ടാവും. ഈ സാഹിത്യകാരന്മാരുടെ രചനകൾക്ക് മികച്ച പരിഭാഷകർ ആവശ്യമാണെന്നു മാത്രം.

കുട്ടികളിൽ തന്നെ ടോയ്‌ലെറ്റ് ലിറ്ററേച്ചർ വ്യാപകമാണ്. സ്കൂൾ ടോയ്‌ലെറ്റുകൾ ഇതിനൊരുദാഹരണമാണ്. ഹൈസ്കൂളുകളിൽ നിന്നാണ് ഇതിന്റെ ഉദ്ഭവം. ഇത് അവരുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളെയും സ്വാധീനിക്കുന്നു. പിന്നീട് ഇതൊരു വൈകൃതമായി രൂപാന്തരം പ്രാപിക്കും. രതിക്രീഡകളുടെ ചിത്രങ്ങളും വിശകലനങ്ങളും കോറിയിടുന്ന ഒരാൾക്ക് അത് തികച്ചും ഒരു മാനസിക രോഗം തന്നെയാണ്. അതെഴുതി മറ്റുള്ളവർ വായിക്കുന്നതോർത്താൽ അയാൾക്ക് ലഭിക്കുന്ന സംതൃപ്തി രതിമൂർഛയേക്കാളും വലുതായിരിക്കും. അയാൾ നല്ല രചയിതാവായി മാറുകയും ചെയ്യും.

മറ്റുചില മാനസിക രോഗികൾ ഇത് മാർക്കറ്റിംഗ് തന്ത്രമായും ഉപയോഗപ്പെടുത്തുന്നുണ്ട്. നമ്പർ എഴുതിയിടും. ഏതു തരം ലൈംഗികതയിലാണ് താൽപര്യമെന്നും നമ്പറിന് താഴെ സൂചിപ്പിച്ചിട്ടുണ്ടാവും. ട്രെയ്നിലെ ടോയ്‌ലെറ്റിൽ കണ്ട ഒരു വാചകം നോക്കൂ :"എന്റെ വീട്ടിൽ വന്നാൽ മതി, ഭാര്യയെ നൽകാം. പകരം എനിക്ക് നിങ്ങളെ തന്നാൽ മതി, ഈ നമ്പറിൽ വിളിക്കുക."

ഈ ടോയ്‌ലെറ്റ് ലിറ്ററേച്ചറിലേക്ക് എത്തിപ്പെടുന്നതിന്റെ മാനസികവശമാണ് നാം ചിന്തിക്കേണ്ടത്. ഒരുതരം താളം തെറ്റൽ തന്നെയാണിത്. സാധാരണ പുരുഷന്റെയും സ്ത്രീയുടെയും ചിന്തകളിൽ നിന്ന് അൽപം അകൽച്ച, ചിത്രകാരന്റെയോ എഴുത്തുകാരന്റെയോ ഭാവനകളിൽനിന്ന് ചെറിയൊരു മാറിനടത്തം. ഇത്തരം ആളുകൾക്ക് ശരിയായ ചികിത്സ എന്നത് ശ്രമകരമാണ്. മനഃശാസ്ത്രപരമായ ചില

**ട്രെയ്നുകളിലെ ടോയ്‌ലെറ്റുകളാണെങ്കിൽ ഇത് ഒന്നുകൂടി ആകർഷകമായി അവതരിപ്പിച്ചിട്ടുണ്ടാവും. ഭാഗങ്ങൾ അടയാളപ്പെടുത്തി അതിന്റെ ധർമ്മങ്ങൾ കൂടി എഴുതിവെച്ചിട്ടുണ്ടാവും. ചില ഭാഗങ്ങൾക്ക് നാം കേൾക്കാത്ത പേരുകൾ നൽകി പരിചയപ്പെടുത്തും. വായനക്കാരുടെ പദസമ്പത്ത് വർധിപ്പിക്കാൻ ഇത്തരം രചനകൾ പ്രയോജനപ്പെടും. മിക്കവാറും രചനകളുടെ കൂടെ ഫോൺ നമ്പറും ഉണ്ടാവും. വിളിച്ചാൽ സംശയം ദൂരീകരിക്കാമെന്നു മാത്രമല്ല, പ്രായോഗിക പരിജ്ഞാനത്തിനും അവസരം ലഭിക്കും.**




ചികിത്സാഘട്ടങ്ങൾക്ക് ഇവരെ വിധേയരാക്കേണ്ടിവരും.

ഈ സാഹിത്യരചനക്കൊരു പരിഹാരം കാണുക അൽപം ശ്രമകരമാണ്. വരച്ചു കണ്ടാൽ മുകളിൽ വെള്ളപൂഷി അത് മായ്ച്ച് മാനം കാക്കാം. കയ്യോടെ പിടികൂടിയാൽ നാല് പൊട്ടിക്കാം. അല്ലാതെ ഇതിനൊരു മുദ്രാവാക്യം വിളിക്കാൻ ഇറങ്ങിയിട്ട് കാര്യമില്ലല്ലോ... കുഞ്ഞായിരിക്കുമ്പോഴേ രക്ഷിതാക്കളുടെ സ്നേഹം കിട്ടി മാതൃകാപരമായി മൂല്യബോധത്തോടെ വളർന്ന ഒരു കുഞ്ഞിന് ഇത്തരം വൈകൃതങ്ങളിലേക്ക് തിരിയാൻ കഴിയില്ല.

സ്വന്തം മക്കളുടെ കൂട്ടുകെട്ടുകൾ ആരോടുകൂടെയാണെന്നും സ്വന്തം മക്കളുടെ അഭിരുചികൾ എന്തൊക്കെയാണെന്നും ദൗർബല്യങ്ങളും കഴിവുകളും ഏതൊക്കെയാണെന്നും ഏതൊരു രക്ഷിതാവിനും നിഷ്പ്രയാസം തിരിച്ചറിയാനും പ്രശ്നബാധിതമെങ്കിൽ ചികിത്സിക്കാനും കഴിയും. നാട്ടുകാരുടെ ചികിത്സക്ക് പാത്രമാകാതെ നാമും നമ്മുടെ മക്കളും സഹോദരങ്ങളും മാറുക. സ്വയം ചികിത്സിക്കുക.

പൊതുസ്ഥലത്ത് പുകവലി നിരോധിച്ചതു പോലെ, പൊതു ടോയ്‌ലെറ്റുകൾ ദുരുപയോഗം ചെയ്യുന്നതും നിരോധിക്കാം. പക്ഷേ, ആർക്കുമത് നോക്കിനിന്ന് കുറ്റവാളികളെ പിടിക്കാനൊന്നും കഴിയില്ല. എന്നാൽ കുറച്ചൊക്കെ മാറ്റം കണ്ടേക്കാം. പിടിക്കപ്പെടുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും നാലാളറിയും വിധം ശിക്ഷിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. എന്നാൽ, ആ ശിക്ഷയേറ്റു വാങ്ങുന്നവന്റെ മനോനില കണ്ടില്ലെന്ന് നടിക്കുകയുമരുത്.

പിന്നെ, മറ്റൊരു മാർഗമുള്ളത്, എല്ലായിടങ്ങളിലും സ്ത്രീകൾക്ക് വേറെ ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുക. എന്നാൽ പിന്നെ അത് പുരുഷൻമാർ മാത്രം സഹിച്ചാൽ മതിയല്ലോ.

തൽക്കാലം പുരുഷൻമാർ മാത്രം ആസ്വദിച്ചാലും മതി. സ്ത്രീകളുടെ ടോയ്‌ലെറ്റിൽ അവർ തന്നെ എഴുതട്ടെ! ടോയ്‌ലെറ്റ് ലിറ്ററേച്ചറിലും വേണ്ടേ ഒരു 'പെണ്ണെഴുത്ത്?'

തിരുമൊഴി

ജലീൽ ഫൈസി പുല്ലങ്കോട്



# അമിതമാവാതെ

അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നു: "അല്ലാഹുവിന്റെ ദൂതൻ എന്റെ അടുത്തേക്ക് വന്നു. എന്നോട് ചോദിച്ചു: താങ്കൾ രാത്രി മുഴുവൻ നിസ്കാരത്തിലേർപെടുന്നുവെന്നും എല്ലാ ദിവസവും നോമ്പ് അനുഷ്ഠിക്കുന്നുവെന്നും കേട്ടുവല്ലോ! ശരിയാണോ? "അതെ"-ഞാൻ പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: "എന്നാൽ അങ്ങനെ ചെയ്യരുത്. (രാത്രിയിൽ) നിസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുക. നോമ്പെടുക്കുകയും നോമ്പ് ഒഴിവാക്കുകയും ചെയ്യുക. ശരീരത്തോട് താങ്കൾക്ക് ബാധ്യതയുണ്ട്. കണ്ണിനോടും ബാധ്യതയുണ്ട്. അതിഥിയോടും ബാധ്യതയുണ്ട്. ഭാര്യയോടും ബാധ്യതയുണ്ട്."(ബുഖാരി, മുസ്ലിം)

ഐഹിക ജീവിതത്തിന്റെ എല്ലാ തരം കെട്ടുപാടുകളിൽ നിന്നും അകലം നിന്ന് ഇബാദത്തിൽ മാത്രം നിരതനായിരുന്ന തന്റെ ശിഷ്യൻ അബ്ദുല്ലാഹിബ്നു അംറി(റ)നെ നബി തിരുമേനി ഉപദേശിക്കുകയാണ്. ഈ ഉപദേശം പരിശുദ്ധ ഇസ്ലാമിനെ കുറിച്ചുള്ള വലിയൊരു തെറ്റിദ്ധാരണയാണ് നീക്കുന്നത്. ഇഹലോക ബന്ധങ്ങളോട് പരിപൂർണ്ണ രാജിയായി നിസ്കാരം, വ്രതം എന്നിങ്ങനെയുള്ള ആരാധനാകർമ്മങ്ങളിൽ മുഴുകി ജീവിക്കുന്നത് മാത്രമാണ് ഇസ്ലാമിക ജീവിതം എന്ന ധാരണയാണ് പ്രവാചക തിരുമേനി ഇവിടെ തിരുത്തുന്നത്.

പട്ടിണികിടന്നും ഉറക്കമൊഴിച്ചും ശരീരത്തെ പീഡിപ്പിക്കുന്നതു ഇസ്ലാമിന്റെ വഴിയല്ല എന്ന് തിരുവചനം പഠിപ്പിക്കുന്നു. ഐഹിക

ജീവിതം മനുഷ്യനെ സംബന്ധിച്ചിടത്തോളം ബാധ്യതകൾ നിറഞ്ഞതാണ്. സ്രഷ്ടാവിനോടുള്ള പോലെ സൃഷ്ടികളോടും ബാധ്യതകളുണ്ട്. എല്ലാതരം കടമകളും സ്രഷ്ടാവായ അല്ലാഹു നിർദേശിച്ചത് തന്നെ. അതിനാൽ അവ നിറവേറ്റുന്നതും സ്രഷ്ടാവിനെ അനുസരിക്കലും അവന് കീഴ്പ്പെടലുമാണ്. അപ്പോൾ എല്ലാം ഇബാദത്തിന്റെ പരിധിയിൽ വരുന്നു. കുറെ കടമകൾ അന്യം നിർത്തി ചിലത് മാത്രം നിറവേറ്റുന്നത് ഒരിക്കലും സമ്പൂർണമാവുകയില്ല.

സ്വന്തം ശരീരത്തോട് ബാധ്യതയുണ്ട്. പട്ടിണികിടന്നും ഉറക്കമൊഴിച്ചും ശാരീരിക ആരോഗ്യത്തിന് ഭംഗം വരുത്താൻ പാടില്ല. സ്വയം നാശത്തിലേക്ക് ചെന്ന് ചാടരുതെന്ന് വിശുദ്ധ ഖുർആൻ കൽപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നിർദേശം പാലിച്ച് ജീവിതം ആസ്വദിക്കാനും ഇബാദത്ത് ചെയ്യാനും ശരീരത്തിന് ആരോഗ്യം വേണം. നിർബന്ധമല്ലാത്ത കർമ്മങ്ങളിലേർപ്പെട്ട് അത് നശിപ്പിച്ച് കളയുന്നത് അപകടം വിളിച്ചുവരുത്തലായിരിക്കും. നിന്റെ ശരീരത്തോട് ബാധ്യതയുണ്ട് എന്ന് പറഞ്ഞ ശേഷം കണ്ണിനോടും ബാധ്യതയുണ്ട് എന്ന് നബി(സ) പ്രത്യേകം പറഞ്ഞത് മനുഷ്യന് അല്ലാഹു നൽകിയ കാഴ്ചാ ശക്തിയുടെ പ്രാധാന്യത്തെ അനാവരണം ചെയ്യുന്നു.

സാമൂഹിക ജീവിതത്തിലെ കടപ്പാടുകളിൽ അതിഥികളെ കുറിച്ച് പ്രത്യേകം എടുത്തുപറഞ്ഞു. ആതിഥ്യമര്യാദകളിൽ എല്ലാ സമൂഹങ്ങളുടേതിൽ നിന്ന് തീർത്തും വ്യത്യസ്തവും മാതൃകാപരവുമാണ് ഇസ്‌ലാം പഠിപ്പിച്ച മര്യാദകൾ. അതിഥി സൽക്കാരത്തിന് വളരെ പ്രാധാന്യം കൽപ്പിക്കുന്നു ഇസ്‌ലാം. അതിഥിയുടെ പേര്, നാട്, വന്ന ഉദ്ദേശ്യം ഇവയൊന്നും അന്വേഷിക്കാതെ മൂന്നു ദിവസം യഥോചിതം സൽക്കരിച്ച് പിന്നീടാണ് നബി(സ)യുടെ അനുയായികൾ അത്തരം കാര്യങ്ങൾ ചോദിച്ചറിഞ്ഞിരുന്നത്. മൂന്നു ദിവസം സൽക്കാരം ലഭിക്കേണ്ടത് അതിഥിയുടെ അവകാശമാണെന്ന് നബി(സ) പഠിപ്പിച്ചത് കൊണ്ടാണ് അവർ അങ്ങനെ ചെയ്തിരുന്നത്.

**സ്വന്തം ശരീരത്തോട് ബാധ്യതയുണ്ട്. പട്ടിണികിടന്നും ഉറക്കമൊഴിച്ചും ശാരീരിക ആരോഗ്യത്തിന് ഭംഗം വരുത്താൻ പാടില്ല. സ്വയം നാശത്തിലേക്ക് ചെന്ന് ചാടരുതെന്ന് വിശുദ്ധ ഖുർആൻ കൽപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നിർദേശം പാലിച്ച് ജീവിതം ആസ്വദിക്കാനും ഇബാദത്ത് ചെയ്യാനും ശരീരത്തിന് ആരോഗ്യം വേണം. നിർബന്ധമല്ലാത്ത കർമ്മങ്ങളിലേർപ്പെട്ട് അത് നശിപ്പിച്ച് കളയുന്നത് അപകടം വിളിച്ചുവരുത്തലായിരിക്കും.**

ഭാര്യയോടും ബാധ്യതയുണ്ടെന്ന് പ്രവാചകൻ ഉപദേശിച്ചു. ഇത്തരം കടമകളെല്ലാം ഉപേക്ഷിച്ച് ധ്യാനനിരതനായി കഴിയുന്ന സമ്പ്രദായം ഒരിക്കലും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. വിവിധോന്മുഖങ്ങളായ ജീവിത വീഥിയിൽ സാധ്യവും ആവശ്യവുമായ കാര്യങ്ങളിൽ ഇസ്‌ലാമിക നിർദേശങ്ങൾ പാലിച്ച് മുന്നോട്ടു നീങ്ങണം.

നബി തിരുമേനി(സ)യാണല്ലോ മനുഷ്യരിൽ അല്ലാഹുവിനോട് ഏറ്റവും അടുത്ത വ്യക്തി. അല്ലാഹുവിന്റെ സാമീപ്യത്തിനും പ്രിയം കരസ്ഥമാക്കാനും തിരുമേനി(സ) ഐഹിക ജീവിതത്തോട് വിരക്തി കാണിച്ചിട്ടില്ല. വലിയ ഇബാദത്തുകാരോട് നബി(സ) അത് തുറന്നുപറഞ്ഞതായും ഹദീസിൽ വന്നിട്ടുണ്ട്. ഒരിക്കൽ മൂന്നാളുകൾ പ്രവാചക പത്നിമാരുടെ വീട്ടിൽ വന്നു. നബി(സ)യുടെ ഇബാദത്തിനെ കുറിച്ച് ചോദിച്ചറിയുകയായിരുന്നു അവരുടെ ഉദ്ദേശ്യം. വിവരങ്ങളറിഞ്ഞപ്പോൾ വളരെ കുറഞ്ഞ ഇബാദത്താണ് നബി(സ) നിർവഹിക്കാറുള്ളതെന്ന് അവർക്ക് തോന്നി. അവർ പറഞ്ഞു: നബി(സ)യെ അപേക്ഷിച്ച് നമ്മളെവിടെ കിടക്കുന്നു? നബി തിരുമേനി(സ) എല്ലാ പാപങ്ങളും പൊറുക്കപ്പെട്ട വ്യക്തിയല്ലേ? ശേഷം കൂട്ടത്തിലൊരാൾ പറഞ്ഞു: ഞാൻ ഇനി മുതൽ രാത്രി മുഴുവൻ നിസ്കാരത്തിലേർപ്പെടും." രണ്ടാമൻ പറഞ്ഞു: ഞാനിനി പകൽ മുഴുവൻ വ്രതമനുഷ്ഠിക്കും. മൂന്നാമത്തെയാൾ പറഞ്ഞത് "ഞാൻ സ്ത്രീകളെ വിട്ട് അകന്ന് നിൽക്കും. വിവാഹം കഴിക്കുകയേയില്ല" എന്നായിരുന്നു.

ഈ വിവരം അറിഞ്ഞ നബി തിരുമേനി(സ) അവരോട് ചോദിച്ചു: "നിങ്ങൾ ഇങ്ങനെയൊക്കെ പറഞ്ഞുവോ? എന്നാൽ നിങ്ങളറിയുക. അല്ലാഹു തന്നെ സത്യം! നിങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്ന വ്യക്തിയാണ് ഞാൻ. ഞാൻ നോമ്പെടുക്കുകയും ഒഴിവാക്കുകയും ചെയ്യും. രാത്രി കുറച്ച് സമയം നിസ്കരിക്കും. കുറച്ച് സമയം ഉറങ്ങും. ഞാൻ വിവാഹ ജീവിതം നയിക്കുകയും ചെയ്യും. എന്റെ ഈ ചര്യയെ ഒരാൾ വിട്ട് നിൽക്കുന്നുവെങ്കിൽ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനല്ല."(മുസ്‌ലിം)

അല്ലാഹു മനുഷ്യനു നൽകിയ ജീവിതരേഖയാണ് പരിശുദ്ധ ഇസ്‌ലാം. അത് മനുഷ്യനെ വിഷമിപ്പിക്കാനുള്ളതല്ല. ദീനിന്റെ കാര്യങ്ങളെ നാം കഠിനമാക്കിയാൽ അത് പിന്നീട് താങ്ങാനാവാത്ത വിധം ഭാരമായിത്തീരും. "അല്ലാഹു നിങ്ങൾക്ക് പ്രയാസമുണ്ടാക്കാനല്ല, സൗകര്യമുണ്ടാക്കാനാണുദ്ദേശിക്കുന്നത്" എന്ന ഖുർആൻ ആശയം ഇവിടെ സ്മരണീയമാണ്.

തന്റെ ശിഷ്യർക്ക് സംഭവിച്ച പിഴവ് കേട്ടറിഞ്ഞ പ്രവാചക തിരുമേനി(സ) ശിഷ്യരെ നേരിൽ ചെന്ന് കണ്ട് തെറ്റ് തിരുത്താൻ ഉപദേശിച്ച ഈ സംഭവം ഗുണകാംക്ഷിയായ ഒരു ഗുരുനാഥന്റെ മാതൃകാപരമായ സമീപനം എങ്ങനെയായിരിക്കണമെന്ന് സുതരാം സുവ്യക്തമാക്കുന്നുണ്ട്.

# സമസ്ത ഉലമാ സമ്മേളനം: വിളംബര കൺവൻഷൻ നടത്തി



*സമസ്ത ഉലമാ സമ്മേളനത്തിന്റെ വിളംബരം തിരുവനന്തപുരത്ത് പ്രൊ.കെ. ആലിക്കുട്ടി മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു.*

**തിരുവനന്തപുരം:** സമുദായത്തിന്റെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ മുഖ്യ കാർമ്മികത്വം വഹിക്കുന്നവരാണ് മത പണ്ഡിതന്മാരെന്ന് സമസ്ത സെക്രട്ടറി പ്രൊഫ. കെ.ആലിക്കുട്ടി മുസ്‌ലിയാർ പ്രസ്താവിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ അഞ്ച് കേന്ദ്രങ്ങളിലായി നടത്തുന്ന ഉലമാ സമ്മേളനത്തിന്റെ വിളംബരം തിരുവനന്തപുരം സമസ്ത ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമസ്ത വൈസ് പ്രസിഡന്റ് എം.ടി. അബ്ദുല്ല മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ, പി.പി ഉമർ മുസ്‌ലിയാർ, ഹാജി കെ.മമ്മദ് ഫൈസി, കെ.എ. റഹ്മാൻ ഫൈസി, നാസർ ഫൈസി കൂടത്തായി, എ.എം. മുഹ്‌യുദ്ദീൻ മുസ്‌ലിയാർ ആലുവ, അബ്ബാസ് സേഠ്, ബീമാപ്പള്ളി റഷീദ്, അബൂബക്കർ ഫൈസി കണിയാപുരം, സഈദ് മുസ്‌ലിയാർ വിഴിഞ്ഞം പ്രസംഗിച്ചു. പി.പി.മുഹമ്മദ് മൗലവി സ്വാഗതവും നസീർ ഖാൻ ഫൈസി നന്ദിയും പറഞ്ഞു.

# നീലഗിരി ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ നേതൃ സംഗമം

**ഗൂഡല്ലൂർ:** സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ നീലഗിരി ജില്ലാ കമ്മിറ്റി നേതൃസംഗമം നടത്തി. ഗൂഡല്ലൂർ യതീംഖാനയിൽ ചേർന്ന സംഗമം സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

നമ്മുടെ ആദർശം, പ്രബോധകൻ എന്നീ വിഷയങ്ങളിൽ അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, റഹ്മത്തുല്ല ഖാസിമി മൂത്തേടം എന്നിവർ ക്ലാസെടുത്തു. പൊതു പരീക്ഷയിൽ ജില്ലയിൽ ഉന്നത മാർക്ക് ലഭിച്ചവർക്കുള്ള ക്യാഷ് അവാർഡുകൾ കെ.പി.മുഹമ്മദ് ഹാജി വിതരണം ചെയ്തു. പി.കെ.എം. ബാഖവി, ബാവ ദാരിമി, സൈതലവി റഹ്മാനി, ഡോ.നാസർ ഹാജി, ബാപ്പു ഹാജി, പി.കെ.മുഹമ്മദ് ഹാജി, മൊയ്തീൻ ഫൈസി, അശ്ഫ് ഫൈസി, ഫൈസൽ ബാഖവി പ്രസംഗിച്ചു. ശരീഫ് ദാരിമി സ്വാഗതവും ജമാലുദ്ദീൻ മുസ്‌ലിയാർ നന്ദിയും പറഞ്ഞു.



*സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ നീലഗിരി ജില്ലാ കമ്മിറ്റി നേതൃസംഗമം സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു*

# ദീനീ തുടർ വിദ്യാഭ്യാസത്തിന് സമഗ്ര പദ്ധതി

**കോഴിക്കോട്:** സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കോഴിക്കോട് ജില്ലാ കമ്മിറ്റി യോഗം ചേലക്കാട് മുഹമ്മദ് മുസ്‌ലിയാരുടെ അധ്യക്ഷതയിൽ ചേർന്നു. മദ്രസ പഠനത്തിനു ശേഷം തുടർ മത പഠനത്തിന് കുട്ടികളെ സജ്ജരാക്കുന്നതിന് രക്ഷിതാക്കളെ ബോധവത്ക്കരിക്കുക, ഭൗതിക കലാലയങ്ങളോട് ചേർന്ന് ഹ്രസ്വമായ മതപഠന കോഴ്സുകൾ സ്ഥാപിക്കുക, സ്കൂൾ ഒഴിവ് ദിവസങ്ങളിൽ പള്ളി, മദ്റസകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് നടപ്പിലാക്കുക തുടങ്ങിയ വിവിധ പദ്ധതികൾക്ക് രൂപം നൽകി.

തുടർവിദ്യ്യാഭ്യാസ നടത്തിപ്പിനായി യു.കെ. ലത്തീഫ് മൗലവി ചെയർമാനും സലാം ഫൈസി മുക്കം കൺവീനറുമായി വിദ്യാഭ്യാസ ബോർഡ് രൂപീകരിച്ചു.

രഹസ്യമുസ്‌ലിം 'സർവ്വെയിലെ ദുരൂഹത നീക്കി മറക്ക് പിന്നിൽ പ്രവർത്തിച്ചവരെ പുറത്തുകൊണ്ടുവരണമെന്നു യോഗം ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു.

വാർത്ത

# ഒമ്പത് മദ്റസകൾക്ക് അംഗീകാരം നൽകി

**കോഴിക്കോട്:** സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് നിർവ്വാഹകസമിതി കോഴിക്കോട് സമസ്ത കോൺഫറൻസ് ഹാളിൽ വൈസ് പ്രസിഡണ്ട് ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി പി.കെ.പി. അബ്ദുസ്സലാം മുസ്ലിയാർ സ്വാഗതം പറഞ്ഞു.

ദിമ്പ്രി തർബിയ്യത്തുൽ ഇസ്ലാം മദ്റസ (കർണാടക), ആസാദ് നഗർ റൗളത്തുൽ ഉലൂം മദ്റസ, തെക്കിൽ-പള്ളിക്കര നൂറുൽഹുദാ മദ്റസ (കാസർഗോഡ്), പുലിമുക്ക് സിറാജുൽ ഉലൂം മദ്റസ (കണ്ണൂർ), കളമശ്ശേരി മിശ്കാത്തുൽ ഹുദാ മദ്റസ (എറണാകുളം), മുട്ടയ്ക്കാവ് സിറാജുൽ ഹുദാ മദ്റസ (കൊല്ലം), ഇടത്തറ മുഹ്യിദ്ദീൻ മദ്റസ (തിരുവനന്തപുരം), സെൽവ്വപുരം നോർത്ത് നൂറുൽ ഉലൂം സിദ്ധീഖിയ്യ മദ്റസ (കോയമ്പത്തൂർ), ഹയ്യ്അൽഖസാസ് സ്ട്രീറ്റ് അൽ മദ്റസത്തുന്നൂർ മദ്റസ (എസ്.എ.) എന്നീ ഒമ്പത് മദ്റസകൾക്ക് അംഗീകാരം നൽകി. ഇതോടെ സമസ്ത കേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡിന്റെ അംഗീകൃത മദ്റസകളുടെ എണ്ണം 9002 ആയി ഉയർന്നു.

സ്വാദിഖ് അലി ശിഹാബ് തങ്ങൾ പാണക്കാട്, പി.പി.ഇബ്രാഹീം മുസ്ലിയാർ പാറന്നൂർ, പ്രൊ.കെ. ആലിക്കുട്ടി മുസ്ലിയാർ, കോട്ടുമല ടി.എം.ബാപ്പു മുസ്ലിയാർ, ഡോ. എൻ.എ.എം.അബ്ദുൽഖാദിർ, എം.പി.എം.ഹസ്സൻശരീഫ് കുരിക്കൾ, ടി.കെ.പരീക്കുട്ടി ഹാജി, എം.സി.മായിൻ ഹാജി, ഹാജി. കെ.മമ്മദ് ഫൈസി, ഡോ.ബഹാഉദ്ദീൻ നദ്‌വി, എം.എ.ഖാസിം മുസ്ലിയാർ കാസർഗോഡ്, എം.കെ.എ. കുഞ്ഞിമുഹമ്മദ് മുസ്ലിയാർ തൃശൂർ, കെ.എം.അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം, എം.എം. മുഹിയദ്ദീൻ മൗലവി ആലുവ, കെ.ടി. ഹംസ മുസ്ലിയാർ വയനാട്, ഒ. അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ് ചർച്ചയിൽ പങ്കെടുത്തു. മാനേജർ പിണങ്ങോട് അബൂബക്കർ നന്ദി പറഞ്ഞു.

## അവാർഡ് ദാനം നടത്തി

**മേലാറ്റൂർ:** റെയ്ഞ്ചിൽ നിന്നും പൊതു പരീക്ഷക്ക് കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കും ക്ലാസ് ഉസ്താദുമാർക്കും അവാർഡ് നൽകി. മാനേജ്മെന്റ് പ്രസിഡന്റ് വി.കെ. മുഹമ്മദ് കുട്ടി ഫൈസി അവാർഡുകൾ വിതരണം ചെയ്തു. മുഫത്തിശ് കെ.അലി മുസ്ലിയാർ ചോക്കാട് അധ്യക്ഷത വഹിച്ചു. കെ.പി. ഹംസ സ്വാഗതവും ടി.എം. അബ്ദുറഹിമാൻ ഫൈസി നന്ദിയും പറഞ്ഞു.

# 'മലപ്പുറത്തെ ലഹരിമുക്ത ജില്ലയായി പ്രഖ്യാപിക്കുക' എസ്.വൈ.എസ്. നേതാക്കൾ കലക്ടറെ കണ്ടു

**മലപ്പുറം:** ജില്ലയെ സമ്പൂർണ ലഹരി വിമുക്ത ജില്ലയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് സുന്നി യുവജന സംഘം നേതാക്കൾ ജില്ലാ കലക്ടറെ കണ്ടു. സമൂഹത്തെ സർവ്വ നാശത്തിലേക്ക് നയിക്കുന്ന ലഹരി അധികൃതമായും അനധികൃതമായും സ്ഥാപിച്ചു വരുന്നത് തടഞ്ഞില്ലെങ്കിൽ മനുഷ്യത്വമന്നത് കേവലം സ്വപ്നമായി മാറുന്ന സാഹചര്യമാണ് വരാനിരിക്കുന്നതെന്ന യാഥാർത്ഥ്യം എല്ലാവരും സമ്മതിക്കുമ്പോൾ മദ്യം വ്യാപകവൽക്കരിക്കുന്നതിൽ സർക്കാർ കൂടുതൽ താൽപര്യമെടുക്കുന്നതിൽ എസ്.വൈ.എസ്. ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.



*മലപ്പുറം ജില്ലയെ സമ്പൂർണ ലഹരിവിമുക്ത ജില്ലയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് സുന്നി യുവജനസംഘം നേതാക്കൾ കല്കടർക്ക് നിവേദനം നൽകുന്നു*

കേരള സർക്കാറിന്റെ പുതിയ നയങ്ങളുടെ ഭാഗമായി യാതൊരു വ്യവസ്ഥകളും പാലിക്കാതെ പുതിയ മദ്യഷാപ്പുകൾ അനിയന്ത്രിതമായി അനുവദിക്കുന്നതിനെതിരെ സർക്കാർ കണ്ണു തുറക്കണമെന്ന് എസ്.വൈ.എസ്. ആവശ്യപ്പെട്ടു.

സമാധാനജീവിതം താറുമാറാക്കുന്നതിനും കുടുംബാന്തരീക്ഷം തകർക്കുന്നതിനും സാമൂഹ്യജീവിതം കലുഷിതമാക്കുന്നതിനും നിമിത്തമാവുന്ന മദ്യവും മറ്റു ലഹരിവസ്തുക്കളും സമ്പൂർണമായി നിരോധിച്ച് ജില്ലയെ ലഹരിവിമുക്ത ജില്ലയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ബഹുജനങ്ങൾ ഒപ്പിട്ട ഭീമഹർജി കലക്ടർക്ക് നൽകി. ഹാജി കെ.മമ്മദ് ഫൈസി, പി.പി.മുഹമ്മദ് ഫൈസി, കെ.എ. റഹ്മാൻ ഫൈസി, കാളാവ് സൈതലവി മുസ്ലിയാർ, ഹസൻ സഖാഫി പൂക്കോട്ടൂർ, പി.കെ.എ. ലത്തീഫ് ഫൈസി, ബശീർ മാസ്റ്റർ പനങ്ങാങ്ങര എന്നിവരടങ്ങുന്ന സംഘമാണ് കലക്ടറെ കണ്ട് നിവദേനം നൽകിയത്.

വിചാരപഥം

**പിണങ്ങോട്**

# പറയിപ്പിക്കുകയാണ്!

എത്ര വേണ്ടന്നുവച്ചാലും എഴുതിക്കാനായി ചില വാർത്തകൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്യും. സഹികെട്ട് ചൊറിഞ്ഞുവന്നാൽ പ്രതികരിക്കാതെ പറ്റില്ലല്ലോ?

കേരളം വെള്ളരിക്കാപട്ടണമല്ല, വകതിരിവുള്ളവർ പാർക്കുന്ന നാട്. നാലക്ഷരവും, നാലു പുത്തനും ഇല്ലാത്ത നാലാളെ കാണാൻ പാടാണിവിടെ. നാടൊട്ടുക്കും നാണക്കേടുണ്ടാക്കുന്നവർ ആരായാലും നന്നായി ഉപദേശിച്ചുകൊടുക്കാനെങ്കിലും നാവും പേനയും ഉപയോഗപ്പെടുത്തിയില്ലെങ്കിൽ പിന്നെന്ത് സാക്ഷരത, സാംസ്കാരികം?

പലജാതി പിരിവുകൾക്ക് പേരു കേട്ട നാടാണ് കേരളം. ടോൾപിരിവ് ആഗോള പ്രതിഭാസമായതുപോലെ സാർവ്വത്രികമായി. സർക്കാർ ആപ്പീസുകളിൽ നിലവിലുള്ള ശമ്പളത്തിനു പുറമെ കിത്ത, കിംബ്ലം, തട്ട് എന്ന പേരുകളിലും അപൂർവമായി പറയപ്പെടുന്ന അഴിമതി എന്ന പേരിലും സ്ഥിരം പിരിവുണ്ട്.

പട്ടാളത്തിലും പോലീസിലും എന്തിന് യുദ്ധങ്ങളിലും ഈ പിരിവ് നിലവിലുണ്ടത്രെ! കാർഗിൽ യുദ്ധത്തിൽ വെടിയേറ്റു മരിച്ച ധീരജവാന്മാർക്ക് വേണ്ടി വാങ്ങിയ 'ശവപ്പെട്ടി'യിൽ പിരിവ് കടന്നുകൂടിയത് ഞെട്ടലോടെയും ജാഗ്രതയോടെയുമാണ് ഓരോ ഇന്ത്യക്കാരനും വായിച്ചത്.

പള്ളിപ്പിരിവ്, പാവപ്പെട്ട പെൺകുട്ടികളെ കെട്ടിച്ചയക്കുന്നതിനുള്ള പിരിവ്, രോഗചികിത്സക്കുള്ള പിരിവ്- ഇങ്ങനെ നാനാവിധങ്ങളായ ന്യായമായ പിരിവുകളും നിലവിലുണ്ട്. ഇപ്പേരിലെല്ലാം ചില കള്ളപ്പിരിവ് വാർത്തകളും പിടികൂടലുകളും പിരിച്ചുവിടലുകളും പരസ്യങ്ങളും വരാറുണ്ട്. പിരിവിന് എരിവും പുളിയും ചേർത്ത് തലങ്ങും വിലങ്ങും നുണ ചേർത്തു പിരിക്കുന്നവരും പിരിക്കുന്നതിൽ വലിയ തുക സ്വയം എടുക്കുന്നവരും മുഴുവൻ മുക്കുന്നവരും ഉണ്ടത്രെ!

പിരിവ് ഒരു തൊഴിലായി, വ്യവസായമായി വളർച്ചപ്രാപിച്ചിരിക്കുന്നു. ചില നാടുകളിൽ പിരിവ് തന്നെ നിരോധിച്ചിരിക്കുകയാണ്. യാചന നിരോധിച്ച നാടുമുണ്ട്.

'ആന്ദ്രയിൽ വെള്ളപ്പൊക്കമാണ്, എല്ലാം നശിച്ചു, എന്തെങ്കിലും തരണേ' എന്നു പറഞ്ഞു വരുന്ന പിരിവൻമാരും ഉണ്ട്. എന്തു കിട്ടിയാലും ഇവർ വാങ്ങും. തഞ്ചവും തക്കവും നോക്കി പലതും കൊണ്ടുപോകും. ഇരുട്ടിയാൽ ഒരു കേന്ദ്രത്തിൽ ഒത്തുകൂടി നന്നായി 'മിനുങ്ങി' പിറ്റേ ദിവസം പിരിവ് തുടരും.

നോട്ടിരട്ടിപ്പ്, മണി ചെയിൻ, വ്യാജ സ്വർണവിൽപന, വ്യാജസിദ്ധന്മാർ, ചാത്തൻ സേവകന്മാർ അങ്ങനെ പല ജാതി പിരിവൻമാർ. എല്ലാവരും ലക്ഷ്യമിടുന്നത് നോട്ടുകൾ. ഇരകളാവുന്നതോ? അധികവും സാധുക്കൾ. നിധി കാണിച്ചു കൊടുക്കുന്നതിന് പണം പറ്റുന്നവർ, ശോഭനഭാവിക്ക് വേണ്ടി മുൻകൂറായി പണം കൊടുക്കുന്നവർ, പിന്നെ ലോട്ടറിക്കാർ, ചൂതാട്ടക്കാർ, വട്ടിപ്പലിശക്കാർ... നീളുന്ന വകഭേദങ്ങൾ.

പഴയകാലങ്ങളിൽ ഉണ്ടരതി എഴുതി ഭൂമി തട്ടിയിരുന്ന പ്രമാണിമാർ ഉണ്ടായിരുന്നുവത്രെ! ഇപ്പോഴാണെങ്കിൽ വ്യാജ പട്ടയം നിർമിച്ച് പാർട്ടി ഓഫീസ് പോലും ഉണ്ടാക്കാമെന്നായി. അതാരെങ്കിലും പിടിച്ചടക്കാൻ വന്നാൽ അത് പോലീസായാലും ഐ.എ.എസ്. ഉദ്യോഗസ്ഥരായാലും കൈവെട്ടുമെന്ന് പറയാൻ പോലും ചർമ്മസമ്പത്തുള്ള നേതാക്കളുമുണ്ടായി.

ഇതൽപ്പം കടന്ന പണിയും വാക്കുമാണെന്നു പറയാൻ ഒരാളും ഉണ്ടായില്ല. സാംസ്കാരികന്മാർക്ക് ഇയ്യിടെയായി വംശനാശം വന്നുകൊണ്ടിരിക്കുകയാണല്ലോ. പിരിവിനെ കുറിച്ചാണ് ഇത്രയും പറഞ്ഞുവന്നത്. 2010 ഡിസംബർ മാസം 14ന് 'സിറാജ്' പത്രത്തിൽ ഒരു വാർത്തയും ചിത്രവും വന്നിരുന്നു. അത് ഇപ്രകാരമാണ്: 'എല്ലാ ഡിവിഷനിൽ നിന്നും പിരിവെടുത്ത ...... അവാർഡ് നൽകി' എന്നാണ് സംഭ്രമജനകമായ വാർത്ത. ഒരുപക്ഷേ, സംഘടനാ പിരിവാകാം. അല്ലെങ്കിൽ റിലീഫോ മറ്റു പേരുകളിലോ ആവാം. എന്നാലും മികച്ച പിരിവിന് അവാർഡ് ഏർപ്പെടുത്തി ആദരിച്ചു എന്ന് പറയുമ്പോഴുള്ള ഒരു വിമ്മിട്ടം എന്തുകൊണ്ടോ പത്രത്തിനും വാർത്ത കൊടുത്തവർക്കും ഉണ്ടായില്ല. മികച്ച അന്താരാഷ്ട്ര പിരിവുകാരന് ഒരു അവാർഡ് ഏർപ്പെടുത്തിയാൽ തീർച്ചയായും ഒരു മത്സരം പോലും ഇല്ലാതെ തങ്ങളുടെ നേതാവിന് കിട്ടുമെന്ന് പത്രത്തിനും നടത്തിപ്പുകാർക്കും നല്ല ബോധ്യംകാണും.

പിരിക്കേണ്ടതിനു മാത്രം പിരിക്കുക, പിരിവിന് ന്യായീകരണം ഉണ്ടാവുക, കണക്ക് സൂക്ഷിക്കുക ആദിയായ രീതികൾ ഇപ്പോൾ അധികവും പാലിച്ചുകാണുന്നില്ല. കമ്മീഷൻ തുക കുത്തനെ കൂട്ടി 80 ശതമാനത്തിലെത്തിയത്രെ, പത്തു ലക്ഷം പിരിച്ചാൽ എട്ടു ലക്ഷവും പിരിവന് സ്വന്തം. 50 ലക്ഷത്തിന്റെ പള്ളി ഓഫർ ചെയ്താൽ 40 ശതമാനം അതായത് 20 ലക്ഷം രൂപ സ്വന്തമാക്കുന്ന നിർമാണന്മാർ കേരളത്തിൽ വിലസുന്നുണ്ട്.

വക മാറി പോലും ചെലവാക്കാതെ നൂറ് ശതമാനം വിശുദ്ധി കാത്തുസൂക്ഷിക്കുന്നവരുടെ കൈകളിൽ നിന്ന് ദീനീ നിയന്ത്രണം തട്ടിയെടുത്തു ഒരു പണിയുമെടുക്കാതെ സുഖമായി ആരാന്റെ പോക്കറ്റിലെ പണം കൊണ്ട് കഴിയുന്നവരുടെ എണ്ണം പെരുകുന്നു.

സംസ്ഥാനത്ത് സത്യസന്ധമായി നടക്കുന്ന മേഖല മതരംഗമായിരുന്നു. പള്ളി, മദ്റസ, അനാഥാലയങ്ങൾ, അറബിക് കോളേജുകൾ. എന്നാൽ അവിടെയും ചിലരൊക്കെ പിരിവിന്റെ സാധ്യതകൾ പരീക്ഷിച്ചു തുടങ്ങുകയാണ്. അല്ലാന്റെ ദീൻ നിലനിർത്താൻ 'തരികിട' ഒട്ടും വേണ്ടതില്ലെന്നിരിക്കെ അഥവാ തരികിട തീരെ പാടില്ലെന്നിരിക്കെ ദീനിന്റെ പേരിൽ നടത്തുന്ന അത്തരം പിരിവുകൾ എങ്ങനെയാണ് ന്യായീകരിക്കുക?!

കേരളം പലതിന്റെയും തലസ്ഥാനമാണ്-പ്രമേഹം, ഹൃദ്രോഗം; അതുപോലെ പിരിവിന്റെയും തലസ്ഥാനമാവുകയാണ്. തലങ്ങും വിലങ്ങും പിരിവ്. റോഡിൽ നാല് കുഴി ഉണ്ടായിക്കിട്ടിയാൽ അൽപം മണ്ണിട്ട് ആ വഴിയെ പോകുന്ന വാഹനങ്ങൾ കൈകാണിച്ച് പിരിക്കുന്നത് കാണാം. തെരഞ്ഞെടുപ്പായാൽ പിരിവ് സീസണായി. തോറ്റാലും ജയിച്ചാലും പിരിവ് തുടരും. എല്ലാ പിരിവും നന്നല്ല. നല്ല പിരിവ് തുടരേണ്ടതാണ്. പിരിവിന് അവാർഡ് നൽകുന്ന വാർത്ത അത്ര സുഖമുള്ളതായില്ലെന്നു തോന്നുന്നു.

pinangode@gmail.com